ശിരിദീപം



Vol.2 No. 6-9 FEB-MARCH 16nP.

★ പുൽപ്പള്ളി നവോദയ കലാവേദി ★

അവതരിപ്പിക്കുന്ന



ഭൂമിയിലെ മാലാഖ

ത്യാഗത്തിന്റെ ബലിവേദിയിൽനിന്നുകൊണ്ട് ദാമ്പത്യജീവിതത്തിൽ വിശ്വാസത്തിന്റേയും സ്നേഹത്തിന്റേയും പുതുദീപ്തി പരത്തിയ ഒരു "മാടപ്രാവിന്റെ" വികാരപൂർണ്ണവും സംഭവബഹുലവുമായ ജീവിതകഥ

★

മരകാവിൽ **മൂന്നാംപ്രാവശ്യവും ഭൂമിയിലെ മാലാഖ**

അവതരിപ്പിച്ചപ്പോൾ നാടകംകണ്ട തലശ്ശേരിരൂപതാദ്ധ്യക്ഷൻ

റൈറ്റ് റവ. ഡോക്ടർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമനസ്സുകൊണ്ട് ഇപ്രകാരം പ്രസ്താവിച്ചു:

"...ഈ നാടകം കണ്ടുകൊണ്ടിരുന്നപ്പോൾ എനിക്കു വളരെയേറെ സന്തോഷവും അഭിമാനവും തോന്നി...പ്രസ്താവയോഗ്യമായ ഒരു സവിശേഷത, ഏറ്റവും നന്നായി അഭിനയിച്ച ആൾ ആരെന്നു് എടുത്തുപറയാൻ കഴിയാത്തവിധം ഓരോരുത്തരും തങ്ങളുടെ ഭാഗങ്ങൾ ഏറ്റവും തന്മയത്വത്തോടെ അവതരിപ്പിച്ചിട്ടുണ്ടു് എന്നതാണു്...അഭിനയത്തിലും സംഗീതത്തിലും മുന്നിട്ടുനില്ക്കുന്ന ഈ സഹോദരങ്ങളെ ഹാർദ്ദമായി അഭിനന്ദിക്കുന്നതോടൊപ്പം ഈ കലാസമിതിക്കു് എല്ലാവിധ പ്രോത്സാഹനങ്ങളും ചെയ്തുകൊടുക്കുന്നതാണെന്നു് ഞാൻ ഉറപ്പുപറയുന്നു..."

★

☞ ബുക്കിംഗിനു— നാടകം, കഥാപ്രസംഗം, വില്ലടിച്ചാൻപാട്ടു്, ഗാനമേള, മേക്കപ്പു്

സെക്രട്ടറി, പുല്പള്ളി നവോദയ കലാവേദി
P. O. പുല്പള്ളി, S. വയനാടു്

OR

നൃ കേരള സംഗീതകലാലയം
P. O. മാനന്തവാടി, N. വയനാടു്.

പത്രാധിപർ: ഫാദർ ജി. കഴിക്കലിച്ചാൽ

ഗിരിദീപം GIRIDEEPAM

ദൈവത്തിനും രാജ്യത്തിനുംവേണ്ടി

പുസ്തകം 2] 1963 ഫെ-മാർച്ച് [ലക്കം 8-9

മായയും മായവും

ക്രൂരവും ക്രൂരവും മനുഷ്യസഹജമാണ്, അതു തിരുത്തി മുമ്പോട്ടുപോകുന്നവരാണ് ജീവിതവിജയം കണ്ടെത്തുന്ന മഹാന്മാർ. എന്നാൽ, അതിനുപകരം മായയിലും മായത്തിലും മുങ്ങി എങ്ങനെയെങ്കിലും പണവും സുഖവും ഉണ്ടാക്കണം എന്ന നയം സ്വീകരിക്കുന്ന വ്യക്തിയും കുടുംബവും രാജ്യവും, കുറെക്കാലത്തേയ്ക്കു തെളിഞ്ഞുനിന്നേക്കാമെങ്കിലും, നിലനില്ക്കയില്ല. ഒരു പരിധി കഴിയുമ്പോൾ ദൈവം തന്നെ ഞെട്ടിക്കുന്ന ചില ശിക്ഷകൾ അയച്ച് പശ്ചാത്താപവും പരിഹാരവും ആവശ്യപ്പെട്ടേക്കാം. അയൽരാജ്യങ്ങളിൽനിന്നുള്ള ആക്രമണമാണ് ഒരു ശിക്ഷ. അല്ലെങ്കിൽ, ആഭ്യന്തരമായ പഞ്ഞം, പട, വസന്ത! ലോകചരിത്രത്തിൽ മനുഷ്യൻ ദൈവത്തെ മറന്നു സുഖലോലുപത്വത്തിലും കറുത്തവിദ്യകളിലും മുഴുകിയപ്പോഴെല്ലാം ഇതു സംഭവിച്ചിട്ടുണ്ട്. പഴയനിയമവും പുതിയനിയമവും ആധുനികചരിത്രവും സാക്ഷികളാണ്. ഇസ്രായേല്യർക്കും ഈജിപ്തിനും ഓർത്തോമിനും ആഫ്രിക്കായ്ക്കും ഏഷ്യാമൈനറിനും ഉണ്ടായ ശിക്ഷകളും 1914നുശേഷം രണ്ടു മഹായുദ്ധങ്ങൾ വഴി യൂറോപ്യൻരാജ്യങ്ങൾക്കുണ്ടായ ശിക്ഷകളും വലിയ ഉദാഹരണങ്ങളല്ലെ!

ഇന്ത്യക്കാർ, കേരളീയർ പ്രത്യേകിച്ച്, മായയിലും മായത്തിലും പേരെടുത്തുവരികയാണ്. പണത്തിനും സ്ഥാനമാനങ്ങൾക്കും പ്രശംസയ്ക്കും സൗകര്യാപരി ആനന്ദസുഖങ്ങൾക്കുംവേണ്ടി നമ്മുടെ ചില മാന്യന്മാർ എന്തെല്ലാമാണ് കാണിക്കുന്നതു! പേരും ലാഭവും കിട്ടുമെങ്കിൽ ആരുടെ അടുക്കലും ഏതു വേഷവും കെട്ടാൻ തയാറാണിന്നു! പണവും സുഖവും ഉണ്ടാകുമെങ്കിൽ ഏതു അനീതിക്കും ഏതു കള്ളക്കച്ചവടത്തിനും സന്നദ്ധമാണ്. പണത്തിനുവേണ്ടി എന്തുവേണമെങ്കിലും എവിടെവേണമെങ്കിലും ചേക്കും! ഓ! മരണാസന്നനായി കിടക്കുന്ന കരയുന്ന സഹോദരനു കുത്തിവയ്ക്കാൻ കൊടുക്കുന്ന മരുന്നിൽപോലും മായം ചേർക്കുന്നു! കണക്കുകൂട്ടാനും വില പേശാനും കഴിവില്ലാത്ത ഒരു കുട്ടിയെ അയൽപക്കത്തെ കടയിലയച്ചാൽ ന്യായമായി സാമാനങ്ങൾ കിട്ടുമെന്നുറപ്പില്ല. ഭിക്ഷക്കണക്കിനു ത്രുപായുടെ കരാറിന്മേൽ വാങ്ങുന്ന സാധനം ജന്മനിയിലെത്തി തുറന്നുനോക്കുമ്പോൾ ചകരിച്ചോറോ തരിമണലോ ആയിരിക്കും! വിശന്നുപൊരിയുന്ന യാത്രക്കാരനു ഹോട്ടലിൽനിന്നു കൊടുക്കുന്ന ഭക്ഷണത്തിൽ മായം ചേർക്കുന്നതു, നേരിട്ടു വിഷം കൊടുക്കുന്നതിലും ഭയാനകമാണ്– എന്നിട്ടും അതുചെയ്യ പണമുണ്ടാക്കുന്നു! ദിവ്യൗഷധത്തിനുപോലും ചേർക്കാൻ വാങ്ങിക്കുന്ന പാലിൽ പച്ചമരച്ചിനി അരച്ചുകലക്കി നാഴി, ഇടങ്ങഴിയാക്കും; മൂന്നിരട്ടി പണം കിട്ടിയല്ലൊ, അതുമതി! ഇതിനെല്ലാം ഉപരിയായി മനുഷ്യന്റെ ആത്മാവിനേയും അതിന്റെ ധാർമ്മികമൂല്യങ്ങളേയും പാടെ അവഗണിച്ച് വെറും ശാരീരികാനന്ദങ്ങൾക്കും സ്വാർത്ഥാഭിലാഷങ്ങൾക്കും വേണ്ടി സദാചാരത്തിന്റെ കഴുത്തു ഞെരിച്ച് സംതൃപ്തി നേടുന്നു! ചില കൊടുംദുരാചാരങ്ങൾ ഗവണ്മെന്റുപോലും, പുരോഗതിയുടേയും സോഷ്യലിസത്തിന്റെയും പേരിൽ അംഗീകരിച്ചനുഗ്രഹിക്കുന്നു! പണവും സുഖവും കിട്ടുമോ! എന്തും ആവാം! എന്നിട്ട് ഇതിലെല്ലാം അഭിമാനംകൊള്ളുകയും നീതീകരണം കണ്ടെത്തുകയും ചെയ്യുന്നു! ഇതാണ് മായത്തിന്റെ മായ! അറിവില്ലാത്തവരെ ദൈവം പഠിപ്പിക്കും. അഹങ്കാരികളെ ദൈവം താഴ്ത്തും. ആഷ്ടാരതത്തിന്റെ ആത്മാവു 15 കൊല്ലത്തിലധികം നീറിദാഹിക്കുന്നതു അപകടമെന്നു കണ്ടിട്ടല്ല, ദൈവം ചൈനയെ അയച്ച് ഇന്ത്യയെ ഒരു 'ഹിമാലയൻ എളിമയിലേയ്ക്കു' ആനയിച്ചതു! നേരും നെറിവും കൂടാതെ ജീവിക്കുന്ന വ്യക്തികൾക്കും ഇതൊരു പാഠമാവണം. അവരുടെ കുടുംബങ്ങളും ഇതു മറക്കരുതു.

നോമ്പുകാലവും

മായയും മായവും ഉപേക്ഷിക്കണമെങ്കിൽ എളിമവേണം. യഥാർത്ഥമായ എളിമ ദൈവാനുഗ്രഹമുള്ള ഹൃദയത്തിലേ കാണുകയുള്ളു. ഈ അനുഗ്രഹമോ പ്രാർത്ഥനയുടെ ഫലമാണ്. ഈ പ്രാർത്ഥന ഫലപ്രദമാക്കുന്നതു ദൈവസ്നേഹത്തിൽനിന്നുൽഭവമാകുന്ന പശ്ചാത്താപവും പരിഹാരവുമാണ്. ദീപം കൈയിലുണ്ടെങ്കിൽ ദീപം ഇല്ലാത്തവർക്കും വെളിച്ചം നല്കാം: അപകടവും കുറയ്ക്കാം. ഇന്നു ദൈവസ്നേഹമുള്ള ജനങ്ങളുടെ കർത്തവ്യം ഇതാണ്. ദീപം തെളിക്കുക, ദൈവാനുഗ്രഹം നമുക്കും മറ്റുള്ളവർക്കുംവേണ്ടി സമ്പാദിക്കുക. ഇതാ ലോകത്തിന്റെപാപഭാരം ഏറ്റെടുത്തു പരിഹാരം ചെയ്യുവാൻ അവതരിച്ച മിശിഹാനാഥന്റെ പീഡാനുഭവദിവസങ്ങൾ സമാഗതമാകുന്നു. തീവ്രമായി നമുക്കു പ്രാർത്ഥിക്കാം. നമ്മുടെ അന്നദിനകർത്തവ്യനിർവഹണത്തിനാവശ്യമായ ശാരീരികവും മാനസികവുമായ അധ്വാനവും ക്ലേശങ്ങളും നല്ല നിയോഗത്തോടെ സഹിച്ചു കഴിയുന്നതു മറ്റുത്യാഗകൃത്യങ്ങളും അനുഷ്ഠിച്ചു ആ പ്രാർത്ഥന ഒരു ബലിയായി നമ്മുടേയും മറ്റുള്ളവരുടേയും മായാമായകൾക്കു ഒരു പരിഹാരബലിയായി എന്നും ദൈവത്തിനു കാഴ്ചവെയ്ക്കുക. പ്രകൃതിനിയമങ്ങളേയും ദൈവപ്രമാണങ്ങളേയും ലംഘിച്ചു ധൂർത്തരായി ജീവിക്കുന്ന ഇന്ത്യൻമക്കൾക്കുവേണ്ടി നാം ഇതുചെയ്താൽ, ഇതായിരിക്കും ഇന്നത്തെ അടിയന്തിരാവസ്ഥയിൽ രാജ്യരക്ഷയെപ്രതി നമുക്കു ചെയ്യാവുന്ന ഏറ്റവും വലിയ സേവനം. ദൈവത്തെക്കൂടാതെ ഇന്ത്യയ്ക്കു എന്തു ചെയ്യുവാൻ സാധിക്കും? ഇക്കൊല്ലത്തെ നോമ്പുകാല പരിപാടികൾ ഈ മഹത്തായ ലക്ഷ്യത്തിനു സഹായകമാകണം. വന്ദ്യപിതാവിന്റെ ഇപ്രാവശ്യത്തെ കത്തിൽ, നശിച്ചുകിടക്കുന്ന ഓർത്തോഡോക്സിയ നോക്കിയ ഹൃദയപ്രമാണികൾ കയറിയിരുന്ന കരഞ്ഞ 'കരയുന്ന മതിലിനെ'പ്പറ്റി ഹൃദയസ്പർശകമായി പ്രതിപാദിച്ചിട്ടുണ്ട്. ഒരുകാലത്തു മഹാത്മജിയുടെ ഇന്ത്യയെനോക്കി ചരിത്രകാരന്മാർ കരയാതിരിക്കണമെങ്കിൽ, ഡൽഹിയിലെ ചെങ്കോട്ട 'കരയുന്ന ചെങ്കോട്ടയായി'വിളിക്കപ്പെടാതിരിക്കണമെങ്കിൽ മഹാത്മജിയെപ്പോലെ നാം സത്യമായി ജീവിക്കുക: ദൈവത്തിലേയ്ക്കു അടുക്കുക. ഈ നോമ്പുകാലം അതിനുള്ള പ്രചോദനം പകരട്ടെ. നമ്മുടേയും ഇന്ത്യയുടേയും ആത്മാവിനെ പരിശുദ്ധമാക്കുക.

പത്രാധിപക്കുറിപ്പുകൾ

മലബാറിനെ മറക്കല്ലെ!

കേരളസംസ്ഥാനപ്പിറവിയോടുകൂടി മലബാർദേശത്തിനു് തിരക്കൊച്ചിയുമായി ഉറ്റബന്ധം നിലവിൽ വന്നു. അന്നുവരെ മദ്രാസിന്റെ ഒരു അവഗണിക്കപ്പെട്ട പ്രദേശമായി കഴിഞ്ഞുകൂടിയിരുന്ന മലബാർ ഉയർച്ചയുടെ ഓളംവെട്ടൽ കണ്ടുതുടങ്ങി. തെക്കനിന്നുള്ള കുടിയേറ്റക്കാരുടെ സംഖ്യ അനുദിനം പെരുകിവന്നതു് മലബാറിനെ സംബന്ധിച്ചിടത്തോളം സമ്പൽസമൃദ്ധിയുടെ ആരംഭത്തെയാണു് കുറിച്ചതു്. വെറും കാടായികിടന്ന എത്രയേറെ സ്ഥലങ്ങളാണിന്നു് ജനനിബിഡമായിത്തീർന്നിട്ടുള്ളതു്. ഭയങ്കരമായ കാടുകളുടെ സ്ഥാനത്തു് മനോഹരമായ കമുകിൻതോട്ടങ്ങളും തെങ്ങിൻതോട്ടങ്ങളും റബ്ബർ,കരിമുളക് തുടങ്ങിയവവിഭവസമൃദ്ധമായി വളരുന്ന രമണീയമായ പുരയിടങ്ങളുമായി മാറിയിരിക്കയാണു്. വിദ്യാലയങ്ങൾ, റോഡുകൾ, പാലങ്ങൾ, ആശുപത്രികൾ തുടങ്ങിയ ജീവകാരുണ്യപരമായ നിരവധി സ്ഥാപനങ്ങളും കുടിയേറ്റസ്ഥലങ്ങളിൽ ഇന്നു് ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടു്.

എങ്കിലും തിരുക്കൊച്ചിവിഭാഗത്തെ അപേക്ഷിച്ചു നോക്കിയാൽ വടക്കെമലബാർ ഇനിയും വളരെയധികം പുരോഗമിക്കണം. സംസ്ഥാനഗവണ്മെന്റിന്റെ സവിശേഷശ്രദ്ധ മലബാർവിഭാഗത്തെയ്ക്കു കൂടുതൽ പതിയേണ്ടിയിരിക്കുന്നു. അടിയന്തിരാവസ്ഥ പരിഗണിച്ചു് അധികം വിദ്യാലയങ്ങൾ സ്റ്റെററിനനുവദിക്കാൻ നിവൃത്തിയില്ലേ.

മലബാർ ഹൈറേഞ്ചുഭാഗത്തെയ്ക്കു് പ്രാഥമികവിദ്യാലയങ്ങളെങ്കിലും അനുവദിക്കാമെന്നു് തീരുമാനിച്ച മന്ത്രിസഭ കുടിയേറ്റക്കാരുടെ പ്രശ്നം ശരിക്കു മനസ്സിലാക്കിയിട്ടുള്ളതുപോലെ തോന്നുന്നു. കുടിയേറ്റക്കാർ അതിനു കൃതജ്ഞതയുള്ളവരുമാണു്. എന്നാൽ ഈ ഉറച്ച തീരുമാനം രാഷ്ട്രീയത്തിന്റേയും വ്യക്തിസ്വാതന്ത്ര്യത്തിന്റേയും പാറയിൽ തട്ടി മകൻപോകരുതു്. കുടിയേറ്റസ്ഥലങ്ങളിലെ പിഞ്ചുകുഞ്ഞുങ്ങളുടെ വിദ്യാഭ്യാസകാര്യത്തിൽ നിലവിലുള്ള വൈഷമ്യങ്ങൾ തികച്ചും കണക്കിലെടുത്തുകൊണ്ടു് അത്യാവശ്യമുള്ള സ്ഥലങ്ങളിൽ, വിദ്യാഭ്യാസാധികൃതരും വികസനകൗൺസിലുകളും ശുപാർശചെയ്തിട്ടുള്ള സ്ഥാനങ്ങളിൽ എൽ. പി. സ്കൂളുകളും ടെയിനിംഗ് സ്കൂളുകളും അനുവദിച്ചുകിട്ടുമെന്നു് പ്രതീക്ഷിക്കുന്നു. വയനാട്ടിനെ സംബന്ധിച്ചിടത്തോളം ഒരു സെക്കണ്ടറിടെയിനിംഗ് സ്കൂളിനൊ ആവശ്യം ഇതിനുമുമ്പു് പലപ്രാവശ്യം ബ. ഗവണ്മെൻറിനെ ബോധ്യപ്പെടുത്തിയിട്ടുള്ളതാണു്. ഏതാണ്ടു് 60 മൈൽ സമചതുരത്തിൽ ഒരു ടെയിനിംഗ് സ്കൂൾ പോലുമില്ലാത്ത സ്റ്റേററിലെ ഏകഭൂപ്രദേശം വയനാടാണെന്നുള്ള കാര്യം വിദ്യാഭ്യാസമന്ത്രിയും അധികൃതരും വിസ്മരിക്കയില്ലെന്നു കരുതുന്നു. വയനാട്ടിൽ ടെയിനിംഗ് കഴിച്ച അധ്യാപകരെകിട്ടാനും വളരെ പ്രയാസമുണ്ടു്.

ഫെബ്രുവരി 14-ാംനു കുടിയേറ്റകോളനിയായ കണ്ണോം പ്രദേശം സന്ദർശിച്ച ഭക്ഷ്യമന്ത്രിക്കും വ്യവസായമന്ത്രിക്കും ചില എം. എൽ. എ. മാക്കും മലബാറിന്റെ അടിയന്തിരാവശ്യങ്ങളെപ്പറ്റി ശരിയായ ബോദ്ധ്യം വന്നിട്ടുണ്ടു്, കുടിയേറ്റക്കാരുടെ അവിശ്രമപരിശ്രമത്തിന്റെ ഫലമായി മലബാർപ്രദേശത്തുണ്ടായിട്ടുള്ള പുരോഗതിക്കു തൽസാക്ഷികളായ ഗവണ്മെൻറിന്റെ പ്രതിനിധികൾ കുടിയേറ്റസ്ഥലങ്ങളെ ഉയർത്തുവാൻ യത്നിക്കുമെന്നു പ്രതീക്ഷിക്കാം.

മാച്ചു് 19

മാച്ചുമാസം വി. യൗസേപ്പുപിതാവിനു പ്രത്യേകം പ്രതിഷ്ഠിച്ചിരിക്കുകയാണല്ലൊ. ഉത്തമകത്തോലിക്കൻ വി. യൗസേപ്പിന്റെ ഭക്തനായിരിക്കും. ഏവർക്കും നന്മപോലെ അനുകരിക്കാവുന്ന മഹാവിശുദ്ധനാണല്ലൊ 'നീതിമാനായ വി. യൗസേപ്പുപിതാവു്' കുടുംബജീവിതക്കാർക്കും സന്യാസാന്തസ്സുകാർക്കും–തൊഴിലാളികൾക്കും മുതലാളികൾക്കും–ഭരണകർത്താക്കൾക്കും ഭരണിയർക്കും ഒരുപോലെ അനുകരിക്കാനും ആദരിക്കാനും പററിയ മറെറാരു വിശുദ്ധനമ'ല്ല. അതുതരഹിതമായ, സാധാരണ ജീവിതം നയിച്ചുകൊണ്ടു് ദൈവഹിതത്തെ പരിപൂർണ്ണമായി നിറവേറ്റുകയാണു് വി. യൗസേപ്പുപിതാവു് ചെയ്തതു്.

പ്രമാണങ്ങൾ കൃത്യമായി അനുസരിച്ചു; കുരിശുകൾ ക്ഷമാപൂർവം സഹിച്ചു; അനുദിനജോലികൾ വിജയപൂർവം ചെയ്തു: ഇങ്ങനെ പുണ്യപൂർണ്ണതയുടെ ഉന്നതപടികയറിയ ഈ ധന്യനെ എല്ലാ വിശ്വാസികളും അനുകരിക്കണം.

അധ്വാനശീലത്തിന്റെ ഉത്തമമാതൃകയും സഹനത്തിന്റെ ദീപനാളവും മാതൃകാകുടുംബനാഥനും,സ്ഥിരോത്സാഹിയായ തൊഴിലാളിയുമായ വി. യൗസേപ്പുപിതാവിന്റെ ക്ഷമയും മൗനവും നമുക്കു പ്രത്യേക മാതൃകയാകണം. അവിവേകമായ, ധിക്കാരമായ സംസാരംമൂലം നിരവധി കലഹങ്ങളും അസമാധാനവും നമ്മുടെ ഓരോ കുടുംബങ്ങളിലും സമുദായത്തിലും രാഷ്ട്രത്തിലും ഉണ്ടാകുന്നില്ലെ? സാർവത്രികസഭയുടെ പൊതുസംരക്ഷകനാണു് വി. യൗസേപ്പു്. നമ്മുടെ ശുദ്ധതയുടെ മധ്യസ്ഥനും സംരക്ഷകനുമായ ഈ പിതാവു് കുടിയേറ്റകോളനിയിൽ ചെയ്യുകൊണ്ടിരിക്കുന്ന സഹായങ്ങൾ നിരവധിയാണു്. ഈ വത്സലപിതാവു് നമ്മെ ഓരോരുത്തരേയും പ്രത്യേകമായി അനുഗ്രഹിക്കട്ടെ.

കുട്ടികളുടെ വത്സപിതാവിന്റെ കത്ത്



വാത്സല്യ കുഞ്ഞുങ്ങളേ,

ഗാഗുൽത്താമലയിൽ ഞങ്ങൾ നടത്തിയ അവിസ്മരണീയമായ കുരിശിന്റെ വഴിയെപ്പറ്റിയാണല്ലോ കഴിഞ്ഞ കത്തിൽ അവസാനമായി എഴുതിയത്. അന്ന് ഉച്ചകഴിഞ്ഞ് ഞങ്ങൾ വീണ്ടും ഗാഗുൽത്തായിലേക്കു പോയി. അവിടെയുള്ള ദേവാലയവും പരിസരങ്ങളുമെല്ലാം നടന്നു കണ്ടു. കുരിശു നാട്ടിയ സ്ഥലവും തിരുശരീരം കുരിശിൽനിന്നു ഇറക്കിക്കിടത്തി തൈലം പൂശിയ സ്ഥലവും സംസ്കരിച്ച കബറിടവും ക്രിസ്തു ഉയിർത്തെഴുന്നേറ്റശേഷം മഗ്ദലേനാമറിയത്തിന് കാണപ്പെട്ട സ്ഥലവും മറ്റും ഈ ദേവാലയത്തിനുള്ളിലാണ് സ്ഥിതിചെയ്യുന്നത്. വളരെ പുരാതനമായ ഈ ദേവാലയത്തിനു കേടുപാടുകൾ സംഭവിച്ചിട്ടുള്ളതുകൊണ്ട് ഇപ്പോൾ അതു പുതുക്കിപ്പണിയുവാൻ ആരംഭിച്ചിരിക്കയാണ്. ഈ ദേവാലയം കത്തോലിക്കരുടേയും ഗ്രീക്ക്, അർമ്മേനിയൻ ഓർത്തഡോക്സ് സഭക്കാരുടേയും പൊതു സംരക്ഷണയിലാണ്. തൊട്ടടുത്തതന്നെ മുസ്ലിംങ്ങളുടെ ഒരു പള്ളിയുമുണ്ട്.



ക്രിസ്തുമതത്തേയും ക്രിസ്ത്യാനികളേയും നശിപ്പിക്കുവാൻവേണ്ടി റോമാ ചക്രവർത്തിമാർ നടത്തിയ ഭയങ്കരമായ മതപീഡനകാലത്ത്, ക്രിസ്ത്യാനികൾ ഏറ്റവും പവനമായി കരുതി വണങ്ങിവന്നിരുന്നതും ക്രിസ്തുവിന്റെ രക്തം വീണ് നനഞ്ഞതുമായ കാൽവരിമലയും പരിസരങ്ങളും അവിടെയുണ്ടായിരുന്ന ദേവാലയങ്ങളും നശിപ്പിക്കയും ക്രിസ്തു തൂങ്ങിമരിച്ച കുരിശുമുൾമുടി, ആണികൾ, ചമ്മട്ടി മുതലായ പീഡനോപകരണങ്ങളും ഒരു കുഴിയിലിട്ട് മൂടുകയുംചെയ്തു. മുന്നൂറാണ്ടുകാലത്തെ മതമർദ്ദനങ്ങൾക്കുശേഷം കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ കാലത്താണ് (ക്രിസ്തുവർഷം 313) ക്രിസ്ത്യാനികൾക്ക് സ്വാതന്ത്ര്യം ലഭിച്ചത്. കോൺസ്റ്റന്റൈന്റെ ചക്രവർത്തിയുടെ അമ്മയായിരുന്ന ഹെലേനാരാജ്ഞി വിശുദ്ധസ്ഥലങ്ങൾ സന്ദർശിക്കുകയും വിശുദ്ധ കുരിശും മറ്റും കണ്ടെടുക്കുകയും ഗാഗുൽത്തായിൽ ഒരു ദേവാലയം നിർമ്മിക്കുകയുംചെയ്തു (A.D.335) ഈ ദേവാലയം പിന്നീട് മുഹമ്മദീയരുടെ ആക്രമണകാലത്ത് നശിപ്പിക്കപ്പെട്ടെങ്കിലും കുരിശുയുദ്ധങ്ങൾക്കുശേഷം പുനരുദ്ധരിക്കപ്പെടുകയുണ്ടായി.

15-ാംതിയതി ശനിയാഴ്ച രാവിലെ ഞങ്ങൾ "ഗദ്സേമനി" കാണാൻ പോയി. തന്റെ മരണത്തിന്റെ തലേ രാത്രി പ്രാർത്ഥനാസമയത്ത് ക്രിസ്തു രക്തം വിയർത്തതായ പാറയുടെ മുകളിലായി മനോഹരമായ ഒരു ദേവാലയം പണുതിട്ടുണ്ട്. ഞങ്ങൾ അവിടെ വളരെനേരം മുട്ടുകുത്തി പ്രാർത്ഥിച്ചു. ഈ പള്ളിയുടെ മുറ്റത്തു വളരെ പ്രായംചെന്ന 8 ഒലിവുമരങ്ങളുണ്ട്. ക്രിസ്തുവിന്റെ കാലത്തുണ്ടായിരുന്ന മരങ്ങൾതന്നെയാണ് ഇവയെന്നു പറയപ്പെടുന്നു. ഈ പള്ളിയിൽനിന്നു ഏകദേശം 100 വാര അകലെയായി ശ്മശാനക്കിടയിലുള്ള ഒരു ദേവാലയമുണ്ട്. സാധാരണയായി ഈശോ പ്രാർത്ഥിക്കാറുണ്ടായിരുന്ന ഗ്രോട്ടോ ഇവിടെയായിരുന്നു. യൂദാസ് ദിവ്യനാഥനെ പടയാളികൾക്ക് ഒറ്റിക്കൊടുത്തതു ഇവിടെവെച്ചാണ്.

വി. എസ്തപ്പാനോസിനെ കല്ലെറിഞ്ഞു കൊന്ന സ്ഥലവും അങ്ങിനോടടുത്താണ്. അവിടെയുള്ള ദേവാലയത്തിലും ഞങ്ങൾ പോയി.

പ്രൊബാറ്റിക്കാകുളം എന്ന പേരിൽ അറിയപ്പെട്ടിരുന്നതും 38 വർഷം തളർവാതം പിടിപെട്ട് കിടന്നിരുന്ന ഒരു രോഗിയെ ക്രിസ്തു സുഖപ്പെടുത്തിയതുമായ സ്ഥലമാണ് അടുത്തതായി ഞങ്ങൾ സന്ദർശിച്ചത്. അവിടെ ശ്മശാനക്കിടയിൽ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന ഗവേഷണങ്ങളുടെ ഫലമായി വളരെ പുരാതനമായ ഒരു ദേവാലയത്തിന്റെ അവശിഷ്ടങ്ങൾ ഇതിനകം കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. പരിശുദ്ധ കന്യാസ്ത്രീമറിയം പിറന്നതായ വിശുദ്ധ അന്നായുടെ വീട് അതിനടുത്താണ്. അവിടെയുമുണ്ട് മനോഹരമായ ഒരു കൊച്ചു ദേവാലയം.

ഉച്ചകഴിഞ്ഞ് ഞങ്ങൾ ബദ്ലേഹമിലേക്കു പുറപ്പെട്ടു. ജെറുശ്ലേമിനിന്നും ഏകദേശം 10 മൈൽ ദൂരെ കുന്നുകൾക്കിടയിലുള്ള ഒരു ചെറിയ പട്ടണമാണ് ബദ്ലഹം. ക്രിസ്തു ജനിച്ച സ്ഥലത്തുനിന്നു രണ്ടുമൈൽ ദൂരെയുള്ള ആട്ടിടയന്മാരുടെ പള്ളിയിലേക്കാണ് ഞങ്ങൾ ആദ്യം പോയത്. രക്ഷകൻ പിറന്നിരിക്കുന്നു എന്ന വാർത്ത മാലാഖമാർ പാവപ്പെട്ട ആട്ടിടയന്മാരെ അറിയിച്ചതായ ആ സ്ഥലത്തു് ചെറിയതൊരു

മനോഹരമായ ഒരു ദേവാലയമുണ്ട്. ഞങ്ങൾ ആ പള്ളിയിൽ കയറി പ്രാർത്ഥിച്ചശേഷം ബെദ്‌ലഹം ബസ്സിക്കായിലേക്കു പോയി. ക്രിസ്തു പിറന്നതായ സ്ഥലത്തുള്ള ദേവാലയത്തിലെ പ്രധാന അൾത്താരയുടെ അടിയിലായി "ഇവിടെ കന്യകാമറിയത്തിൽനിന്നു ഈശോ പിറന്നു" എന്നു ലത്തീൻ ഭാഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അഞ്ചരമണിക്കു അവിടെ ഞാൻ ദിവ്യബലി അർപ്പിച്ചു. വളരെ ചുരുക്കംപേർക്കുമാത്രമേ അവിടെ ദിവ്യബലി അർപ്പിക്കുവാൻ അവസരം ലഭിച്ചുള്ളൂ. ഞങ്ങളുടെ തീർത്ഥാടന സംഘത്തിലുണ്ടായിരുന്ന നാല്പത്തിരണ്ടു മെത്രാന്മാരിൽ പൌരസ്ത്യറീത്തുകാരനായി ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ടു എനിക്കു പലസ്ഥലങ്ങളിലും പ്രത്യേക പരിഗണന ലഭിക്കുകയുണ്ടായി.

പിറ്റേദിവസം (ഞായറാഴ്ച) രാവിലെ ഞാൻ ദിവ്യബലി അർപ്പിച്ചതു ഗദ്‌സേമനിലെ ഗ്രോട്ടോയിലായിരുന്നു. 9 മണിക്കു ഞങ്ങൾ ബഥാനിയായിലേക്കു പോയി. ഇതു ഓർശ്ലേംപട്ടണപ്രദേശങ്ങളിൽതന്നെയാണു്. മത്തായുടേയും മറിയത്തിന്റേയും തങ്ങളുടെ സഹോദരനായ ലാസറിന്റേയും വീടു് സ്ഥിതിചെയ്തിരുന്ന സ്ഥലത്തു് ഭംഗിയേറിയ ഒരു ദേവാലയമുണ്ടു്. ഈ പള്ളിയുടെ അടുത്താണു് ലാസറിനെ അടക്കിയിരുന്നതായ കല്ലറ. ഈ കല്ലറയിൽനിന്നാണല്ലൊ മരിച്ചു് അടക്കപ്പെട്ടിരുന്ന ലാസറിനെ ക്രിസ്തുനാഥൻ ഉയർപ്പിച്ചതു്.) ഈ കല്ലറയുടെ മുകളിൽ പണ്ടു് ഒരു ദേവാലയമുണ്ടായിരുന്നെങ്കിലും ഇന്നു് ഒരു മുസ്ലിംപള്ളിയാണു് ആ സ്ഥാനത്തു കാണുന്നതു്. എങ്കിലും കല്ലറയിൽ പ്രവേശിക്കുവാൻ ഒരുവശത്തുനിന്നു പ്രത്യേകമായ ഒരു വഴി ഉണ്ടാക്കിയിട്ടുള്ളതിൽകൂടി സന്ദർശകർക്കു ഉള്ളിൽ പ്രവേശിക്കാം. കരിങ്കല്ലിൽ വെട്ടിയിറക്കിയിട്ടുള്ള ഈ വഴി തീരെ ഇടുങ്ങിയതായതുകൊണ്ടു്, ഞങ്ങളുടെ കൂട്ടത്തിൽ എന്നേപ്പോലെ അധികം വണ്ണം ഇല്ലാതിരുന്നവർക്കു മാത്രമെ അകത്തു പ്രവേശിക്കുവാൻ സാധിച്ചുള്ളൂ.

ഇതിനടുത്തുള്ള ഒലിവേറ്റ്മലയിലേയ്ക്കാണു് പിന്നീടു് ഞങ്ങൾ പോയതു്. കർത്താവു് സ്വർഗ്ഗാരോഹണംചെയ്തതു് ആ മലയിൽനിന്നാണല്ലൊ. ആ സ്ഥാനത്തു് ഏറ്റവും പഴക്കമുള്ള ഒരു ചെറിയ ദേവാലയമുണ്ടു്. തൊട്ടടുത്തുതന്നെ ഒരു മുസ്ലിംപള്ളിയും.

ദിവ്യരക്ഷകൻ ശിഷ്യന്മാരെ "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്നാരംഭിക്കുന്ന പ്രാർത്ഥന പഠിപ്പിച്ച സ്ഥലത്തു് ഒരു പള്ളിയും അതോടനുബന്ധിച്ചു് ഒരു കന്യകാമഠവുമുണ്ടു്. ഇതു് സ്വർഗ്ഗാരോഹണം നടന്ന സ്ഥലത്തിനു സമീപംതന്നെയാണു്. ഈ ദേവാലയഭിത്തിയിൽ അകത്തും പുറത്തുമായി 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർത്ഥന ലോകത്തിലെ പ്രധാനപ്പെട്ട 44 ഭാഷകളിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. ഇക്കൂട്ടത്തിൽ മലയാളത്തിൽ നാം പതിവായി ചൊല്ലിവരുന്ന "ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ ബാവ" എന്ന നമസ്കാരവും ഇംഗ്ലീഷ് ലിപികളിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. ഇതു കണ്ടപ്പോൾ എനിക്കു വലിയസന്തോഷംതോന്നി. ഞങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്നപലരേയും ഞാനതു വായിച്ചുകേൾപ്പിക്കയുംചെയ്തു. ഭാരതീയഭാഷകളിൽ മലയാളം മാത്രമേ ആ കൂട്ടത്തിലുള്ളൂ. മലയാളം എന്നതിനുപകരം സംസ്കൃതം എന്നാണു് നമ്മുടെ ഭാഷയ്ക്കു് അവിടെ പേർ കൊടുത്തിരിക്കുന്നതു് എന്നതൊഴിച്ചാൽ അതിൽ മറ്റു യാതൊരു തെറ്റുമില്ലെന്നു് പ്രത്യേകം പ്രസ്താവയോഗ്യമാണു്.

ഇതോടടുത്താണു് 'കർത്താവു കരഞ്ഞു' (Dominus flevit) എന്ന പേരിൽ അറിയപ്പെടുന്ന ചെറിയ പള്ളി. ഓശാനഞായറാഴ്ച ആഘോഷമായ പട്ടണപ്രവേശനസമയത്തു്, ക്രിസ്തു ഓർശ്ലേത്തിനു വരുവാനിരുന്ന ഭയങ്കര നാശത്തെ ഓർത്തു് പട്ടണത്തെനോക്കി കരഞ്ഞുവെന്നു് വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടല്ലൊ, ക്രിസ്തു കരഞ്ഞ സ്ഥലത്താണു് ഈ ദേവാലയം സ്ഥിതിചെയ്യുന്നതു്. ഒലിവേറ്റ്മലയുടെ ചെരിവിലുള്ള ഈ സ്ഥലത്തുനിന്നു നോക്കിയാൽ ഓർശ്ലേംപട്ടണം മുഴുവനും നന്നായിട്ടു കാണാം. കല്ലിന്മേൽ കല്ലു് ശേഷിക്കാതെ ഓർശ്ലേം പട്ടണവും ബ്രഹ്മാണ്ഡമായ ദേവാലയവും നശിപ്പിക്കപ്പെടുമെന്നുള്ള ക്രിസ്തുവിന്റെ പ്രവചനം തന്റെ മരണശേഷം (എ. ഡി. 70) അക്ഷരംപ്രതി പുത്തിയായതു് ചരിത്രവസ്തുതയാണു്.

ഉച്ചകഴിഞ്ഞു് ഞങ്ങൾ എമ്മാവൂസിലേയ്ക്കു് പോയി. നേരെ പോയാൽ ഏകദേശം 6 മൈൽ ദൂരമെയുള്ളുവെങ്കിലും ജോർദാൻ ഇസ്രായേൽ അതിർത്തികളിൽകൂടി വളഞ്ഞുപോകേണ്ടതുകൊണ്ടു് 18 മൈൽ യാത്രചെയ്താണു് ഞങ്ങൾ അവിടെ എത്തിയതു്. മിശിഹാ ഉയർത്തെഴുന്നേറ്റ ദിവസംതന്നെ ജെറുശ്ലേത്തുനിന്നു് എമ്മാവൂസിലേയ്ക്കു പോയിരുന്ന രണ്ടു ശിഷ്യന്മാരോടുകൂടി യാത്രചെയ്തതും വൈകുന്നേരം അവരോടുകൂടി താമസിച്ചതും മറ്റും വിശുദ്ധ ലൂക്കായുടെ സുവിശേഷം 24-ാം അധ്യായത്തിൽ നിങ്ങൾ വായിച്ചിട്ടുണ്ടാവും. എമ്മാവൂസിൽ മനോഹരമായ ഒരു ദേവാലയവും വൈദികവിദ്യാർത്ഥികൾ പഠിക്കുന്ന ഒരു മൈനർ സെമിനാരിയുമുണ്ടു്. അവിടെയുള്ള ബ. വൈദികരും വൈദികവിദ്യാർത്ഥികളുംകൂടി ഞങ്ങളെ ഹാർദ്ദവമായി സ്വീകരിച്ചു. വൈകുന്നേരം ഞങ്ങൾ തിരിച്ചു് ജറുശ്ലേത്തേയ്ക്കു് പോവുകയുംചെയ്തു. തിങ്കളാഴ്ച രാവിലെ ഗദ്‌സേമനിയിലെ ബസിലിക്കായിലാണു് ദിവ്യബലി അർപ്പിച്ചതു്.

9 മണിയോടുകൂടി ഞങ്ങൾ ഓർശ്ലേം ദേവാലയം സ്ഥിതിചെയ്തിരുന്ന സ്ഥലം കാണുവാൻ പോയി. പട്ടണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സ്ഥലത്തുള്ള വിശാലമായ ഒരു കുന്നിൻനിരപ്പിലാണു് ശ്ലോമോൻ പണിയിച്ചതും യഹൂദന്മാരുടെ അഭിമാനസ്തംഭവുമായിരുന്ന ദേവാലയം സ്ഥിതിചെയ്തിരുന്നതു്. ഇന്നു് ആ സ്ഥലത്തു കാണുന്നതു് ഒരു വലിയ മുഹമ്മദീയ പള്ളിയാണു്. അബ്രാഹം ഇസഹാക്കിനെ ബലികഴിക്കുവാൻ ഒരുക്കിയ ബലിപീഠം ഈ മുഹമ്മദീയപള്ളിയുടെ അകത്തായിക്കാണാം. ഓർശ്ലേം പട്ടണത്തെ ആക്രമിച്ചു് കീഴടക്കിയ ഓമാറിന്റെ സ്മാരകമായിട്ടു് സ്ഥാപിച്ചിരിക്കുന്ന ഈ മുഹമ്മദീയപള്ളി വളരെ മനോഹരവും ബ്രഹ്മാണ്ഡവുമായ ഒന്നുതന്നെയാണു്. ഇതിനടുത്തുതന്നെ എൻഅക്സാ എന്നറിയപ്പെടുന്ന വേറൊരു മുഹമ്മദീയപള്ളിയുമുണ്ടു്. ഇതിന്റെ ഒരു വശത്തായി കരിങ്കല്ലുകൊണ്ടു നിർമ്മിച്ചിട്ടുള്ളതും പഴയ ഓർശ്ലേംപട്ടണത്തെ സംരക്ഷിക്കുവാനായി പണ്ടുതിരുന്നതുമായ ഒരു മതിലുണ്ടു്. "കരയുന്ന മതിൽ" എന്നാണു് അതിന്റെ പേരു്. നഷ്ടപ്പെട്ടുപോയ ഓർശ്ലേംപട്ടണത്തെ നോക്കി യഹൂദന്മാർ ഈ മതിലിന്റെ മുകളിൽ കയറിയിരുന്നു കരയാറുണ്ടായിരുന്നതുകൊണ്ടാണു് ഇതിനു് കരയുന്ന മതിൽ എന്ന പേരുണ്ടായതു്.

അമ്മച്ചി

ജി. സി. ടീലാർ

(തുടർച്ച)

ഭർത്താവു് ലുബ്ധനെങ്കിൽ



ഒരു വ്യക്തിയുടെ ശബ്ദത്തിനു് ആരും വലിയ വില കല്പിക്കാറില്ല. ശബ്ദത്തിനു മൂല്യം വേണമെങ്കിൽ ഒരേ വകുപ്പിൽപ്പെട്ട വ്യക്തികളെല്ലാംകൂടി ഒന്നിച്ചുകൂടണം, എന്നാൽ ഒന്നിച്ചുകൂടുവാനൊ സംഘടിക്കുവാനൊ കഷ്ടകാലമില്ലെന്നാണു്. അവന്റെ മേൽ കുതിരകയറിതഴമ്പിച്ചിട്ടുള്ള "യജമാനന്മാരു"ടെ നിലപാടു്. ഇനി നോക്കൂ, കർഷകന്റെ സ്ഥിതി എന്തെന്നു്. കൂളത്തിൽ വളരുന്ന തവള യെപ്പോലാണു് ഓരോരുത്തരും. ഓരോരുത്തർക്കുമുണ്ടു് സ്വാർത്ഥതയാകുന്ന ഓരോ വൃത്തം. അതിനിപ്പുറത്തുള്ളതു കാണുവാൻ ഒരുത്തർക്കുമില്ല കണ്ണു്. ഒരു റവന്യൂ ഉദ്യോഗസ്ഥന്റെ ദാക്ഷിണ്യത്തിനുവേണ്ടി, വായു് പൊത്തി അരമുണ്ടുചുറ്റി ഒരാഴ്ച കാത്തുനില്ക്കുവാൻ അയാൾക്കു മടിയില്ല. എന്നാലും സ്വന്തസഹോദരനോടു് ഒരു നല്ലവാക്കു പറയുന്നതു തനിക്കു പെരുത്ത ആക്ഷേപമെന്നു് അയാൾ കരുതിക്കളയും. സഹോദരങ്ങൾ തമ്മിലുള്ള തീരാത്ത മത്സരംമൂലം, അവരുടെ മാംസവും രക്തവും ഊറ്റിഎടുക്കുവാൻ പാത്രവുമായി നില്ക്കുന്നതു്, ഉദ്യോഗസ്ഥന്മാർ ഇതു കാണുവാനുള്ള കണ്ണു് പാവപ്പെട്ട കർഷകനെന്നുണ്ടാകുമോ? കർഷകനെ രക്ഷിക്കുവാൻ മറ്റാരുത്തനും സാധിക്കയില്ല. അവൻ തന്നെയാകുന്നു അവന്റെ രക്ഷ.

പക്ഷേ ഈ തത്വമൊന്നും കർഷകന്റെ തലയിലേക്കടിച്ചുകയറ്റാൻ അത്ര എളുപ്പമല്ല. മിണ്ടാപ്രാണികൾക്കുവേണ്ടി രാജ്ഞി കുറെ വാദിച്ചു എന്നുമാത്രം ലീലാമ്മ കരുതി. ഉദ്യോഗസ്ഥന്റെയോ കർഷകന്റെയോ ഭാര്യയാകുക എന്നതല്ലായിരുന്നു അവളെ സം

ഉച്ചകഴിഞ്ഞു് ഓർശ്ലേമിനിന്നു് ഏകദേശം 50 മൈൽ ദൂരമുള്ള സമറിയായിലേക്കാണു് ഞങ്ങൾ പോയതു്. അവിടെ യാക്കോബിന്റെ കിണർ എന്നറിയപ്പെടുന്നതും വേദപുസ്തകത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നതുമായ കിണർ ഞങ്ങൾ കണ്ടു. ആ കിണറിനു മുകളിലായി പണി തീരാറായ ഒരു ദേവാലയത്തിന്റെ അവശിഷ്ടങ്ങൾ കാണപ്പെട്ടുന്നുണ്ടു്. 120 അടി താഴ്ചയുള്ള യാക്കോബിൻ കിണറിൽനിന്നു് ഞങ്ങൾ വെള്ളം കോരുകയും കുടിക്കുകയുംചെയ്തു. ക്രിസ്തു പാപിയായ സമറിയക്കാരി സ്ത്രീയെ മാനസാന്തരപ്പെടുത്തിയതു് ഈ കിണറിന്റെ കരയിൽവെച്ചാണല്ലൊ. ലോകത്തിലെ ഏറ്റവും പഴക്കമുള്ള ഗ്രന്ഥമെന്നു പറയപ്പെടുന്ന പഴയനിയമത്തിലെ പഞ്ചഗ്രന്ഥി എന്ന പുസ്തകത്തിന്റെ ഒരു കൈയ്യെഴുത്തുപ്രതി അവിടെയുള്ള സിനഗോഗിൽ സൂക്ഷിച്ചിരിക്കുന്നതും ഞങ്ങൾ കണ്ടു. സമറിയായിൽനിന്നു ഞങ്ങൾ തിരിച്ചുവന്നപ്പോൾ രാത്രി 8 മണി കഴിഞ്ഞിരുന്നു.

അന്നു രാത്രി 10 മണിക്കു് ഞങ്ങൾ താമസിച്ചിരുന്ന സ്ഥലത്തുനിന്നു് ജപമാല ചൊല്ലിക്കൊണ്ടും പാട്ടുകൾ പാടിക്കൊണ്ടും ഭക്തിനിർഭരമായ ഒരു പരിഘാരപ്രദക്ഷിണം നടത്തിക്കൊണ്ടു് ഞങ്ങൾ ഗദ്സേമനിത്തോട്ടത്തിലേക്കു പോയി. 11 മണിക്കു് ഞങ്ങൾ ഗദ്സേമൻ തോട്ടത്തിലുള്ള ബസ്ലിക്കായിൽ എത്തി. കർത്താവു് രക്തംചിന്തി പ്രാർത്ഥിച്ച സ്ഥലത്തുള്ള ആ പള്ളിയിൽ പരിശുദ്ധ കുർബാന പരസ്യമായി എഴുന്നള്ളിച്ചുവച്ചു് 11 മുതൽ 12വരെ ഞങ്ങൾ ആരാധനയിക്കുർ നടത്തി. അതേതുടർന്നു് നേരം വെളുക്കുന്നതുവരെ തുടച്ചയായി മെത്രാന്മാർ അവിടെ കുർബാന ചൊല്ലി. ആ രാത്രി അവിസ്മരണീയമായ ഒന്നായിരുന്നു.

18-ാംനു ചൊവ്വാഴ്ച രാവിലെ, ഗാഗുൽത്തായിൽ കർത്താവിനെ സംസ്കരിച്ച കല്ലറയുടെ നേരെ മുകളിലുള്ള അൾത്താരയിലാണു് ഞാൻ ദിവ്യബലി അർപ്പിച്ചതു്. 9 മണിക്കു് ഞങ്ങൾ ജറിക്കോവിലേക്കു് പോയി. ജറുശലേമിനിന്നു് ഏകദേശം 30 മൈൽ ദൂരമുണ്ടു് ജറിക്കോയിലേക്കു്. ആ പ്രദേശം മുഴുവൻ യാതൊരു സസ്യങ്ങളും വളരാത്ത ഒരു മരുഭൂമിയാണു്. എന്നാൽ യോർദ്ദാൻ നദീതീരത്തിനടുത്തുള്ള യറിക്കോ വളരെ ഫലഭൂയിഷ്ഠമായ ഒരു പ്രദേശമാണു്. പുരാതനമായ ജറിക്കൊ പട്ടണം സ്ഥിതി ചെയ്തിരുന്ന സ്ഥലത്തു് ഇന്നു് ശാസ്ത്രഗവേഷണങ്ങൾ നടക്കുന്നുണ്ടു്. പഴയ കെട്ടിടങ്ങളുടെ അവശേഷിപ്പുകൾ ഭൂമിക്കടിയിൽ വ്യക്തമായി കാണാനുണ്ടു്.

അവിടെനിന്നു ഞങ്ങൾ യോർദ്ദാൻ നദീതീരത്തേക്കാണു് പോയതു്. ക്രിസ്തു ജ്ഞാനസ്നാനം സ്വീകരിച്ച സ്ഥലത്തു ഒരു ചെറിയ ചാപ്പലുണ്ടു്. ചാവുകടലിനേയും ഗലീലയക്കടലിനേയും യോജിപ്പിച്ചുകൊ

ബന്ധിക്കുന്ന പ്രധാന പ്രശ്നം. തെറ്റുകൂടാതെ ഭർത്താവിനെ എത്രമാത്രം വഞ്ചിക്കാം? ലീലാമ്മ പറഞ്ഞു: "ഭർത്താവു് ഉദ്യോഗസ്ഥനോ കർഷകനോ ആയിക്കൊള്ളട്ടെ. ആരായാലും അയാൾ പണം സമ്പാദിക്കുന്നവനായിരിക്കണമെന്നേ എനിക്കുള്ളൂ.

അട്ടക്കുളയിൽ കടന്നു പുകയടിക്കുവാനോ തീ ഊതാനോ, ഭക്ഷണം പാകംചെയ്യുവാനോ എന്നെക്കൊണ്ടു പറ്റുകേലാ. വണ്ണംവച്ചു വീങ്ങിയിരിക്കുന്ന ഞാനെങ്ങനെ കുനിയുമെന്നു നിരൂപിച്ചു പറയു. രണ്ടോ മൂന്നോ വേലക്കാർ വേണം എനിക്കു്. ഒരു ലൈറ്റും പൈപ്പും പങ്കയുമില്ലാത്ത വീടെന്തിനു കൊള്ളാം? വഴിയരികിൽ രണ്ടും മൂന്നും മണിക്കൂർ ബസ്സിനുവേണ്ടി കാത്തുനില്ക്കുന്നതു് എനിക്കുപോലുമുള്ള വക്കു് അഭിമാനകരമല്ല. അതുകൊണ്ടു് സ്വന്തമായി ഒരു കാർ അത്യാവശ്യമാണു്. എന്നാൽ ജോസുകുട്ടിയുടെ മനസ്ഥിതി എന്താകുമെന്നു കേൾക്കണോ?

ണ്ടാണു് യോർദ്ദാൻനദി ഒഴുകുന്നതു്. നദിയിറമ്പിലൂടെ ഞങ്ങൾ ചാവുകടലിലേക്കു പോയി. സമുദ്രനിരപ്പിൽ നിന്നു 1300 അടിതാഴെയാണു് ചാവുകടൽ സ്ഥിതി ചെയ്യുന്നതു്. ഞങ്ങൾ കടലിലിറങ്ങി അതിലെ വെള്ളം രുചിച്ചുനോക്കി. അസഹനീയമായ ഉപ്പുരസമാണു് ആ വെള്ളത്തിനുള്ളതു്. സാധാരണ കടൽവെള്ളത്തിൽ കാണപ്പെടുന്നതിനേക്കാൾ എപ്സം സോൾട്ടുകൂടി കലക്കിയാൽ ഒരുപക്ഷേ ആ വെള്ളത്തിന്റെ രുചി തോന്നിയേക്കാം. ചാവുകടലിൽ ജീവനുള്ള യാതൊരു ജന്തുവുമില്ല. ഒരു ജന്തുവിനും അതിൽ ജീവിക്കുക സാദ്ധ്യവുമല്ല. പ്രകൃതിവിരുദ്ധമായ അശുദ്ധപാപങ്ങളിൽ മുഴുകി ജീവിച്ചിരുന്ന സോദോം ഗോമോറ എന്ന പട്ടണങ്ങളേയും ലോത്തും തന്റെ കുടുംബാംഗങ്ങളും ഒഴികെ അവിടെയുണ്ടായിരുന്ന സകല ജനങ്ങളേയും ആകാശത്തിൽനിന്നു തീയും ഗന്ധകവും അയച്ചു് നശിപ്പിച്ച സംഭവം വേദപുസ്തകത്തിൽ (സൃഷ്ടി 19-ാം അധ്യായം) വിവരിച്ചിട്ടുണ്ടല്ലൊ. ദൈവത്തെ മറന്നു് ജഡികമായ സന്തോഷങ്ങളിൽ മുഴുകി ജീവിക്കുന്നവക്കു് വരുവാനിരിക്കുന്ന ശിക്ഷയുടെ ഒരു മുന്നറിയിപ്പായി ചാവുകടൽ ഇന്നും സ്ഥിതി ചെയ്യുന്നു.

വിശുദ്ധസ്ഥലങ്ങളിൽ കണ്ടതും കേട്ടതുമായ പല കാര്യങ്ങളെപ്പറ്റിയും നിങ്ങളെ അറിയിക്കുവാൻ ആഗ്രഹമുണ്ടെങ്കിലും ഈ കത്തു് കുറെയധികം ദീർഘിച്ചുകൊണ്ടു് തല്ക്കാലം നിറുത്തുന്നു. ആ പുണ്യഭൂമിയിൽ താമസിക്കുവാനിടയായ പത്തു ദിവസങ്ങൾ എന്റെ ജീവിതത്തിലെ ഏറ്റവും ഭാഗ്യപ്പെട്ട ദിവസങ്ങളായി ഞാൻ കരുതുന്നു. അവിടെ ഞാൻ അപ്പിച്ച ഓരോ ദിവ്യബലിയും നമ്മുടെ ശ്രുപതയ്ക്കുവേണ്ടിയും ശ്രുപതയിലുള്ള ഓരോരുത്തർക്കുവേണ്ടിയും പ്രത്യേകം കൂട്ടികളായ നിങ്ങൾക്കുവേണ്ടിയുമാണു് കാഴ്ചവച്ചതു്. നിങ്ങളെല്ലാവരും ഉത്സാഹിച്ചു പഠിച്ചു് നല്ല കുഞ്ഞുങ്ങളായി വളർന്നുവരണമെന്നുള്ളതാണു് എന്റെ ആഗ്രഹവും പ്രാർത്ഥനയും.

അടുത്തുവരുന്ന വർഷാവസാന പരീക്ഷയിൽ എല്ലാവരും പാസ്സാകുന്നതിനുവേണ്ടിയും പ്രത്യേകം പ്രാർത്ഥിച്ചുകൊള്ളാം. നല്ലദൈവം നിങ്ങളേയും നിങ്ങളുടെ മാതാപിതാക്കന്മാരേയും വീട്ടിലുള്ള എല്ലാവരേയും നിങ്ങളുടെ പ്രിയപ്പെട്ട അധ്യാപകരേയും ധാരാളമായി അനുഗ്രഹിക്കട്ടെ.

സ്നേഹാശിസ്സുകളോടെ,
നിങ്ങളുടെ വത്സലപിതാവു്

+ Sebastian Vallopilly

തലശ്ശേരി
330-1-'63

തലശ്ശേരിശ്രുപതയുടെ മെത്രാൻ.

പണമുണ്ടെങ്കിൽ മാത്രമേ ഭക്ഷണകാര്യം ഭംഗിയായിരിക്കൂ, വൈദ്യുതദീപങ്ങൾ കൊണ്ടു പ്രയോജനമില്ല; കറണ്ടില്ലാതെവരുമ്പോൾ ഇരുട്ടത്തിരിക്കേണ്ടിവരും. ഉഷ്ണിക്കുമ്പോൾ വിശറികൊണ്ടു വീശിയാൽ വ്യായാമം ലഭിക്കും. റേഡിയോ ഗാനങ്ങളേക്കാൾ നല്ല തൂതന്നത്താൻ നല്ല പാട്ടുകൾ പാടുന്നതാണു്. കിണറ്റിൽനിന്നും വെള്ളം കോരിയാൽ ആരോഗ്യം വർദ്ധിക്കും. ഒരാളെ നശിപ്പിക്കണമെന്നുണ്ടെങ്കിൽ, അയാൾക്കു് ഒരു കാർ സമ്മാനിച്ചേക്കുക.

ഇതെല്ലാം 18-ാം നൂറ്റാണ്ടുകാരന്റെ ആശയങ്ങളല്ലെ? ഇതിനോടെല്ലാം, കുറെ പരിഷ്കാരം കണ്ടിട്ടുള്ള ഞാനെങ്ങനെ പൊരുത്തപ്പെട്ടുപോകും? ഇതെല്ലാം കഴഞ്ഞ പ്രശ്നങ്ങളാണെന്നു നിങ്ങൾക്കു തോന്നുന്നില്ലെ? എന്നാൽ എസെ ഗാംബന്ധിച്ചിടത്തോളം ഇതൊന്നും പ്രശ്നങ്ങളേയല്ല. ഒരു ലുബ്ധന്റെ കൂട്ടത്തിൽ എങ്ങനെ മൗനമായി കഴിഞ്ഞുകൂട്ടും എന്നതായിരുന്നു വിവാഹം കഴിഞ്ഞതിനുശേഷം എനിക്കുണ്ടായ ചിന്ത. ഒരുമാസംകൊണ്ടു ജോസുകുട്ടിയുടെ ഗതിവിഗതികളെല്ലാം ഞാൻ ശ്രദ്ധിച്ചു പഠിച്ചു. ഗ്രന്ഥങ്ങളുടെ അകവും പുറവുമല്ലാതെ മറെറാരു കാര്യവും ഗ്രഹിക്കുവാൻ അദ്ദേഹത്തിനു് കഴിവില്ലെന്നു് ഞാൻ മനസ്സിലാക്കി. ഏറ്റവും കുറഞ്ഞ ചെലവിൽ കാര്യങ്ങൾ പോകണമെന്നേ അദ്ദേഹത്തിനുള്ളു. ചെലവുകൂടാതെ കാര്യങ്ങൾ ഏറ്റവും ഭംഗിയാകുന്നു എന്നുകണ്ടാൽ അദ്ദേഹത്തിനു അതിൽപരം സന്തോഷമില്ല. പക്ഷെ ചെലവുചെയ്യാതെ കാര്യങ്ങൾ വല്ലതും നടക്കുമോ? ഞാനൊരു സൂത്രം പ്രയോഗിച്ചു.

ഇതൊന്നും പറഞ്ഞാലും അദ്ദേഹം അതിനെ വിശ്വസിക്കാതെ തരമില്ല. 'കിച്ചൻ' സംബന്ധിച്ച ചെലവുകൾക്ക് ഞാൻ കൊട്ടക്കണക്കാണ് കണക്ക്. ഇടംവലം നോക്കാതെ ഞാൻ കൊട്ടക്കണക്ക് കണക്കനുസരിച്ച് അദ്ദേഹം പണംതരുമെന്നു തീച്ച്. ഒരു റാത്തൽ മാംസം വാങ്ങിച്ചിട്ട രണ്ടു റാത്തൽ എന്നു ഞാൻ കണക്കു കൊട്ടക്കും. അതുപോലെ മറ്റു സാധനങ്ങളും. അങ്ങനെ ഞാൻ തന്നെ ഒരു സമ്പാദ്യക്കാരിയായി. അദ്ദേഹത്തിന്റെ അനുവാദംകൂടാതെ ഞാൻ ഒരു റേഡിയോ വാങ്ങിച്ചു. അതിനു എങ്ങനെ പണമുണ്ടായി എന്ന ചോദ്യം സ്വാഭാവികമാണല്ലൊ. അയൽപക്കത്തെ പാമ്പിൽ മേഞ്ഞുനടന്നിരുന്ന കുറെ മുരിക്കട്ടന്മാരെ കാണിച്ചിട്ട പറഞ്ഞു: കണ്ടോ ആ പശുക്കൾ! അതിന്റെ പാലു കുറെ വിറ്റാണ് ഞാൻ പണമുണ്ടാക്കുന്നതു്. നിങ്ങളുടെ ആരുടേയും പണം എനിക്കു വേണ്ട. എന്റെ അങ്ങള തന്ന പണം കൊടുത്താണ് ഞാൻ പശുക്കളെ വാങ്ങിച്ചതു്. അതു കേട്ടപ്പോൾ അദ്ദേഹത്തിനു വളരെ സന്തോഷമായി.

തന്റെ ഒരു സ്നേഹിതനോട് അദ്ദേഹം എന്നെപ്പറ്റി ഇങ്ങനെ പറയുന്നതുകേട്ട: "ലീലാമ്മ ബഹു സമർത്ഥയാണ്. ഞാൻ അറിയാതെതന്നെ അവൾ പശുക്കളെ വാങ്ങി പാൽകച്ചവടം നടത്തി വലിയൊരു തുക സമ്പാദിച്ചുകളഞ്ഞു." അതുകേട്ട് ആ സ്നേഹിതൻ ഊറിച്ചിരിക്കുന്നതു ഞാൻ കാണുകയുണ്ടായി. ഞാൻ ചെയ്യുന്നതെന്തെന്നു് അയാൾക്കറിയാമായിരുന്നു. എന്നാലും എന്റെ ചീട്ടു വെട്ടുവാൻ അയാൾക്കു സാദ്ധ്യമല്ല. എന്റെ അഭിമാനം പണയപ്പെടുത്തിയും ഞാൻ അയാളെ സഹായിക്കുന്നുണ്ട്.

രാജമ്മയും അമ്മച്ചിയും അങ്ങനെ കണ്ണുമിഴിച്ചിരിക്കയാണ്. അവർ പരസ്പരം നോക്കി, ലീലാമ്മയുടെ ധീരകൃത്യങ്ങളും വഞ്ചനകളും ഒരു പട്ടികപോലെ നിരപ്പകിട്ടോടുകൂടി അവളുടെ അധരങ്ങളിൽനിന്നുതന്നെ പൊഴിഞ്ഞുവീണപ്പോൾ. സ്വന്തം സാമർത്ഥ്യങ്ങളുടെ ഒരു കഴുമുത്തു നടത്തുകയായിരുന്ന ലീലാമ്മ. പക്ഷെ അതു കേൾക്കുന്നവരുടെ ഹൃദയത്തിൽ പതിയുന്ന ചിത്രത്തിലെ കരിനിഴലുകൾ എത്രമയാനകമെന്നു് അവൾക്കു ഗ്രഹിക്കുവാൻ കഴിഞ്ഞില്ല. പുരികം ചുളിച്ചുകൊണ്ട് രാജമ്മ ചോദിച്ചു: "അഭിമാനം പണയപ്പെടുത്തിയൊക്കാണ്ട് ഒരാളെ സഹായിക്കുന്നു എന്നു പറഞ്ഞതല്ലൊ; അതെങ്ങനെ?"

തന്റെ സാമർത്ഥ്യങ്ങളെപ്പറ്റി കേൾക്കുവാനുള്ള അവരുടെ ഉത്സാഹം ഇത്രമാത്രം വർദ്ധിക്കുവാൻ തന്റെ അസാധാരണ വാഗ്പാടവമാണു് പ്രയോജനപ്പെട്ടതെന്നു് അവൾ ദൃഢമായി വിശ്വസിച്ചു. ഒന്നരണ്ടു പുഴപ്പല്ലുകൾ, കർട്ടൻ നിക്കി പ്രദർശിപ്പിക്കുന്ന മട്ടിൽ അവൾ കുലുങ്ങി ചിരിച്ചിട്ടു തുടങ്ങി: അയാൾ ഒരു പാഴ്സി, നല്ല ധനികൻ. ഭാര്യയുടെ അനുജത്തിയും അയാളുമായി സ്നേഹത്തിലാണ്. അവരുതമ്മിൽ കാണുവാനുള്ള സൗകര്യം ഞാൻ ഉണ്ടാക്കിക്കൊടുക്കുന്നു. അത്രമാത്രം. എനിക്കതുകൊണ്ടുള്ള നേട്ടമെന്തെന്നറിയാമോ? അവൾ എനിക്കു സമ്മാനങ്ങൾ തരും. അയാൾ എന്നെപ്പറ്റി എപ്പോഴും സ്തുതിച്ചു ഭർത്താവിനോടു പറയും."

രണ്ടുപേരുടേയും ജിജ്ഞാസ മുഴുത്തു. രാജമ്മ ചോദിക്കയാണ്: ജോസുകുട്ടി ഈ തന്ത്രങ്ങളൊക്കെ കണ്ടുപിടിക്കയില്ലെ?"

"എന്റെ തന്ത്രങ്ങൾ കണ്ടുപിടിക്കുക! നിനക്കെന്തറിയാം! ജോസുകുട്ടി ഒരു സന്യാസിയെപ്പോലെയാണ് ജീവിക്കുന്നതു്. ഇടത്തോട്ടും വലത്തോട്ടും അദ്ദേഹം നോക്കുകയില്ല. ഞങ്ങളുടെ ബംഗ്ലാവിന്റെ നാലു മുറികളെ അദ്ദേഹം കണ്ടിട്ടുള്ളൂ. പഠനമുറി, ഊണുമുറി, കിടക്കമുറി, കുളിമുറി. വെളുക്കുമ്പോൾ അദ്ദേഹം ഓഫീസിൽ പോയാൽ വൈകുന്നേരമെതിരിയെ വരും. എനിക്കു പൂർണ്ണസ്വാതന്ത്ര്യമാണ്. ഒഴിവുദിവസം വീട്ടിലുണ്ടെങ്കിൽപോലും അദ്ദേഹം പഠനമുറിയിൽനിന്നു പുറത്തിറങ്ങുകയില്ല."

ലീലാമ്മയുടെ സ്വഭാവം! അവളെ അഭിനന്ദിക്കണമൊ? ഈ കഥകൾ മറ്റൊരാൾ ഒരു റിപ്പോർട്ടാക്കി പറഞ്ഞിരുന്നുവെങ്കിൽ രണ്ടുപേരും വിശ്വസിക്കയില്ലായിരുന്നു. ഇവിടെ ലീലാമ്മ തന്നെ തന്റെ സാമർത്ഥ്യങ്ങൾ വിവരിക്കയാണ്. തങ്ങൾ ഇതൊന്നും വിശ്വസിക്കുന്നില്ലെന്നു പറഞ്ഞാൽ ലീലാമ്മ കലി തുള്ളുമായിരിക്കും. ഇതെല്ലാം സത്യമെങ്കിൽ, അവളുടെ സാമർത്ഥ്യങ്ങളെപ്പറ്റി അത്ഭുതം തോന്നുന്നു എന്നു പറയണമോ? അവരുടെ മുഖത്തു ദൃശ്യമായ സ്തോഭങ്ങൾ കണ്ടപ്പോൾ ലീലാമ്മയ്ക്കു വളരെ ആനന്ദമുണ്ടായി. മദ്ധ്യാഹ്നം കൊണ്ടുവരാമെന്നുപറഞ്ഞു് അവൾ അടുക്കളയിലേയ്ക്കു് ഓട്ടകയും ചെയ്തു. വിത്തു പാകിക്കഴിഞ്ഞു് അതു മുളച്ചുപൊങ്ങുവാനുള്ള സമയം കൊടുക്കണം.

അവർ പരസ്പരം നോക്കിച്ചിരിച്ചു. രാജ്ഞിയാണു് മുഖവുര സൃഷ്ടിച്ചതു്. "അമ്മച്ചി എന്തു പറയുന്നു ഈ ലീലാമ്മയെപ്പറ്റി? ഒരു സ്ത്രീ ചീത്തയായാൽ ഇത്രമാത്രം ചീയുമൊ? മേച്ചിയുടെ ചില സംസാരവും പ്രവൃത്തികളും കണ്ടപ്പോൾ എനിക്കു വളരെ മതിപ്പുതോന്നി ആദ്യം. എന്നാൽ അടുത്തറിയുന്തോറും വെറുപ്പു വർദ്ധിക്കയാണു്. ഇപ്പോൾ പറഞ്ഞ കഥകളെല്ലാം ഒരുവേള നുണയായിരിക്കാം. പക്ഷെ നമ്മളിതൊന്നും വിശ്വസിക്കുന്നില്ലെന്നു പറഞ്ഞാൽ മേച്ചി സങ്കല്പിക്കും നമുക്കവളെപ്പറ്റി അസൂയയാണെന്നു്. ഇവൾ ഇങ്ങനെയെല്ലാം ചെയ്തതാണെങ്കിൽ! അമ്മച്ചിക്കെങ്ങനെ തോന്നുന്നു?

സ്ത്രീയുടെ വഞ്ചന

"നിന്നെപ്പോലെ ഞാനും അത്ഭുതപരതന്ത്രയായിരിക്കയാണു്. വീട്ടാവശ്യങ്ങൾക്കു ന്യായമായ ചെലവുചെയ്യാൻ സമ്മതിക്കയില്ലാത്ത ഭർത്താക്കന്മാർ പലേടങ്ങളിലും കാണും. പണമില്ലെങ്കിൽ അതു ക്ഷന്തവ്യമാണു്. എന്നാൽ വെറും ലുബ്ധുമൂലമാണെങ്കിലോ? പുരുഷന്മാർ തങ്ങളുടെ സ്വന്തം ആവശ്യങ്ങൾക്കു ചെലവുചെയ്യും. എന്നാൽ സ്ത്രീകളുടെ ആവശ്യങ്ങൾ അവരുടെ കണ്ണിൽപെടുകയില്ല. ഭാര്യമാരെ കള്ളികളാക്കുവാൻ ഭർത്താക്കന്മാർ, അവരറിയാതെതന്നെ വളരെ ബുദ്ധിമുട്ടാറുണ്ടു്. ഒരിക്കൽ പടിഞ്ഞാറേലെ കുഞ്ഞുറോസു് എന്നോടു പറഞ്ഞു, ഭർത്താവു് അവളെ വിശ്വസിക്കുന്നില്ലെന്നു്. അയാൾ എന്താണു് ചെയ്തിരുന്നതെന്നു് കേൾക്കണോ?

ഒരരിപ്പെട്ടി തീപ്പിച്ചു് ഒരു മാസത്തേയ്ക്കുള്ള അരി അയാൾ അതിൽ ശേഖരിച്ചിട്ടു്, അതു പൂട്ടി അയാൾ താക്കോലും തിരുകി അങ്ങു നടക്കും. അടുക്കളയിലല്ലാതെ ഭാര്യയ്ക്കു വേറൊരു മുറിയിലും പ്രവേശനമില്ല. ദിവസം രണ്ടിടങ്ങഴി അരി എന്നാണവിടത്തെ കണക്കു്. നേരംവെളുക്കുമ്പോൾ കുഞ്ഞുറോസു് ഒരു പാത്രവുമായി കുഞ്ഞൗസേപ്പിന്റെ അടുക്കൽ വരണം. അയാൾ അരയിൽനിന്നും താക്കോലെടുത്തു്, പെട്ടിതുറന്നു് രണ്ടിടങ്ങഴി അരി അളന്നു് കുഞ്ഞുറോസിന്റെ പാത്രത്തിൽ സ്ഥാപിക്കും. കറിക്കുള്ള സാധനങ്ങളും തിട്ടപ്പെടുത്തിക്കൊടുക്കും. ആ വീട്ടിലെ ഒരു ദിവസത്തെച്ചെലവിനു്, അയാൾ എണ്ണിക്കൊടുക്കുന്നതു മതിയാവും.

പക്ഷേ വിരുന്നുകാർ വരുന്നതു ചിലപ്പോൾ അപ്രതീക്ഷിതമായിട്ടാണല്ലൊ, ഒരു ദിവസം വന്നതു കുഞ്ഞുറോസിന്റെ ആങ്ങള. മറ്റൊരുദിവസം വന്നതു കുഞ്ഞൗസേപ്പിന്റെ പെങ്ങളും, അവളുടെ രണ്ടു മക്കളും. എന്നാൽ വിരുന്നുകാർ വന്നിരിക്കുന്നു എന്നുവിചാരിച്ചു് കുഞ്ഞൗസേപ്പു് തന്റെ അരയിൽനിന്നു് താക്കോലഴിക്കയില്ല. ഉള്ളതുകൊണ്ടു് എല്ലാവർക്കും എന്നാണു് അയാളുടെ പ്രമാണം. എന്നാലും തന്റെ പാത്രത്തിൽ ചോറു് കുറയുന്നതു് കുഞ്ഞൗസേപ്പു് സഹിക്കയില്ല. പള്ളിക്കൂടത്തിൽ പഠിക്കുന്ന രണ്ടു കുട്ടികളുണ്ടു്. അവരുടെ പാത്രത്തിൽ കുറവു വരുത്താമോ? വിരുന്നുകാരെ തൃപ്തരാക്കിയില്ലെങ്കിൽ അതു കുറച്ചിലുമാണു്, പിന്നെ ആരുടെ പാത്രത്തിലേതു കുറയ്ക്കാം? കുഞ്ഞുറോസിന്റേതുമാത്രം. അങ്ങനെ കുഞ്ഞുറോസു് പലപ്പോഴും പട്ടിണി കിടന്നിട്ടുണ്ടു്. പട്ടിണികിടന്നു മടുത്തപ്പോൾ, എന്തുചെയ്യണമെന്നു് അവൾ എന്നോടു ചോദിച്ചു.

പറഞ്ഞ ഒരു മരുന്നാണു് ഞാൻ പറഞ്ഞുകൊടുത്തതു്. നീ ഉണ്ടില്ലെങ്കിലും ഭാര്യയെ ഊട്ടണമെന്നാണല്ലൊ വിവാഹവേളയിൽ വൈദികർ ഭർത്താവിനെ ഉപദേശിക്കാറുള്ളതു്. പക്ഷേ അതനുസരിച്ചു പ്രവർത്തിക്കുന്ന ഭർത്താക്കന്മാർ വല്ലവരും ഉണ്ടോ? ഭാര്യ പട്ടിണി കിടന്നുകൊള്ളണമെന്നു് ദൈവപ്രമാണങ്ങളിലോ തിരുസഭയുടെ കല്പനകളിലോ ഇല്ല. തന്നെപ്പോലെ മറ്റെല്ലാവരേയും സ്നേഹിക്കണമെന്നാണു് കല്പന. പെട്ടിക്കൊരു മറുതാക്കോൽ തീർപ്പിക്കുവാൻ ഞാൻ അവളോടു പറഞ്ഞു. അതു കേട്ടപ്പഴേ അവൾ ചിരിച്ചുകൊണ്ടോടി.

വളരെ രസകരമാണു് പിന്നത്തെ അവളുടെ കുടുംബചരിത്രം. ഓരോ ദിവസവും രണ്ടിടങ്ങഴി അരി വാങ്ങിച്ചുകഴിഞ്ഞു് രണ്ടിടങ്ങഴികൂടി അവൾ മറുതാക്കോൽ ഉപയോഗിച്ചു് എടുക്കുമായിരുന്നു. 15 ദിവസം കഴിഞ്ഞപ്പോൾ അരിയുടെ സ്റ്റോക്കു് തീർന്നിരിക്കുന്നു! വളരെ വിസ്മയത്തോടുകൂടി കുഞ്ഞൗസേപ്പു് പെട്ടിക്കകത്തു കൈയിട്ടുനോക്കി. മൂലയ്ക്കുണ്ടും ഒളിച്ചുകിടപ്പില്ല. ചാത്തന്റെ ഉപദ്രവമായിരിക്കുമോ!! ചോദിക്കുവാൻ അയാൾക്കൊരു ഭയം. കുഞ്ഞുറോസില്ലാത്ത തക്കംനോക്കി അയാൾ അടുക്കളയിൽ കയറി ഒരു പരിശോധന നടത്തി. കരിഞ്ഞ ഒരു പുത്തൻകലം മാത്രം അയാൾ കണ്ടു. പഴയകലം പൊട്ടിയാൽ ഒരു പുത്തൻകലം മേടിക്കുക സാധാരണമല്ലെ. എങ്കിലും പഴയകലം താനറിയാതെ പൊട്ടിപ്പോയതിൽ അയാൾക്കമർഷം തോന്നി. (തുടരും)

"അമ്മച്ചി"

ഒരാസ്വാദനം

രാജാജ് വലിയതാഴത്ത്, സിക്കന്ദ്രബാദ്

കത്തോലിക്കാപ്രസിദ്ധീകരണശാലകളിൽനിന്നിറങ്ങുന്ന ഗ്രന്ഥങ്ങൾ പ്രായേണ ആശയസമ്പന്നങ്ങളാണെങ്കിലും, അവയ്ക്ക് അനുവാചകരെ ആനന്ദംകൊള്ളിക്കത്തക്ക നല്ല അവതരണരീതിയോ, സുന്ദരമായ ഭാഷാശൈലിയോ ഇല്ലെന്ന പരക്കെയുണ്ടൊരു പരാതി. എന്നാൽ ടീലാർകൃതികൾ ഇപ്പറഞ്ഞതിനൊരു അപവാദമാണെന്നാണ് അനുഭവസ്ഥർ സമ്മതിക്കാതിരിക്കയില്ല. നല്ല സ്വാദുള്ള ആഹാരസാധനങ്ങൾ മനോഹരമായ പാത്രത്തിൽ ഭംഗിയായി വിളമ്പിത്തന്നാൽ ഉണ്ടാകുന്നൊരു പ്രത്യേക സംതൃപ്തിയും ആനന്ദവുമില്ലെ? ഫാദർ ജി. സി. ടീലാറിന്റെ 'അമ്മച്ചി' എന്ന പുതിയ പുസ്തകം ഈയിടെ വായിച്ചപ്പോൾ എനിക്കുണ്ടായ അനുഭൂതി ഏതാണ്ടിതുപോലുള്ളതായിരുന്നു.

ഒരു വീട്ടമ്മച്ചി ഇരുന്നു രണ്ടു കുട്ടികാരോട് സംസാരിക്കുന്ന കുടുംബരംഗം അതിമനോഹരമായി ചിത്രീകരിച്ചിരിക്കുന്നു, കവർപേജിൽ. അതുകടന്ന് ഉള്ളിലേയ്ക്കു നോക്കിയാലോ! ലീലാമ്മയുടെ വീടാണ് രംഗം. രാജമ്മതന്റെ കുടുംബജീവിതത്തിലെ വിഷമതകളാകുന്ന 'വിഴുപ്പലാണ്ടവും' പേറി അങ്ങോട്ടു ചെല്ലുകയാണ്, എന്നിട്ട് ലീലാമ്മയും രാജമ്മയും മേരിയും കൂടിയുള്ള ഒരു സമ്മേളനം. കുടുംബജീവിതം വിജയപ്രദമാക്കുവാൻ സഹായിക്കുന്ന എന്തെല്ലാം പ്രായോഗികകാര്യങ്ങളാണ് ആ കൊച്ചുസദസ്സിൽ സരസമായി പ്രതിപാദിക്കപ്പെടുന്നതെന്നോ?

ദാമ്പത്യജീവിതത്തിനു അയോഗ്യരായ സ്ത്രീ പുരുഷന്മാരുടെ പരിമുന്ന ലക്ഷണങ്ങൾ, മേരിയെക്കൊണ്ട് ഗ്രന്ഥകാരൻ പറയിക്കുന്നതു്, നമ്മുടെ കുടുംബജീവിതക്കാർ മാത്രമല്ല, മേലിൽ ദാമ്പത്യജീവിതത്തിനു് ആഗ്രഹിക്കുന്നവരും പ്രത്യേകം വായിച്ചിരിക്കേണ്ടതാണ്.

നമ്മുടെ കുടുംബങ്ങളിൽ അമ്മമാർ സാധാരണ അഭിമുഖീകരിക്കേണ്ടിവരുന്ന വിവിധങ്ങളായ വിഷമപ്രശ്നങ്ങൾ, അവയ്ക്കുള്ള പ്രായോഗികമായ പരിഹാരമാർഗ്ഗങ്ങൾ, അമ്മമാരുടേയും ഭാര്യമാരുടേയും ഉത്തമമായ കർത്തവ്യനിർവഹണം, പ്രണയവിവാഹത്തിന്റെ പരിണാമം, സ്ത്രീക്കു് കുടുംബത്തിലും സമുദായത്തിലുമുള്ള സ്ഥാനം, അവളുടെ നാക്കിന്റെ പോക്ക്, കത്തോലിക്കവനിതകളും കലാപ്രകടനങ്ങളും, കലാകാരിയായ ഭരണങ്ങാനം കുമാരി, മുതലായി ഒട്ടനവധി വിഷയങ്ങളെപ്പറ്റിയുള്ള ലളിതകോമളവും സരസസമൃഷ്ടവും പണ്ഡിതോചിതവുമായ പ്രതിപാദനം വായനക്കാരെ അനായാസം മുന്നോട്ടു നയിക്കുന്നു, ഗ്രന്ഥത്തിന്റെ അന്ത്യംവരെ.

'അമ്മച്ചി' ഒരു നോവലോ പ്രബന്ധമോ എന്തുതന്നെ ആയിരുന്നാലും, ആ കൊച്ചു മാതൃസമ്മേളനത്തിൽനിന്നു് നമുക്കു ലഭിക്കുന്ന കാര്യങ്ങൾ ഒരു നോവലെന്നവണ്ണം വായിച്ചാസ്വദിക്കത്തക്കവയാണെന്നുള്ളതിനു സംശയമില്ല. ഒരു പ്രമാണഗ്രന്ഥമെന്നവണ്ണം നമുക്കതു പ്രയോജനപ്പെടുത്തുകയുംചെയ്യാം.

കലാവാസന തികഞ്ഞ കരംകൊണ്ട് ചമയ്ക്കുന്നതെന്തും കലാഭംഗിയുള്ളതായിരിക്കുമെന്നു് ഒരു ചൊല്ലുണ്ടല്ലൊ. എങ്കിൽ കലാവാസന തികഞ്ഞൊരു കരം, കരുതിക്കൂട്ടി ഒരു കലാപാത്രം സൃഷ്ടിച്ചാലൊ? അതാണീ 'അമ്മച്ചി.' ഇതിനകം മുപ്പത്തിരണ്ടോളം പുസ്തകങ്ങളും ഒട്ടനവധി ലേഖനങ്ങളും രചിച്ച് സാഹിത്യകലാസൃഷ്ടിയിൽ ആമഗ്നനായി കഴിയുന്ന ഫാദർ ജി. സി. ടീലാർ അവർകളുടെ ഈ 'അമ്മച്ചിയെ' ഏതൊരു ക്രൈസ്തവകുടുംബമാണ് സഹർഷം സ്വാഗതം ചെയ്യാത്തതു്? അദ്ദേഹത്തിന്റെ സുന്ദരമായ തൂലികയുടെ വിശ്രമരഹിതമായ ഈ ഉൽകൃഷ്ട സമുദായസേവനം നിർവിഘ്നം പുരോഗമിക്കട്ടെ എന്നാണീയുള്ളവന്റെ ആശംസ.

★

[N. B.: ജി. സി. ടീലാറിന്റെ "അമ്മച്ചി" ഒന്നാംഭാഗം പുസ്തകമായി തയാറായിരിക്കുന്നു. ആവശ്യപ്പെടുക— മാന്നാനം പ്രസ്സ്, കോട്ടയം.]



ക്ഷമാപണം

വി. വട്ടാലിൽ, എരുമാട്ട്

ഒച്ചവച്ചൊഴുകുന്ന ഒരു കൊച്ചുനദി. രണ്ടു സ്റ്റേറുകളെ വേർതിരിക്കുകയാണവൾ.

"നന്ദി" "പോയ്‌വരൂ" കേരളാസ്റ്റേറു യാത്രയയച്ചു. "വെൽകം" "ചെന്നൈ"നാട്ട സ്വാഗതംചെയ്തു. ശരത്‌കാലത്തു പൂമഴയും വേനൽക്കാലത്തു കുളിർകാറ്റും അനുഗ്രഹിക്കാറുണ്ടായിരുന്ന ആ ബോർഡുകളെ.

പച്ചപ്പട്ടു പുതച്ച കൊച്ചുകൊച്ചു കുന്നുകൾ നിറഞ്ഞ ഒരു ഗ്രാമപ്രദേശം. പണ്ടു പുല്ലു മേഞ്ഞിരുന്ന പീടിക ഇന്നു് ഓട്ടുമേഞ്ഞിരിക്കുന്നു. രണ്ടുമൂന്നു പുല്ലുമേഞ്ഞ പീടികകൾ കൂടി വദ്ധിച്ചിട്ടുണ്ടു്. ആസ്തിക്യത്തേയും സംസ്കാരത്തേയും വിളിച്ചറിയിച്ചുകൊണ്ടു് ഒരു ദേവാലയം അവിടെ സ്ഥിതിചെയ്യുന്നു. അമ്പലങ്ങളും ആൽത്തറകളും കുറവല്ല. ചുളിമുകളിലും മുക്കിലും കൃഷിക്കാരുടെ കുരകളും അവരുടെ അധ്വാനത്തെ ചൂഷണംചെയ്യുന്ന കുലകളും കുറുക്കൻപുല്ലുകളും ചിലേടങ്ങളിൽ കാണാം. അവയ്ക്കിടയിൽ ഒളിഞ്ഞു ഞെരുങ്ങി നില്ക്കുകയാവാം അവരുടെ മധുരക്കിനാക്കളുടെ കേദാരങ്ങൾ...!

വഴിയരികിൽ കണ്ടുമുട്ടുന്ന മനുഷ്യരിലെല്ലാം ചില പരിവർത്തനങ്ങൾ വന്നുകാണുന്നു. പുരോഗതിയുടേതല്ല; അധോഗതിയുടേതാണെന്നാണു തോന്നുന്നതു്. കണ്ണുകുഴിഞ്ഞു, കവിളൊട്ടി തൊലിചുരുണ്ട പ്രാകൃതമായി ഇടങ്ങിയിരിക്കുന്നു...

നിരത്തുവക്കത്തു ആ മാവും പ്ലാവും കൂടി നില്ക്കുന്നിടത്തു കുറേയിട ഇന്നും തരിശായിത്തന്നെ കിടക്കുന്നു. വർഷങ്ങൾക്കുമുന്നെ നിലനിന്നിരുന്ന മൂഢവിശ്വാസങ്ങൾ ഇനിയും അവസാനിച്ചിട്ടില്ലെന്നാണതു തെളിയിക്കുന്നതു്. അവിടെ പ്രേതങ്ങൾ കൂടിയിരിക്കുന്ന സ്ഥലമാണെന്നാണു് വയ്പു്...!

ചിന്തകൾ ഒരു പതിനഞ്ചു കൊല്ലങ്ങൾ പിന്നാലെയാണു്. ശരീരം ടാറിട്ട റോഡിലൂടെയാണു നീങ്ങുന്നതു്. അന്നു കാട്ടുകല്ലുകൾ നിരത്തിയ ഒരു കാട്ടുപാതയായിരുന്നു.

ഇന്നു്?...

—എങ്ങും നവീനയുഗത്തിന്റെ പരിഷ്കാരപ്പൊന്തവുകൾ! പുരോഗതി കുതിച്ചോടേണ്ട തെരുവീഥികൾ!

പുതുപൂക്കളുടെ പുതുമണവും മധുക്കളുടെ മാധുര്യവും ചേർന്ന മകരമാരുതൻ ഒന്നിനു പുറകെ മറെറാന്നായി വന്നെന്നെ കെട്ടിപ്പിടിച്ചുമ്മ വച്ചുകൊണ്ടിരുന്നു. അങ്ങനെ ഒരു മൈൽ നീങ്ങിയതറിഞ്ഞില്ല. കാലു നോവിക്കാത്ത റോഡായതുകൊണ്ടായിരിക്കാം. ഗ്രാമഹൃദയത്തിലെത്തിക്കഴിഞ്ഞു. രണ്ടുമൂന്നു മാളികക്കെട്ടിടങ്ങൾ തലയുയർത്തിനില്ക്കുന്നു. ആ കാണുന്നതു ഒരു ചാവടിയാണു്—മാന്യന്മാർക്കു താമസിക്കുവാനുള്ള സ്ഥലം. അതിനും ചില പരിഷ്കാരങ്ങളെല്ലാം വരുത്തിയിട്ടുള്ളതായി തോന്നുന്നു. അതു താൻ പഠിച്ചിരുന്ന സ്കൂളാണു്. ഇന്നു് അതൊരു ഹൈസ്കൂളായി ഉയർത്തിയിരിക്കുന്നു. സ്കൂളിനടുത്തുതന്നെ ഒരു പോസ്റ്റാഫീസും വന്നു...

പണ്ടത്തെ കുഗ്രാമമല്ലിന്നു്. കാടുകൾ തെളിഞ്ഞു. മേടുകൾ നിരന്നു. ആ കാണുന്ന 'ഹോളിബോൾ ഗ്രൗണ്ടിൽ അഞ്ചെട്ടുപേർ കളിക്കുന്നുണ്ടു്. റേഡിയോഗാനം അന്തരീക്ഷത്തിൽ അലഞ്ഞുനടക്കുന്നു. പീടികകൾതോറും ഗ്രാമഫോണുകൾ പാട്ടുന്നു...

ഇനിയുമുണ്ടു് തന്റെ ലക്ഷ്യത്തിലേയ്ക്കൊരു മൈലോളം. മുള്ളുകുറുമ്പൂർ ഇടതിങ്ങി വസിക്കുന്ന സ്ഥലമാണിതു്. പത്തുപതു പുൽപ്പുരകൾ കൂട്ടംകൂടി നില്ക്കുന്നു. അവയ്ക്കിടയിൽ രണ്ടുമൂന്നു ഓടിട്ട കെട്ടിടങ്ങൾ ഉയർന്നുകാണാം. കോളനിയിലേയ്ക്കു ഒളിക്കുകൾ കെട്ടിച്ചു സിമ

ൻറിട്ടിരിക്കുന്നു. കുടിലുകൾക്കു ചുറ്റും അഴുക്കു ചാലുകൾ കീറിച്ചിട്ടുണ്ട്. 'പ്രാഥമികവിദ്യാലയം' ഒരു ബോർഡു വിളിച്ചുപറയുന്നു,...കുടിലുകളുടെ മുറ്റത്തു കാണുന്ന മനുഷ്യരെല്ലാം 'നാലു കാണാവുന്ന' വസ്ത്രങ്ങളാണു് ധരിച്ചിരിക്കുന്നതു്. "ബാക്കവേർഡ് കമ്മ്യൂണിറ്റി"യുടെ പ്രവർത്തനക്ഷമതയാണു് നാമീകാണുന്നതു്... കൊള്ളാം, തരക്കേടില്ല.

പൊതുവെ കൃഷികളിലൊന്നുംതന്നെ വലിയ അഭിവൃദ്ധി കാണുന്നില്ല. കർഷകഭവനങ്ങൾക്കും വലിയ വ്യത്യാസങ്ങളൊന്നും വന്നു കാണുന്നില്ല. അവരെല്ലാം പണ്ടത്തെപ്പോലെതന്നെ കഴിയുന്നു. എന്താണീ ദുസ്ഥിതിക്കു കാരണം?...

കണ്ടും കേട്ടും ലക്ഷ്യത്തിലെത്തിക്കഴിഞ്ഞു. വിശാലമായൊരു മൊട്ടക്കുന്നിനു നിറുകയിൽ ഒരു കത്തോലിക്കാദേവാലയം തലയുയർത്തി നില്ക്കുന്നു. താഴെ മെയിൻറോഡരുകത്തു ഒരു കൊച്ചു ചായപ്പീടിക; അതിനടുത്തടുത്തു രണ്ടു മൂന്നു കൊച്ചുവീടുകൾ.

പണ്ടത്തെ പുല്ലുമേഞ്ഞ ഷെഡ്ഡുമാറി ഒരു പുത്തൻ പള്ളി പണിയിച്ചിരിക്കുന്നു. പാരിലാകെ പരിമളം പരത്തുന്ന പനിനീരുപോലെ കന്യകമറിയം ആ കൊച്ചുഗ്രാമത്തിൻറെ ഉച്ചിയിൽ വിടർന്നുനില്ക്കുകയാണു്...

പൂത്തിയായില്ലെന്നാണു് തോന്നുന്നതു്. ജാലകപ്പാളികൾ പിടിപ്പിച്ചിട്ടില്ല. കുമ്മായം പൂശാനുണ്ടു്...

ചെന്നപാടുതന്നെ പള്ളിയകത്തു കയറി പ്രാർത്ഥന കഴിച്ചു. അപ്പോഴല്ലെ മനസ്സിലായതു്, ഭിത്തികളെല്ലാം പൊട്ടിവിണ്ടിരിക്കുന്നു. പള്ളിയുടെ പിൻഭാഗം ഞെരിഞ്ഞാണിരിക്കുന്നതു്. അകത്തിരുന്നാൽ പുറത്തെ കാഴ്ചകളെല്ലാം ഭിത്തിയുടെ വിള്ളലിലൂടെ കാണാം!

പ്രാർത്ഥനകഴിഞ്ഞു പുറത്തിറങ്ങി വികാരിയച്ചനെ കണ്ട വിവരങ്ങളെല്ലാം ചോദിച്ചറിഞ്ഞു.

പെട്ടെന്നു ഓമ്മയുടെ ചുരുളുകൾ മനസ്സിൻെറ മുറ്റത്തു നിവർന്നുവീണു....

ഏതാനുംവർഷങ്ങൾ ഇന്നാട്ടുകാരൊത്തു കഴിഞ്ഞിരുന്നപ്പോഴത്തെ ആളുകളേയും അവരുടെ ചരിത്രങ്ങളേയും പറ്റിയാണോമ്മവന്നതു്.

'നമുക്കൊരു പള്ളി വേണ'മെന്ന അഭിപ്രായം ഇന്നാട്ടിലെ നല്ലവരായ ചില മനുഷ്യരുടെ ഇടയിൽ ഉടലെടുത്തപ്പോൾ അതിനെതിരു പറയുവാനും അവരെ നിരുത്സാഹപ്പെടുത്തുവാനും ഇന്നാട്ടിൽ ആളുകളുണ്ടായിരുന്നു.

ആദ്യമായി ഒരു വന്ദ്യവൈദികൻെറ കാല്പാടുകൾ ഈ വനഭൂവിൽ പതിയാനുള്ള ഭാഗ്യമുണ്ടായപ്പോൾ ആളുകളിൽ ചിലർ ആക്രോശിച്ചട്ടഹസിച്ചു പുലമ്പി.

നവംനവമായി ഈ ഗ്രാമത്തിലെ നിമ്നവായുവിൽ കർത്താവിൻെറ സുവിശേഷം ലയിച്ചുചേർന്നപ്പോൾ, ഈ കാട്ടിൽ അവിടുത്തെ ദിവ്യബലി അർപ്പിക്കപ്പെട്ടപ്പോൾ നിസ്സഹകരിക്കുവാനും ഭീഷണി മുഴക്കുവാനും ഇന്നാട്ടിൽ കത്തോലിക്കരെന്നഭിമാനിക്കുന്നവർ തന്നെ ഉണ്ടായിരുന്നു!

അവരെല്ലാംതന്നെ മലമ്പനിവന്നും മലമ്പാമ്പു കടിച്ചും ഇഞ്ചിഞ്ചായി മരിച്ചു നിലവിളിച്ചുകരഞ്ഞു. ആ നിർഭാഗ്യവാന്മാർക്കു, പെറ്റുവളർത്തിയ മക്കളുടെപോലും പരിലാളന ഏല്ക്കാനുള്ള ഭാഗ്യമുണ്ടായില്ല!

വിളവുകൾ നശിപ്പിക്കുന്ന ക്ഷുദ്രജന്തുക്കളെ വിലക്കുവാൻ തങ്ങളേയും മുയലിയാരേയും അന്വേഷിച്ചിരുന്നവരാണു ഇവിടത്തെ കത്തോലിക്കർ! രോഗം സുഖപ്പെടുവാൻ മന്ത്രവാദം ചെയ്യിക്കുവാനും അമ്പലത്തിൽ കോഴിവെട്ടുവാനും മടിയില്ലാതിരുന്നവരാണു് ഇവിടത്തെ ചില ചേട്ടന്മാർ...!

ആ കാലങ്ങളെല്ലാം ഇനിയും അസ്തമിച്ചിട്ടില്ലെന്നാണു് അറിയാൻകഴിഞ്ഞതു്. പിന്നെ വിടുന്ന ദൈവമനുഗ്രഹിക്കും

നൂറു ദേശങ്ങളുടേയും ആയിരം കുടുംബങ്ങളുടേയും സംസ്കാരികാചാരങ്ങളെ മുറുകെപ്പിടിക്കുന്നവരാണോരോരുത്തരും. അവരെങ്ങനെയാണൊന്നിക്കുക.

—എന്താണിതിനൊരു പരിഹാരമാർഗ്ഗം?

എല്ലാറ്റിനുമായി എൻെറ ഹൃദയത്തിൻെറ അന്തരാളത്തിലൊരു മാർഗ്ദീപം കണ്ടു.

"ദൈവം തന്നെ നോക്കട്ടെ."

ഇരുളിൻെറ തിരശ്ശീല വീണുകഴിഞ്ഞു. പകൽ രാത്രിക്കു് അധികാരങ്ങളെല്ലാം വിട്ടുകൊടുത്തു. പകലവൻ വിദേശപര്യടനത്തിനു പുറപ്പെട്ടിരിക്കുകയാണു്. നിശാരാജൻ തൻെറ സൈന്യസമേതം ആകാശമണ്ഡലത്തിൽ പാറാവുനിന്നു. ഇനി അങ്ങേരുടെ ഭരണമാണു്.

പിറേറന്നത്തെ പ്രഭാതം പ്രസന്നതയോടെതന്നെ പൊട്ടിവിടർന്നു. തിരുസ്സഭ കടപ്പെട്ടുത്തിയ ദൈവത്തിൻെറ ദിനമാണു്—ഞായറാഴ്ച. രാവിലെ എട്ടരമണിക്കാണു് ദിവ്യപൂജ, പതിവുപോലെ മൂന്നാംമണി അടിച്ചുക

ഴിഞ്ഞപ്പോൾ ഞാൻ പള്ളിയകത്തേയ്ക്കുപോയി. രണ്ടുമൂന്നു അപ്പൂപ്പന്മാരും ഒന്നുരണ്ടു കിഴവിത്തള്ളമാരും പള്ളിയകത്തു സന്നിഹിതരായിരുന്നു.

നിമിഷങ്ങൾ ഇഴഞ്ഞിഴഞ്ഞു നീങ്ങി. പള്ളിയകത്തു കുറച്ചാളുകൾക്കൂടി വന്നു. മുട്ടുകുത്തിനിന്നു കാലു വേദനിച്ചതുകൊണ്ടാണെന്നു തോന്നുന്നു ആദ്യംവന്ന ഒരു തള്ള എഴുന്നേറ്റു പുറത്തേയ്ക്കുപോയി. രണ്ടുമൂന്നാളുംകൂടെ ഉടനെ അവരെ അനുഗമിക്കാനുണ്ടായി. ആദ്യം പോയ തള്ള ആനവാതുക്കൽ തിരിഞ്ഞുനിന്നു മറ്റുള്ളവരോടു കുശുകുശുക്കുന്നതു കേട്ടു.

"അങ്ങേരെ നിനക്കു മനസ്സിലായോ? നമ്മുടെ കുഞ്ഞുവക്കീടെ മോനാ. പണ്ടെങ്ങാണ്ടു മെത്രാനച്ചന്റെ കൂടെ പോയതല്ല്യേ? ഇപ്പോ പത്തുപന്ത്രണ്ടു കൊല്ലായീന്നു തോന്നണു."

"അതെയോ. കൊച്ചായേംലനാണോ? ഞാൻ കണ്ടിട്ടറിഞ്ഞില്ല. അവനെ അച്ചനാക്കാൻ കൊണ്ടുപോയതാന്ന; ഇല്ലെ?"

"പാവം! ആ കൊച്ചു വല്ലാതെ ബുദ്ധിമുട്ടീതാ. അതിന്റെ ഫലമാ ഈ കിട്ടിയതു്. ഒടനെമ്പിരാൻ അവനെ അനുഗ്രഹിച്ചു. ഇങ്ങേരുടെ ഇളേമ്മയുണ്ടല്ലൊ—രണ്ടാനമ്മ. മഹാ ചീത്തയാ!"

"അതെന്താ വല്യമ്മേ?" മറ്റൊരുവൾ ജിജ്ഞാസപൂണ്ടു.

എന്തോരം കഷ്ടപ്പെട്ടതീതാന്നോ. നേരം വെളുത്താൽ മുറ്റവും പുരയുമടിക്കണം, വെള്ളം കോരണം, പത്തു കറക്കണം, അതിനെ അഴിച്ചുകെട്ടണം, അതിനു വെള്ളംകൊടുക്കണം, പാത്രം കഴുകണം, നെല്ലുകുത്തണം എന്നുവേണ്ട തൊട്ടതൊക്കെ അവൻതന്നെ ചെയ്യണം. അവള കൈയുംകെട്ടി കയറിയിരിക്കും, ഒക്കെ കാലായാൽ വെളമ്പാൻനേരത്തു അടുക്കളയിൽ കയറും."

"അമ്പടി കേമി!" ഒരുവൾ അഭിപ്രായം പാസ്സാക്കി.

എന്നിട്ടോ, കേട്ടോ കൂതി. കുറ്റം ബാക്കിയും. അതൊട്ടത്തു പറേല്ല—ഇതൊട്ടക്കണ്ടതു അങ്ങനെയല്ല... എന്നുവേണ്ട കുറ്റംതന്നെ കുറ്റം. അതുംപോരാഞ്ഞു് അവന്റെ അപ്പനോടു വേണ്ടാത്ത ഏഴണിയൊക്കെ പറഞ്ഞാപ്പിക്കും...."

"നോക്കിക്കോണെ അമ്മയില്ലാത്ത കൊച്ചുങ്ങടെ ഗതി!"

"അയാളു അതെല്ലാം കേട്ടു അവക്കൊള്ളുള്ളോ?" ഒരുത്തിയുടെ ചോദ്യം.

ഉള്ളാതൊക്കോ? അല്ലെങ്കിൽ പച്ചവെള്ളം കിട്ടില്ല. അവളു പെണ്ണരപണ്ടാ."

അവരുടെ സംസാരങ്ങളെല്ലാം അങ്ങനെ നീണ്ടുനീണ്ടു പൊയ്ക്കൊണ്ടിരുന്നു.

പ്രാർത്ഥനയും കുർബാനയും മറ്റും കഴിഞ്ഞു പള്ളിയകത്തുനിന്നു പുറത്തേക്കിറങ്ങി, മുറിയിലേയ്ക്കു പോയി. വരാന്തയിലൊരു കാലൊച്ച കേട്ടു തിരിഞ്ഞുനോക്കിയപ്പോൾ...

—ഇളയമ്മയാണു്!

യൗവ്വനം തഴച്ചുനിന്നിരുന്ന മുഖവും ശരീരവും ചുക്കിച്ചുളിഞ്ഞു വികൃതമായിക്കഴിഞ്ഞിരിക്കുന്നു. വിടർന്ന പുഞ്ചിരി തങ്ങിനിന്നിരുന്ന അധരങ്ങൾ ചുങ്ങിച്ചുളിഞ്ഞു വിളർത്തിരിക്കുന്നു...

വരുന്നതെന്തെന്നറിഞ്ഞു. അപ്പച്ചനെ കാണാൻമേലാഞ്ഞതുകൊണ്ടാണു് വരാതിരുന്നതു്."

അല്പനിമിഷങ്ങൾ മൂകമായി നീങ്ങി, ഒന്നുമൊന്നും സംസാരിക്കുവാൻതന്നെ വാക്കുകൾ കിട്ടിയില്ല.

"ഇന്നു കുർബാനകഴിഞ്ഞു അങ്ങോട്ടു വരാമെന്നു കരുതിയിരിക്കുകയായിരുന്നു. പിന്നെ, എളേമ്മ വല്ലാതെ മെലിഞ്ഞുപോയല്ലൊ?"

"എന്റെ കുഞ്ഞേ അതൊന്നും പറയണ്ട. എല്ലാം നശിച്ചപ്പോഴാണു് എനിക്കു് നല്ലബുദ്ധി തോന്നിത്തുടങ്ങീതു്. ഇനി പറഞ്ഞിട്ടെന്തു കാര്യം?"

ഇളയമ്മയുടെ കണ്ണിൽനിന്നും രണ്ടുതുള്ളി കണ്ണുനീർ യാത്രപറയുന്നതു കണ്ടു.

"എന്നാ ഇളയമ്മേ കരയണെ?"

അവരുടെ കവിൾത്തടം ഒരു നീർച്ചാലായി മാറിയപോലെ തോന്നി. കണ്ണുനീർ മുത്തുകൾ ചാലുകളായി ഒപ്പാടിയൊഴുകി.

"മോനേ..."

"പറയു ഇളയമ്മേ"

ഗദ്ഗദം അവരുടെ വാക്കുകളെ തിന്നുതീർത്തു.

"മോനേ... ഈ ഇളയമ്മയ്ക്കു മാപ്പുതരണം."

"നീ എല്ലാമെല്ലാം മറക്ക മോനേ..."

സമാധാനമായിരിക്കു, ഇളയമ്മേ. ദൈവം നല്ലവനാണു്. അവിടുന്നു പാപമോചനപ്രിക്കുന്നവർക്കു മാപ്പുനല്കാതിരിക്കയില്ല....പ്രാർത്ഥിക്കുക....അവിടുന്നു എല്ലാം ക്ഷമിക്കും...മറക്കും. തീർച്ച്.

ദിവ്യബലിയും വിശ്വാസികളും

ഡോക്ടർ ജെ. ചേപ്പുങ്കൽ

എല്ലാം ക്രിസ്തുവിൽ സമുദ്ധരിക്കുക

1903 ആഗസ്റ്റ് 4. അന്നാണ് പീയൂസ് 10-ാമൻ സഭയുടെ പരമാധികാരിയായി ഭരണഭാരം കൈയ്യേറ്റത്. ദൈവത്തേയും ധാർമ്മികമൂല്യങ്ങളേയും മാറ്റിനിത്തിയിട്ട്, തൽസ്ഥാനത്തു മനുഷ്യബുദ്ധിയെ പ്രതിഷ്ഠിച്ച് പൂവിട്ട പൂജിക്കുവാൻ വെമ്പൽകൊണ്ടിരുന്ന ഒരു ലോകത്തെയാണ് ക്രിസ്തുവിന്റെ വികാരി തന്റെ ചുറ്റും കണ്ടത്. സ്വതന്ത്രചിന്തയുടെ കോളിളക്കങ്ങൾ പത്രോസിന്റെ പടവിന്മേൽ ആഞ്ഞടിക്കുന്നുണ്ടായിരുന്നു. സഭാംഗങ്ങളിൽ തന്നെ ഒരു വലിയ വിഭാഗത്തെ ലൗകീകതിക്കുപവും മതനിഷ്ക്രിയതയും കയ്യടക്കിക്കഴിഞ്ഞിരുന്നു. ആകാംക്ഷാഭരിതമായ ലോകനേത്രങ്ങൾ വത്തിക്കാനിലേയ്ക്കു തിരിഞ്ഞു. പ്രഥമ ചാക്രികലേഖനത്തിലൂടെ പുതിയപാപ്പാ തന്റെ പരിപാടി വ്യക്തമാക്കി: "എല്ലാം ക്രിസ്തുവിൽ സമുദ്ധരിക്കുക." പദ്ധതി പ്രയോഗത്തിൽ വരുത്തുവാനുള്ള മാർഗ്ഗവും അദ്ദേഹം ചൂണ്ടിക്കാണിച്ചു: "വിശ്വാസികളിൽ ഒരു നവചൈതന്യവും പുണ്യാത്മരൂപിയും ശ്രുപം കൊള്ളേണ്ടിയിരിക്കുന്നു. അൾത്താരയിൽ പരികർമ്മം ചെയ്യപ്പെടുന്ന ദിവ്യരഹസ്യങ്ങളിലുള്ള സജീവഭാഗഭാഗിത്വം വഴി മാത്രമേ അവകരഗതമാകയുള്ളൂ." ഈ സജീവഭാഗഭാഗിത്വം സാധിതമാക്കുവാൻ പ്രായോഗികപരിപാടികൾ നിശ്ചയിക്കുകയും കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കുകയുംചെയ്തു. അവയിൽ ഒട്ടും അപ്രധാനമല്ലാത്തൊന്നായിരുന്നു പ്രതിദിന ദിവ്യകാരുണ്യസ്വീകരണം സംബന്ധിച്ചുള്ള കല്പന.

ഏതാനും കൊല്ലങ്ങൾക്കുമുമ്പ് ഭാഗ്യസ്മരണാർഹനായ 12-ാംപീയൂസ് പാപ്പായും വിശ്വപ്രസിദ്ധമായ **Mediator Dei** എന്ന ചാക്രികലേഖനംവഴി വ്യക്തമാക്കി, തിരുക്കർമ്മങ്ങളിലുള്ള ബോധപൂർവ്വകമായ പങ്കുചേരൽ വഴിമാത്രമേ അടിയുറച്ച വിശ്വാസവും കറകളഞ്ഞ പരസ്നേഹവും തീക്ഷ്ണതനിറഞ്ഞ ഭക്തിയും വിശ്വാസികളിൽ വളരുകയുള്ളൂ എന്ന്.

എന്താണീ സജീവഭാഗഭാഗിത്വം?

'കുർബാന കാണുവാൻ' പള്ളിയിൽ പോവുക ഇന്നു അക്ഷരാർത്ഥത്തിൽ ശരിയാണ്. വെറും കാഴ്ചക്കാർ മാത്രമായി ജനങ്ങൾ തരംതാണിരിക്കയാണ്. ഒരു ചാവുദോഷത്തിൽനിന്നു രക്ഷപെട്ടല്ലൊ എന്ന സംതൃപ്തിയായിരിക്കും ഞായറാഴ്ചതോറും കാഴ്ചയുംകഴിഞ്ഞു മടങ്ങിപ്പോരുന്നവർക്കുള്ളത്. കടമുള്ള ദിവസങ്ങളിൽ കുർബ്ബാന കാണണമെന്നുള്ള നിയമം തിരുസ്സഭ നീക്കിക്കളയുന്നു എന്നു സങ്കല്പിക്കുക. ഇന്നത്തെ തിക്കും തിരക്കും അന്നു പള്ളിയിൽ കാണുമോ എന്നു കണ്ടറിയണം. ചാവുദോഷം പേടിച്ചു മാത്രമുള്ള ഈ പള്ളിയിൽപോക്ക് സജീവഭാഗഭാഗിത്വമാകയില്ല. മൗതികശരീരത്തിന്റെ ശിരസ്സായ മിശിഹാ ദിവ്യബലിയിൽ അപ്പുകനും ബലിവസ്തുവുമാണ്. അങ്ങനെയെങ്കിൽ അംഗങ്ങളായ വിശ്വാസികൾക്കും ദിവ്യബലിയിൽ ഒരു പ്രധാന പങ്കു വഹിക്കുവാനുണ്ട്. പൗരോഹിത്യപദവി സ്വീകരിച്ചിട്ടില്ലെങ്കിലും വ്യാപകമായ അർത്ഥത്തിൽ വിശ്വാസികളും അപ്പുകരാണ്. ഈ യാഥാർത്ഥ്യം മനസ്സിലാക്കി ഓരോരുത്തരും അവരവരുടെ കർത്തവ്യം നിറവേറ്റുക എന്നതത്രെ സജീവഭാഗഭാഗിത്വത്തിന്റെ ആകെത്തുക.

പുനരുദ്ധരിക്കപ്പെട്ട കുർബാനയും ഭാഗഭാഗിത്വവും

1962 ജൂലൈ 3 മുതൽ മലയാളത്തിൽ കുർബാന ചൊല്ലുവാൻ തിരുസിംഹാസനത്തിൽനിന്നു അനുമതി ലഭിച്ചിട്ടുണ്ട്. ഇനി മുതൽ വൈദികപദവിയിലേയ്ക്കുയർത്തപ്പെടുന്നവരെല്ലാം പുതിയ ക്രമത്തിലായിരിക്കും ദിവ്യബലി അർപ്പിക്കുക. കാലക്രമേണ എല്ലായിടത്തും നടപ്പാവുകയുംചെയ്യും. പൗരസ്ത്യറീത്തുകളുടെ പാരമ്പര്യം പരിരക്ഷിക്കുക എന്ന പൊതുനയത്തെ മുൻനിറുത്തി മാത്രമല്ല ഈ ആനുകൂല്യം നമുക്കു നല്കിയിരിക്കുന്നത്, പ്രത്യുത അൾത്താരയിലേയ്ക്കു നമ്മെ കൂടുതൽ അടുപ്പിക്കുവാൻ കൂടിയാണ്.

പ്രായോഗികമാർഗ്ഗങ്ങൾ

a) കുർബാനപ്പുസ്തകം: ദിവ്യബലിയിലെ പ്രാർത്ഥനകളടങ്ങിയ പുസ്തകമുപയോഗിച്ചു കുർബാന കാണുന്ന പതിവു നമുക്കു പണ്ടേ കുറവാണു്. കൊന്തനമസ്കാരമോ മാസവണക്കമോ കഴിച്ചു കുർബാന കാണുന്നവരാണധികവും. തങ്ങൾക്കു യാതൊരു കാര്യവുമില്ലാത്ത ഏതോ ചിലതെല്ലാം അൾത്താരയിൽ നടക്കുന്നു എന്ന ധാരണയോടുകൂടി പള്ളിയുടെ മൂലകളിലും തൂണിന്റെ മറവിലും മരത്തിന്റെ തണലിലും താവളമുറപ്പിക്കുന്ന കാഴ്ചമാത്രപ്രസക്തരും വിരളമല്ല. വികാരിയച്ചന്റെ കണ്ണു മറഞ്ഞാൽ വത്തമാനവും വഴക്കടിയുമായിക്കഴിയുന്ന വളരുന്ന തലമുറയുടെ കാഴ്ചം പറയുകയേ വേണ്ട. ഈ പതിവു മാറേറണ്ട കാലം വൈകിയിരിക്കയാണു്. കൊന്തനമസ്കാരം തുടങ്ങിയ ഭക്തകൃത്യങ്ങൾക്കു നമ്മുടെ ജീവിതത്തിൽ വലിയ സ്ഥാനമുണ്ടായിരിക്കേണ്ടതാണു്. പക്ഷെ ദിവ്യബലിയുടെ സമയം അവസ്സായി മാററിവയ്ക്കാവുന്നതല്ല. നേരെമറിച്ചു ദിവ്യബലിയുടെ നേരത്തു എളിമയുടേയും സ്നേഹത്തിന്റേയും ആരാധനയുടേയും വികാരങ്ങൾ നമ്മിൽ ഉദ്ദീപിപ്പിക്കുകയും നമ്മുടെ ഹൃദയവികാരങ്ങളും ഉദ്ദേശങ്ങളുംവഴി പ്രധാന പുരോഹിതനായ മിശിഹായോടു നാം ഗാഢമായി യോജിക്കുകയും നമ്മെത്തന്നെ ബലിവസ്തുവായി സമർപ്പിക്കുകയുമാണു് വേണ്ടതു്. അതിനുള്ള പ്രധാനമാർഗ്ഗം 'കുർബാനക്രമം' ഉപയോഗിച്ചു അതിൽ ജനങ്ങൾക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രാർത്ഥനകൾ ഭക്തിയോടുകൂടി ചൊല്ലുകയാണു്.

b) കുട്ടികളുടെ കാര്യം പ്രത്യേകിച്ചു്

ദിവ്യബലിൽ യഥായോഗ്യം പങ്കുകൊള്ളുവാൻ കുട്ടികളെ പരിശീലിപ്പിക്കുക ഇന്നത്തെ ഒരാവശ്യമാണു്. വലിയവരുടെ കാര്യത്തിൽ കുറെയെല്ലാം വിട്ടുവീഴ്ച വേണ്ടിവന്നേക്കാം. പക്ഷെ കുട്ടികളെ പരിശീലിപ്പിച്ചെടുക്കുന്ന കാര്യത്തിൽ ശ്രദ്ധിച്ചില്ലെങ്കിൽ ഇന്നത്തെ കുഴപ്പങ്ങൾ അടുത്ത ഭാവിയിലെങ്കിലും മാറാൻപോകുന്നില്ല. കുട്ടികളെ സംബന്ധിച്ചിടത്തോളം തിരുക്കർമ്മങ്ങൾ കഴിവതും ആകർഷകങ്ങളാക്കുകയാണു് താത്വികമായ വിശദീകരണത്തേക്കാൾ ഫലപ്രദം. ആദ്യമായി പ്രാർത്ഥനകൾ നിർത്തിയും ഭക്തിമയമായും ചൊല്ലുവാനും ഭംഗിയായി പാടുവാനും അവരെ പരിശീലിപ്പിക്കുക. അതുപോലെതന്നെ വെടിപ്പും വൃത്തിയുമുള്ള അൾത്താരവിരികൾ, ഭംഗിയുള്ള തിരുവസ്ത്രങ്ങൾ, ഉചിതമായ അലങ്കാരങ്ങൾ ഇവയെല്ലാം തിരുക്കർമ്മങ്ങളോടും മതിപ്പും ബഹുമാനവും കുട്ടികളിൽ വർദ്ധിപ്പിക്കുവാൻ പോരുന്നവയാണു്. അങ്ങനെ തിരുക്കർമ്മങ്ങൾ കൂടുതൽ ആകർഷകങ്ങളായിത്തീരുമ്പോൾ കുട്ടികളുടെ വർത്തമാനംപറച്ചിലും ഉറക്കംതൂങ്ങലുമൊക്കെ താനെ മാറിക്കൊള്ളും.

c) നില്ക്കണോ മുട്ടുകുത്തണോ?

പുതിയ കുർബാനക്രമമനുസരിച്ചു ദിവ്യബലിയുടെ നേരത്തു അധികസമയവും നില്ക്കുകയാണുവേണ്ടതു്. എങ്കിലും പ്രായോഗികവശങ്ങൾ കണക്കിലെടുത്തുകൊണ്ടു് വൈദികമേലദ്ധ്യക്ഷന്മാർ നല്കുന്ന നിർദ്ദേശങ്ങൾ പാലിക്കപ്പെടേണ്ടതാണു്. ഇവിടത്തെ പ്രശ്നമതല്ല. ഏതു നിലപാടു സ്വീകരിച്ചാലും അതിൽ ഐകരൂപ്യമുണ്ടാകണം. ഇതുപോലുള്ള ബാഹ്യാനുഷ്ഠാനങ്ങൾ എല്ലാവരും ഒന്നിച്ചു ഒരേരീതിയിൽ നടത്തുന്നതു നമ്മിലുള്ള ഐക്യബോധത്തെ അരക്കിട്ടുറപ്പിക്കുവാനും ദിവ്യബലിയിൽ നമുക്കുള്ള പങ്കിനെ അനുസ്മരിപ്പിക്കുവാനും സഹായിക്കുമെന്നുള്ളതു തീച്ചയാണു്.

ആനുകൂല്യം മാത്രമല്ല ചുമതലയും കൂടിയാണു്

"സജീവമായി ദിവ്യബലിയിൽ സംബന്ധിക്കുക തങ്ങളുടെ ഗൗരവമേറിയ കർത്തവ്യമാണെന്നു വിശ്വാസികൾ മനസ്സിലാക്കണം." എന്നു 12-ാം പീയൂസ്പാപ്പാ ഉപദേശിക്കുകയുണ്ടായി. ഈ ചുമതലയുടെ ഗൗരവം ബോധ്യമാകണമെങ്കിൽ ദിവ്യബലിയെപ്പററി വ്യക്തമായ ധാരണകൾ ഉണ്ടാകേണ്ടിയിരിക്കുന്നുവെന്നും അവിടുന്നു അനുസ്മരിപ്പിക്കുന്നു. അറിയാത്ത ഒന്നിനെ വേണ്ടവിധം വിലമതിക്കുക സാധ്യമല്ല. ദിവ്യബലിയേയും തിരുക്കർമ്മങ്ങളേയും കുറിച്ചു ഏകദേശമായ ജ്ഞാനമെങ്കിലും ലഭിക്കുന്നതോടൊപ്പം മറ്റു ചില കാര്യങ്ങൾകൂടി വിശ്വാസികളിൽ ആഴമായി പതിയേണ്ടതുണ്ടു്.

1) ക്രിസ്തുവും സഭയുമായുള്ള നമ്മുടെ ഐക്യം ഒരു യാഥാർത്ഥ്യമാണു്.

2) ക്രിസ്തുവുമായുള്ള ഈ ഐക്യത്തെ ഓരോ ക്രൈസ്തവനും അവന്റെ നിലയും വിലയും നേടിക്കൊടുക്കുന്നതു്.

3) യഥാർത്ഥഭക്തി അടങ്ങിയിരിക്കുന്നതു വികാരങ്ങളിലും ചൈതന്യരഹിതമായ ബാഹ്യാനുഷ്ഠാനങ്ങളിലുമല്ല, പ്രത്യുത നമ്മെത്തന്നെ പൂർണ്ണമായി ദൈവത്തിനു സമർപ്പിക്കുന്നതിലത്രെ. ഈ സ്വയം സമർപ്പണം ക്രിസ്തു



ചീനയ്ക്കെതിരെ അണിനിരക്കുവിൻ

എം. ജെ. ജോസഫ്

(ഓട്ടംതുള്ളൽ)

കഷ്ടം ഭാരതദേവീ നിന്നൊട്ട
ദുഷ്ടതയിങ്ങനെ കാട്ടിയ ചീന-
പ്പട്ടാളത്തിനു നായകനായൊരു
ദുഷ്ടനുപേരോ ചൗവെൻലായി
ഭാരതമക്കളൊടിങ്ങനെ കാട്ടിയ
ഘോരന്മാരായുള്ളൊരു ചീന-
ക്കാരെയുമവരുടെ കമ്മ്യൂണിസവും
വേരോടെ പിഴുതെറിയുകവേണം
ചോരച്ചൂജിക്കും ചീനക്കാരുടെ
ചാരന്മാരുണ്ടിവിടെയനേകർ.
ഇന്ത്യൻ കമ്മ്യൂണിസ്റ്റുകളിൽ ചില-
രിഞ്ചി ഭ്രജിച്ച കൂരങ്ങു കണക്കായ്
നമ്മുടെ ഇന്ത്യയ്ക്കുന്നേയ്ക്കും
കമ്മ്യൂണിസ്റ്റും കരത്തിൽനിന്നും
ചെമ്മേരക്ഷണമേകുകയെന്നതു്
നമ്മുടെ കടമയതെന്നറിയേണം
പൊന്നും പണവും നാട്ടിൻനന്മയെ
ഉന്നംവെച്ചു കൊടുത്തീടേണം
കഴിവില്ലെന്നു പറഞ്ഞിട്ടൊരുവനു-
മൊഴിവു പറഞ്ഞു നടന്നീടരുതെ
തൊഴിലാളികളും പണമതു ഫണ്ടിനു്
കഴിവതുപോലെ കൊടുത്തുവരുന്നു
വമ്പന്മാരായുള്ളൊരു ചീന-
ച്ചെമ്പന്മാരൊടെതിർപ്പാൻ നമ്മുടെ
കമ്പനിയുടമകളായവരെല്ലാ-
മമ്പൊട്ട മുമ്പിലിറങ്ങീടേണം
കച്ചവടക്കാ, രെസ്റ്റേറ്റുടമക-
ളച്ചന്മാരവർ, വക്കീലന്മാർ
വിദ്യാർത്ഥികളായുള്ളവരും പുന-
രദ്ധ്യാപകരും കഷ്കരവരും
സ്വന്തം നാടിനെ രക്ഷിക്കാനാ-
യന്തരമെന്യെയൊരുങ്ങീടേണം
കമ്മ്യൂണിസ്റ്റുകളായവരെല്ലാം
കന്മഷചിന്തയകറ്റീടേണം
കൂട്ടത്തോടു നാമൊത്തൊരുമിച്ചീ
നാട്ടിൽനിന്നും ചെമ്പന്മാരേ-
യാട്ടിപ്പായിച്ചുടനടി നമ്മുടെ
നാട്ടിനു നന്മ വരുത്തീടേണം.

—o+—

മതത്തിന്റെ ഒരവിഭാജ്യഘടകവുമാണ്. ഇതു സാക്ഷാത്കരിക്കപ്പെടുന്നതോ ദിവ്യബലിയിലുള്ള സജീവഭാഗഭാഗിത്വം വഴിയും.

ജീവിതത്തിലേയ്ക്കു പകർത്തുക

ഡയോക്ലേഷ്യന്റെ മതപീഡനകാലത്തു ദിവ്യബലിയിൽ സംബന്ധിച്ചു എന്നു കുറ്റം ചുമത്തി ഏതാനും ക്രൈസ്തവരെ കാരാഗൃഹത്തിലടച്ചു. സമാധാനം ബോധിപ്പിക്കുവാൻ ആവശ്യപ്പെട്ടപ്പോൾ അവരുടെ നായകനായ ഫെലിക്സ് നല്കിയ മറുപടി ശ്രദ്ധേയമാണ്. "ദിവ്യബലി ഞങ്ങളുടെ ജീവിതത്തിൽനിന്നുവേർപെടുത്തുക സാധ്യമല്ല. കാരണം അതത്രേ ഞങ്ങളെ യഥാർത്ഥ ക്രിസ്ത്യാനികളാക്കിത്തീർക്കുന്നതു്." ആദിമക്രിസ്ത്യാനികളുടെ ജീവിതത്തിൽ ദിവ്യബലിക്കുണ്ടായിരുന്ന സ്ഥാനം എന്തായിരുന്നുവെന്നു് ഇതിൽനിന്നു വ്യക്തമാകുന്നുണ്ടു്. ക്രിസ്തീയപരസ്നേഹത്തിലും വിശ്വാസസ്ഥിരതയിലും അവർ നമ്മേക്കാൾ മികച്ചവരായിരുന്നു. പൗരാണികമെന്നു കേൾക്കുമ്പോൾ ഭയപ്പെടാനൊന്നുമില്ല. ആദിമക്രിസ്ത്യാനികളുടെ അരൂപിയിലേയ്ക്കും ആദർശത്തിലേയ്ക്കും നാം തിരിച്ചുപോയേ മതിയാവൂ. ദിവ്യബലി നമ്മുടെ അനുദിനജീവിതത്തിന്റെ ഒരു ഭാഗമായിത്തീരട്ടെ. അപ്പോൾ ആദ്ധ്യാത്മികജീവന്റെ ശക്തിയേറിയ ചലനങ്ങൾ നമ്മിലും അനുഭവപ്പെടാതിരിക്കുകയില്ല.

★ ലിങ്കനും ഗാന്ധിയും ★

ഓസ്റ്റെൻ നസറേത്ത്

1869 ഒക്ടോബർ 2-ാംനു 94വർഷം മുമ്പ് ഇന്ത്യയിൽ അറബിക്കടലിന്റെ തീരത്തുള്ള പോർബന്തർ എന്ന ചെറുപട്ടണത്തിൽ,



ആധുനിക ഏഷ്യൻ ചരിത്രത്തിലെ ഒരു മഹാനേതാവും എക്കാലത്തേയും മഹാനേതാക്കന്മാരിൽ ഒരാളുമായി വളന്നു വരേണ്ട ഒരു ബാലൻ–മോഹൻദാസ് കരംചന്ദ്ഗാന്ധി- ജനിച്ചു. അതിനു് നാലു കൊല്ലം മുമ്പുമാത്രമാണു് 1865 ഏപ്രിൽ 15-ാം തിയതി വാഷിംഗ്ടണിൽവെച്ചു് എബ്രഹാംലിങ്കൻ നിര്യാതനായതു്. മഹാത്മാഗാന്ധി പഴയ ലോകത്തിൽ എങ്ങിനെയായിരുന്നുവോ അതുപോലെതന്നെ എബ്രഹാം ലിങ്കൻ പുതുലോകത്തിൽ സ്വാതന്ത്ര്യത്തിന്റെ മഹാനായ അപ്പസ്തോലനായിരുന്നു. ഗാന്ധിജിയെപ്പോലെതന്നെ ലിങ്കനും ഘാതകന്റെ വെടിയുണ്ടയ്ക്കു് ഇരയായി.

പ്രസിഡണ്ടു് ലിങ്കൻ മരിച്ചശേഷം ഏതാനും നിമിഷങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മന്ത്രി സഭാംഗമായ ഒരാൾ പറഞ്ഞു; "ഇനി അദ്ദേഹം യുഗങ്ങളുടേതാണു"" ഇന്ത്യൻ രാഷ്ട്രപിതാവു് മരിച്ചപ്പോഴും ആളുകൾ അതുതന്നെ പറഞ്ഞു. ലിങ്കന്റേയും ഗാന്ധിജിയുടേയും പേരുകൾ ഇനിയുള്ള നൂറാണ്ടുകളിലും നിലനില്ക്കും. എന്തെന്നാൽ അവരുടെ ജീവിതം സ്വാതന്ത്ര്യാദർശത്തിന്റെ ശാശ്വത സ്മാരകങ്ങളാണു്. യഥാർത്ഥത്തിൽ മഹാന്മാരായവർക്കു് സാർവ്വത്രികമായ അംഗീകരണവും ബഹുമതിയും എല്ലാ ദേശത്തേയും എല്ലാ കാലത്തേയും ആളുകളിൽനിന്നു് ലഭിക്കുന്നതിനു് വർഗ്ഗമോ നിറമോ ഭൂഖണ്ഡമോ പ്രതിബന്ധമല്ല എന്ന വസ്തുതയ്ക്കു് സാക്ഷ്യങ്ങളാണു്.

പ്രസിദ്ധ എഴുത്തുകാരനായ ലിയോടോൾസ്റ്റോയി റഷ്യൻ കോക്കസസിൽവച്ചു് ഒരു ഗിരിവർഗ്ഗത്തലവനെ സന്ദർശിച്ച കഥ പറയുന്നുണ്ടു്. പുറത്തുള്ള മഹാലോകത്തിലെ നേതാക്കന്മാരെപ്പറ്റി അയാൾ ടോൾസ്റ്റോയിയോടു ചോദിച്ചപ്പോൾ, അലക്സാണ്ടർ മുതൽ നെപ്പോളിയൻ വരെയുള്ള മഹാന്മാരെപ്പറ്റി അദ്ദേഹം അയാളോടു പറഞ്ഞു. പക്ഷേ, ആ ഗിരിവർഗ്ഗത്തലവനു് തൃപ്തിയായില്ല.

അയാൾ ഇങ്ങനെ പറഞ്ഞു; "ലോകത്തിലെ ഏറ്റവും വലിയ സൈന്യാധിപനെപ്പറ്റിയും ഏറ്റവും വലിയ ഭരണാധിപനേയും പറ്റി അങ്ങു് ഞങ്ങളോടു പറഞ്ഞില്ല. ഞങ്ങൾക്കു് അദ്ദേഹത്തെപ്പറ്റി കുറച്ചറിയണം. മേഘഗർജ്ജനംപോലുള്ള സ്വരത്തിൽ അദ്ദേഹം സംസാരിച്ചു. സൂര്യോദയംപോലെ ചിരിച്ചു. അദ്ദേഹത്തിന്റെ പ്രവൃത്തികൾ പാറപോലെ ബലവത്തും റോസപുഷ്പങ്ങളുടെ സുഗന്ധംപോലെ സുമധുരവും ആയിരുന്നു. തന്റെ ഏറ്റവും വലിയ ശത്രുക്കളുടെ കുറ്റങ്ങൾപോലും ക്ഷമിത്തക്കവിധം അത്ര മഹാനായിരുന്ന അദ്ദേഹം. തന്നെ കൊലപ്പെടുത്താൻ ഗൂഢാലോചന ചെയ്തവരുടെ കൈപിടിച്ചു സഹോദരനിർവിശേഷം കുലുക്കി. ലിങ്കൻ എന്നായിരുന്ന അദ്ദേഹത്തിന്റെ പേരു്. അദ്ദേഹം ജീവിച്ചിരുന്ന രാജ്യത്തെ അമേരിക്ക എന്നു വിളിക്കുന്നു. ആ മനുഷ്യനെപ്പറ്റി ഞങ്ങളോടു പറയുക."

റഷ്യയുടെ വിദൂരസ്ഥിതമായ വനാന്തരങ്ങളിൽപോലും ലിങ്കനെപ്പറ്റിയുള്ള പ്രശസ്തി അത്ഭുതങ്ങളായിരുന്നു. ആ വഴ്ത്തലവന്റെ ഉത്സാഹപൂർവമായ അന്വേഷണത്തിനു മറുപടിയായി, ലിങ്കനെപ്പറ്റിയുള്ള സ്വന്തം അഭിപ്രായംതന്നെ ടോൾസ്റ്റോയി അയാളോടു പറഞ്ഞു. "വികാരത്തിന്റെ ആഴത്തിലും ചില ധാർമ്മികശക്തിയിലും യഥാർത്ഥമഹാകായൻ അദ്ദേഹം മാത്രമായിരുന്നു. തന്റെ ലഘുത്വത്തിൽക്കൂടി മഹത്വം പ്രാപിക്കാനാഗ്രഹിച്ച ഒരാളായിരുന്ന അദ്ദേഹം. ലോകത്തിൽ തന്നെ സ്വയം കാണാനാണു്, ലോകത്തെ തന്നിൽ കാണാനല്ല, അദ്ദേഹം ആഗ്രഹിച്ചതു്....."

ഒരു വശത്തു് ടോൾസ്റ്റോയിയ്ക്കു് ലിങ്കനുമായുള്ള ബന്ധങ്ങൾ രസകരമായിരിക്കുന്നതുപോലെതന്നെ, മറുവശത്തു് അദ്ദേഹത്തിനു് ഗാന്ധിജിയുമായുള്ള ബന്ധങ്ങളും രസകരമാണു്. ധാർമ്മികവ്യക്തിയിലും സിവിൽനിയമലംഘനത്തിലും അടങ്ങിയിരിക്കുന്ന ശക്തിയെപ്പറ്റി പൂർണ്ണമായി വിശ്വസിച്ചിരുന്ന ടോൾസ്റ്റോയി 1909 ലും 1910 ലും ഗാന്ധിജിയുമായി കത്തിടപാടുകൾ നടത്തി. ദക്ഷിണാഫ്രി

ക്കയിൽ, "അന്യോന്യരമ്യതയോടെ പുതിയതും ലളിതവുമായ ഒരു ജീവിതം നയിക്കാൻ" സിവിൽനിയമലംഘകരെ പരിശീലിപ്പിക്കുന്നതിനു് "ഒരുതരം കോ-ഓപ്പറേറ്റീവു് കോമൺവെൽത്തു്" ഗാന്ധിജി സ്ഥാപിച്ചു. ടോൾസ്റ്റോയി ഫാം എന്നതിനദ്ദേഹം പേരു നല്കി.

ധാർമ്മികമൂല്യങ്ങളുടേയും സത്യത്തിന്റേയും ദൈവവിശ്വാസത്തിന്റേയും ശ്രേഷ്ഠത ലിങ്കനും ഗാന്ധിജിയും ഒരുപോലെ മുഖ്യതത്വമായി പരിഗണിച്ചിരുന്നു. ലിങ്കൺ പറഞ്ഞു: "ഒരു ദൈവമുണ്ടെന്നും അനീതിയേയും അടിമത്വത്തേയും ദൈവം വെറുക്കുന്നുവെന്നും എനിക്കറിയാം. കൊട്ടുകാറു വരുന്നതു ഞാൻ കാണുന്നു. അതിൽ ദൈവത്തിനു കൈയുണ്ടെന്നു് എനിക്കറിയാം. എനിക്കൊരു സ്ഥലവും ജോലിയും ദൈവം കല്പിച്ചിട്ടുണ്ടെങ്കിൽ-കല്പിച്ചിട്ടുണ്ടെന്തോണു് ഞാൻ വിശ്വസിക്കുന്നതു്-ഞാൻ അതിനു് സന്നദ്ധനാണെന്നു് വിശ്വസിക്കുന്നു. ഞാൻ ഒന്നുമല്ല. എന്നാൽ സത്യം എല്ലാമാണു്" ആറു ദശാബ്ദങ്ങൾക്കുശേഷം ഗാന്ധിജി പറഞ്ഞു, "അപമാനത്തിനേറെയും പരാജയമെന്നു പറയപ്പെടുന്നതിനേറെയും സംക്ഷിപ്തമായ ജീവിതത്തിനേറെയും നടുവിൽ എന്റെ സമാധാനം പുലർത്തിക്കൊണ്ടുപോകാൻ എനിക്കു കഴിയുന്നതു്, സത്യമായി രൂപഭേദപ്പെടുത്തപ്പെട്ട ദൈവത്തിലുള്ള അടിസ്ഥാനവിശ്വാസം കൊണ്ടാണു്".

അവരുടെ അഗാധമായ മതവിശ്വാസത്തിൽനിന്നാണു് അവരുടെ വിദ്വേഷമില്ലായ്മയും ക്ഷമിക്കാനുള്ള സന്നദ്ധതയും ജന്മമെടുത്തതു്. ലിങ്കൻ പറഞ്ഞു: "ഒരു മനുഷ്യനു് കലഹങ്ങൾക്കുവേണ്ടി ചെലവഴിക്കാൻ ജീവിതത്തിൽ സമയമില്ല. എനിക്കെതിരായ ആക്രമണം ആരെങ്കിലും നിർത്തിയാൽ അയാൾക്കെതിരായി കഴിഞ്ഞ കാലത്തെപ്പറ്റി ഞാൻ ഒരിക്കലും സ്മരിക്കുകയില്ല. ഗാന്ധിജിയും ഇങ്ങനെ പറഞ്ഞു: "വ്യക്തികളെപ്പറ്റി സത്യമായിരിക്കുന്നതു് രാഷ്ട്രങ്ങളെപ്പറ്റിയും സത്യമായിരിക്കും. ഒരാൾക്കുവളരെയധികം ക്ഷമിക്കാൻ സാദ്ധ്യമല്ല. ദുർബലനു് ഒരിക്കലും ക്ഷമിക്കാൻ സാദ്ധ്യമല്ല. ക്ഷമ ശക്തന്റെ വിശേഷണമാണു്." "ആരോടും വിദ്വേഷമില്ലാതെയും എല്ലാവരോടും ഔദാര്യത്തോടുകൂടിയു"മാണു് ലിങ്കൻ തന്റെ സമസ്തഷ്ടികളെ വീക്ഷിച്ചിരുന്നതു്. ഗാന്ധിജി ഉറപ്പിച്ചു പറഞ്ഞു: "എതിരാളിയെ നമ്മുടെ പക്ഷത്തുകൊണ്ടുവരുവാൻ സ്നേഹംകൊണ്ടുമാത്രമേ നമുക്കു സാധ്യമാകൂ. വിദ്വേഷംകൊണ്ടു് ഒരിക്കലും സാധ്യമല്ല."

ദൈവത്തിന്റെ ഉത്തുംഗമായ സാന്നിധ്യത്തിലുള്ള ദൃഢബോധ്യത്തോടുകൂടി ജീവിതം നയിക്കുന്ന ഒരാൾ എളിമയുള്ളവനായിരിക്കും, തെറ്റു ചെയ്യുമ്പോൾ, ആ തെറ്റു സമ്മതിക്കാൻ ചെറിയ മനുഷ്യരിൽ വൈമുഖ്യം ജനിക്കുന്നതിനു കാരണമായ അഹംഭാവത്തിനോ അനഹ്മായ ആത്മപ്രശംസയ്ക്കോ അവൻ വിധേയനാകാൻ സാധ്യമല്ല. ഒരു സ്വഭാവവിശേഷം ലിങ്കനും ഗാന്ധിജിക്കും ഉണ്ടായിരുന്നു. ഗാന്ധിജി തന്റെ ആത്മകഥാകഥനത്തിൽ "ഹിമാലയൻ" തെറ്റുകൾ സമ്മതിക്കുന്നുണ്ടു്. ലിങ്കനെപ്പറ്റി പ്രശസ്ത അമേരിക്കൻ പത്രാധിപർ ഹോറസ് ഗ്രീലി ഇപ്രകാരം എഴുതി:"എല്ലാ ധാരണകളേയും സ്വാധീനശക്തികളേയും തുറന്നമനസ്സോടെ അദ്ദേഹം സമീപിച്ചു. സംഭവങ്ങളുടേയും സാഹചര്യങ്ങളുടേയും പാഠങ്ങളിൽനിന്നു് അവ എത്രയും ദോഷകരമോ സ്വാഗതാർഹമല്ലാത്തതോ, ആകട്ടെ - അദ്ദേഹം സസന്തോഷം പ്രയോജനം നേടി. തലേകൊല്ലത്തേക്കാൾ കൂടുതൽ ബുദ്ധിമാനും കൂടുതൽ പ്രശാന്തനും കൂടുതൽ നല്ലവനുമായിത്തീരാത്ത ഒരു വർഷവും ഒരുപക്ഷേ അദ്ദേഹത്തിന്റെ ജീവിതത്തിലുണ്ടായിട്ടില്ല.

ലിങ്കനും ഗാന്ധിജിയും തത്വദീക്ഷയുള്ളവരായിരുന്നു. അവരെ അതിൽനിന്നു് ഇളക്കാൻ സാദ്ധ്യമായിരുന്നില്ല. എങ്കിലും അവർ പ്രായോഗികമതികളും കൂടിയായിരുന്നു. അത്യാവശ്യമുള്ളതിനെ അത്യാവശ്യമില്ലാത്തതിൽനിന്നു വേർതിരിച്ചറിയുന്ന വ്യക്തമായ ദർശനം അവർക്കുണ്ടായിരുന്നു. ഒരവസരത്തിൽ കാര്യലാഭത്തിനുവേണ്ടി വഴങ്ങിക്കൊടുക്കുന്നു എന്നു് ഗാന്ധിജി കുറ്റപ്പെടുത്തപ്പെടുകയുണ്ടായി. എന്നാൽ, ഒരു തത്വം പണയപ്പെടുന്ന പ്രശ്നമുണ്ടാകുമ്പോൾ, സ്വന്തം നിലപാടിൽ അദ്ദേഹം ഉറച്ചുനില്ക്കുകയും എന്തും സഹിച്ചും ആ നിലപാടു് പാലിക്കുകയും ചെയ്തിരുന്നു.

അതുപോലെതന്നെ, ആദർശവാദത്തിന്റേയും ബുദ്ധിചാതുര്യത്തിന്റേയും സങ്കലനമായിരുന്നു ലിങ്കൻ. നടപടിക്രമസംബന്ധമായി അനുരഞ്ജനത്തിനു സന്നദ്ധതയുള്ള ഒരു യാഥാർത്ഥ്യവാദി. സാമ്രാജ്യത്തിന്റെ ആയുധം എന്നു് കമ്മ്യൂണിസ്റ്റുകൾ വിമർശിച്ചതുപോലെ തന്നെയാണു് ലിങ്കന്റെ ഈ പ്രായോഗികതയുടെ തത്വചിന്തയെ അവസരവാദമെന്നു് ചിലർ തെറ്റായി വ്യാഖ്യാനിക്കുകയും വിമർശിക്കുകയും ചെയ്തതു്

For Favours Received



Kumari E. V. Annie & Lilly
Engandiyoor.

എന്നു് അമേരിക്കൻ തത്വചിന്തകനായ ഡഡ്ലി നിഗ്രു് പറഞ്ഞിരിക്കുന്നു. നടപടിക്രമപരമായ അനുരഞ്ജനത്തെ വിശദീകരിച്ചുകൊണ്ടു് പ്രൊഫസർ ഹ്രു് പറയുന്നു: പ്രധാന ലക്ഷ്യത്തിൽ ദൃഷ്ടി ഉറപ്പിച്ചുകൊണ്ടിരിക്കുക്കുന്നെന്നു, സമയം കാത്തിരിക്കാൻ ലിങ്കൻ സന്നദ്ധനായിരുന്നു. ഇന്ത്യയിലെ ജാതിവ്യത്യാസം ഒറ്റദിവസംകൊണ്ടു് ഇല്ലാതാക്കാൻ സാധ്യമല്ലാത്തുപോലെ തന്നെ അമേരിക്കയിലെ അടിമത്തം ഒറ്റരാത്രികൊണ്ടു് നിറുത്തലാക്കാൻ അക്കാലം സാധ്യമല്ലെന്നു് അദ്ദേഹം മനസ്സിലാക്കിയിരുന്നു.

അടിമത്തത്തിന്റെ നേർക്കുള്ള ലിങ്കന്റെ ആക്രമണം രാജ്യത്തിന്റെ കെട്ടുറപ്പിനെ അപകടത്തിലാക്കുമെന്നു് അദ്ദേഹം കാത്തുസൂക്ഷിച്ചു. അതുകൊണ്ടു് ഒരു പ്രായോഗിക രാഷ്ട്രീയക്കാരനെപ്പോലെ അദ്ദേഹം പ്രവർത്തിച്ചു. അടിമത്തത്തിനെതിരായ സമരവും ജാതിക്കെതിരായ സമരവും ഒരുപോലെ അടിസ്ഥാനപരമായി, മതവത്തിന്റെ പിന്തുണയില്ലാത്ത മാനുഷ്യ സാഹോദര്യത്തിൽ ആ നേതാക്കന്മാർക്കുള്ള അഗാധവിശ്വാസത്തിന്റെ സജീവപ്രകടനമായിരുന്നു — അയിത്തക്കാർ''ഹരിജനങ്ങൾ''അഥവാ ദൈവത്തിന്റെ കുട്ടികൾ എന്ന പേരു് ഗാന്ധിജി നല്കിയതിൽതന്നെ ഈ വസ്തുത സംക്ഷേപിക്കപ്പെട്ടിരിക്കുന്നു. യഥാർത്ഥജനാധിപത്യം തൊലിയുടെ നിറമോ ജനിച്ച സ്ഥലമോ അല്ലെങ്കിലും മറ്റെന്തെങ്കിലും സാഹചര്യമോ അവസ്ഥയോ അപേക്ഷിക്കുന്നില്ല", എന്നു ലിങ്കൻ പറഞ്ഞു. ലിങ്കന്റെയും ഗാന്ധിജിയുടേയും മഹത്തായ പ്രവർത്തനം പ്രാഥമികമായും തന്റെ രാജ്യക്കാക്കുവേണ്ടിയായിരുന്നുവെങ്കിലും, രാഷ്ട്രീയവും സാംസ്കാരികവുമായ സ്വാതന്ത്ര്യത്തെ രണ്ടുപേരും ഇട്ടുങ്ങിയ ദേശീയപരിഗണനകൾ കൊണ്ടു് പരിമിതപ്പെടുത്തി വീക്ഷിച്ചിരുന്നില്ല. ലിങ്കന്റെ വീക്ഷണത്തിൽ അമേരിക്കൻ ആദ്യഗദ്യകവിതയുടെ ''അമേരിക്കയുടേതിൽ കവിഞ്ഞ ഭാവി''യെ ഉൾക്കൊള്ളുന്നതായിരുന്നു; മനുഷ്യകുടുംബം മുഴുവനും അതിൽ താല്പര്യമുള്ളതായിരുന്നു. വിജയം പ്രധാനമായിരുന്നതു് അതിന്റെ അന്തഃസത്തയിലായിരുന്നു. ലിങ്കന്റെ വാക്കുകളിൽ പറഞ്ഞാൽ—"ജനങ്ങളുടെ, ജനങ്ങളാൽ നടത്തപ്പെടുന്ന, ജനങ്ങൾക്കുവേണ്ടിയുള്ള ഗവണ്മെന്റ് ഭൂമിയിൽ നശിക്കരുതു്" എന്നുള്ളതുകൊണ്ടാണു്. ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം, ഇന്ത്യൻ സംസ്കാരം "പൂർണ്ണമായും ഹൈന്ദവമോ ഇസ്ലാമികമോ മറ്റെന്തെങ്കിലുമോ അല്ല. അതു് എല്ലാംകൂടി ചേർന്നതാണു്. എല്ലാ നാട്ടുകളിലേയും സംസ്കാരങ്ങൾ കഴിയുന്നത്ര സ്വതന്ത്രമായി വീശണമെന്നു ഞാനാഗ്രഹിക്കുന്നു. എന്നാൽ, ഏതെങ്കിലും ഒന്നു് എന്നെ വീശി തെറിപ്പിച്ചുകളയണമെന്നു് ഞാനാഗ്രഹിക്കുന്നില്ല."

നേതാക്കന്മാർ—ജനാധിപത്യവാദികൾക്കും ജനപ്രക്ഷോഭകനും— ഒരുപോലെ ജനങ്ങളെ വശീകരിക്കാനുള്ള കഴിവുണ്ടു്. എന്നാൽ അവർ തമ്മിലുള്ള മൗലികമായ വ്യത്യാസം ഇതാണു്, ജനാധിപത്യവാദികൾ താൻ നയിക്കുന്ന ജനങ്ങളുടെനേരെ നൈസർഗ്ഗികമായ ഒരു ബഹുമാനം കാണും; അതേസമയം ജനപ്രക്ഷോഭകൻ, പുറമെ ജനങ്ങളോടു ബഹുമാനം കാണിക്കുമെങ്കിലും അവരെ പുച്ഛത്തോടെയാണു് പരിഗണിക്കുന്നതു്. ലിങ്കൻ ചോദിച്ചു: "ജനങ്ങളുടെ അന്തിമമായ നീതിയിൽ എടുത്തുകൊണ്ടു് ക്ഷമാപൂർവമായ വിശ്വാസമുണ്ടായിട്ടല്ലാതെ ലോകത്തിൽ അതിനെക്കാൾ മെച്ചമോ അതിനോടു തുല്യമോ ആയി വേറൊരാ

മണ്ണിന്റെ മക്കൾക്കൊരു മദ്ധ്യസ്ഥൻ

കർഷകകേരളത്തിന്റെ നാട്ടുല്ലായ കത്തോലിക്കാ കർഷകർ 'മണ്ണിന്റെ മക്കളുടെ മദ്ധ്യസ്ഥനായ, വി. ഇസിദോറിനെപ്പറ്റി വളരെ കാര്യം മനസ്സിലാക്കിയിട്ടുള്ളതായി തോന്നുന്നു.

തങ്കപ്പൻ തോമസ്, മണിമല

കൈക്കോട്ടെടുക്കുന്നവർക്കും വിശുദ്ധപദവിയിലേയ്ക്കുയരാമെന്നു വി. ഇസിദോറിന്റെ ജീവിതകഥ നമ്മെ പഠിപ്പിക്കുന്നു. ലോകത്തെ സകലമുള്ള കർഷകത്തൊഴിലാളികളുടെയും സ്വർഗ്ഗീയമദ്ധ്യസ്ഥനാണദ്ദേഹം. 1622 മാർച്ചുമാസം 12-നു ഗ്രിഗരി XV-ാമൻ മാർപ്പാപ്പ അദ്ദേഹത്തെ വിശുദ്ധപദവിയിലേയ്ക്കുയർത്തി. ആ വിലയിരുത്തലിലെ വി. തേരേസ, വി. ഫിലിപ്പുനേരി, വി. ഇഗ്നേഷ്യസ്, വി. ഫ്രാൻസീസ് സേവ്യർ എന്നിവരെ പുണ്യവാന്മാരുടെ ഗണത്തിൽ പ്രതിഷ്ഠിയ്ക്കുകയും ആ ദിനത്തിൽതന്നെ

11-ാം ശതകത്തിൽ സ്പെയിനിലുള്ള മാഡ്രിഡ് നഗരപ്രാന്തത്തിലാണ് ഇസിദോർ ജനിച്ചത്. മാതാപിതാക്കന്മാർ കൂലിപ്പണിക്കാരായിരുന്നു. പുത്രനെ വിദ്യാലയത്തിന്റെ പടിവാതിൽപ്പോലും കാണിയ്ക്കാനുള്ള സാമ്പത്തികശേഷി അവർക്കുണ്ടായിരുന്നില്ല. ചെറുപ്പത്തിലേ ഇസിദോറും മാതാപിതാക്കളോടൊത്തു കൂലിപ്പണിക്കു പോയി. പ്രഭാതം മുതൽ പ്രദോഷം വരെ അയാൾ പാടത്തു പണിയെടുത്തു. വയൽ ഉഴുതുമറിച്ചുകൊണ്ടിരുന്നപ്പോഴും ബാല്യനായ ഇസിദോർ ദൈവത്തെപ്പറ്റി ചിന്തിച്ചുകൊണ്ടിരുന്നു.

ഇസിദോർ യൗവനത്തിന്റെ പടികൾ ചവിട്ടിക്കയറുകയായിരുന്നു. വിവാഹിതനാകാൻ തീരുമാനിച്ചു, ആ യുവാവ്. ഏതൊരുസാധാരണയുവതിയെയും പോലെ ഇസിദോർ മരിയ എന്നൊരു പെൺകുട്ടിയെ വിവാഹം കഴിച്ചു. സൗന്ദര്യവും സൗശീല്യവും ഒത്തിണങ്ങിയ ഒരു യുവതിയായിരുന്നു അവൾ.

അവൾക്കൊരു പുത്രനുണ്ടായി. നല്ലവരായ മാതാപിതാക്കൾ ഒരായിരം മോഹനപ്രതീക്ഷകൾ ആ കുട്ടിയിലർപ്പിച്ചു. ഒരിക്കൽ ആ പിഞ്ചോമന കളിച്ചുകൊണ്ടിരിക്കവേ, വീടിനു സമീപത്തുണ്ടായിരുന്ന ഒരു കിണറ്റിലേയ്ക്കു കാൽവഴുതിവീണു. അയൽക്കാരും മാതാപിതാക്കളും ഓടിയെത്തി. അവർ കുട്ടിയെ കരകയറ്റി. ജീവന്റെ യാതൊരു ലക്ഷണവും അവർ അവനിൽ കണ്ടില്ല. അയൽക്കാർ വിവശരായി. ഇസിദോറും മരിയയും കണ്ണീർ പൊഴിച്ചു. അവർ പ്രാർത്ഥിച്ചു. ഏതാനും മി

ശയുണ്ടോ?" ഗാന്ധിജി പറഞ്ഞു: "എന്നെ സംബന്ധിച്ചിടത്തോളം സ്വരാജ് എല്ലാ ജനങ്ങളുടേയും ഭരണമാണ്, നീതിയുടെ ഭരണമാണ്."

ലോകമെങ്ങുമുള്ള ജനാധിപത്യവാദികൾ-ഒട്ടും കുറവില്ലാതെ തന്നെ, സ്വാതന്ത്ര്യത്തിന്റേയും ജനാധിപത്യത്തിന്റേയും അനുഗ്രഹങ്ങൾക്കു കീഴിൽ ജീവിക്കാൻ തീവ്രാഭിലാഷമുള്ളവരും എന്നാൽ അതു നിഷേധിക്കപ്പെട്ടവരും—ഈ പൊതു ആശയത്തിൽ പങ്കാളികളാണ്. ഈ ആശയത്തോടുള്ള തങ്ങളുടെ കുറിലും ലിങ്കനും ഗാന്ധിജിയും പോലുള്ള ചരിത്രത്തിലെ വീരപുരുഷന്മാരോടും സ്വാതന്ത്ര്യത്തിന്റെ അപ്പസ്തോലന്മാരോടുമുള്ള ആദരാതിശയത്തിലും വ്യത്തിനും നിറത്തിനും രാജ്യത്തിനും സംസ്കാരത്തിനും അവർ രണ്ടാം സ്ഥാനമേ കല്പിച്ചിട്ടുള്ളൂ. പ്രധാനമന്ത്രി നെഹ്റുവിന്റെ മേശപ്പുറത്തുവച്ചിരിക്കുന്ന എബ്രാഹാംലിങ്കന്റെ കൈയുടെ ആ വെങ്കലരൂപം ഒരു അമേരിക്കൻ കപ്പ്രാഫ്സർ അദ്ദേഹത്തിനു സമ്മാനിച്ചതാണ്. ഈ ആശയം അദ്ദേഹം ഇപ്രകാരം സംക്ഷേപിച്ചു പറയുകയുണ്ടായി: "ഇതു മനോഹരമായ ഒരു കൈയ്യാണ്. ശക്തിയും ഉറപ്പും ഉള്ളതും എങ്കിലും ശാന്തവുമാണ്... എല്ലാ ദിവസവും ഞാനതിൽനോക്കുന്നു. അതെനിക്കു ശക്തി നല്കുന്നു. ഇന്ത്യയിലുള്ള ഞങ്ങളുടെ ചിന്താഗതിയേയും ഞങ്ങളുടെ പ്രചോദനങ്ങളേയും സംബന്ധിച്ച് മറ്റൊരുദേശത്തും, ഒരുപക്ഷേ, ഇതു നിങ്ങൾക്കനുഭവിയ്ക്കാം. എന്തെന്നാൽ, എല്ലാറ്റിലും ഉപരിയായി, സ്വാതന്ത്ര്യത്തിലും സമത്വത്തിലും വ്യക്തിയുടെ അന്തസ്സിലും മനുഷ്യനന്മയിലുമുള്ള സ്വാതന്ത്ര്യത്തിലും ഞങ്ങൾ വിശ്വസിക്കുന്നു."

നിറുകൾ കഴിഞ്ഞു. സകലരേയും അത്ഭുതാധീനരാക്കിക്കൊണ്ട് ആ കുട്ടി ശ്വാസോച്ഛ്വാസം ചെയ്യാൻതുടങ്ങി. എല്ലാവരും ആനന്ദഭരിതരായി. അവർ ദൈവത്തിനു കൃതജ്ഞത പ്രകാശിപ്പിച്ചു. ആ സന്തോഷം അധികനാൾ നീണ്ടില്ല. കുറേ നാളുകൾക്കുശേഷം കുട്ടി മരിച്ചു. മാതാപിതാക്കളെ സംബന്ധിച്ചിടത്തോളം ദുഃഖകരമായ ജീവിതമാരംഭിക്കയായിരുന്നു. ജീവിതയാഥാർത്ഥ്യങ്ങളുടെ നീച്ചുഴിയിൽപെട്ട അവർ നട്ടംതിരിഞ്ഞു. അവർ ചഞ്ചലമനസ്കരായില്ല. പ്രത്യുത അവരിൽ ദൈവസ്നേഹം തീവ്രതരമായിത്തീർന്നതേയുള്ളൂ.

സമ്പത്തിനെക്കുറിച്ചോ ഭക്ഷണത്തെപ്പറ്റിയോ അവർ ആകുലപ്പെട്ടില്ല. സങ്കടങ്ങളെ ദൈവമഹത്വത്തിനായി സഹിക്കാൻ അവർക്കു സന്തോഷമേയുണ്ടായിരുന്നുള്ളൂ. ദാരിദ്ര്യത്തിലും അവർ സംതൃപ്തി കണ്ടെത്തി. അവർ ക്രൈസ്തവപരസ്നേഹത്തിന്റെ ദീപനാളങ്ങളായി ശോഭിച്ചു. ഇസിദോറിന്റെ കുടിലിൽ എത്തിച്ചേർന്ന ഭിക്ഷുക്കൾ വെറുംകൈയായി മടങ്ങിപ്പോയിട്ടില്ല. "ഉള്ളതിലൊരു പങ്ക്" അവർക്കു കൊടുക്കുകയെന്നതു് ഇസിദോറിന്റെയും ഭാര്യയുടെയും പതിവായിരുന്നു. ശൈത്യകാലങ്ങളിൽ ഭിക്ഷുക്കൾ അവരുടെ കുടിലിൽ അഭയം തേടിയിരുന്നു.

ഒരിക്കൽ ഒരു ഭിക്ഷു വളരെ വൈകിയാണു് ഇസിദോറിന്റെ വീട്ടിലെത്തിയതു്. ഭക്ഷണാനന്തരം മറ്റു ഭിക്ഷുക്കൾ പിരിഞ്ഞുപോയിരുന്നു. പാത്രങ്ങളിൽ ഒന്നും അവശേഷിച്ചിരുന്നില്ല. ഒടുവിൽവന്ന സാധുവിനെ വെറുംകൈയായി പറഞ്ഞുവിടുന്നതിനു് ഇസിദോറിന്റെ മനസ്സു് അനുവദിച്ചില്ല. ഏതായാലും പാത്രത്തിലേയ്ക്കു ഒന്നു നോക്കാൻ ഇസിദോർ മരിയയോടു പറഞ്ഞു. അവൾ അപ്രകാരം ചെയ്തു. ഒരാൾക്കുകൂടി കൊടുക്കാനുള്ള ഭക്ഷണം പാത്രങ്ങളിൽ കണ്ടെത്തി!

മനുഷ്യരോടു മാത്രമല്ല മറ്റു ജീവജാലങ്ങളോടെല്ലാം ആ ദമ്പതികൾ അസാമാന്യമായ കരുണ പ്രദർശിപ്പിച്ചിരുന്നു. ആഹാരദൌർലഭ്യംമൂലം (മഞ്ഞുകാലത്തു്) വിഷമിച്ചിരുന്ന പക്ഷികൾക്കു് ഇസിദോർ ധാന്യം എടുത്തുകൊടുത്തു.

R. I. P.

പൊതുക്കാര്യപ്രസക്തനും റവ. ഫാദർ തോമസ് മുത്തേടൻ എം. എ., ഡി. ഡി. അവർകളുടെ സഹോദരനുമായ ശ്രീ. വക്കി മുത്തേടൻ എം. എ.; ബി. എൽ. പ്രൊ എക്ലേസിയാ എത്ത് പൊന്തിഫിച്ചേ 1963 ജനുവരി 29-ാനു- ചൊവ്വാഴ്ച കത്താവിൽ നിദ്ര പ്രാപിച്ചു. പരേതനുവേണ്ടി പ്രാർത്ഥിക്കുമാറാകണം.

സാമ്പത്തികമായ ഉച്ചനീചാവസ്ഥ ഈശ്വരേച്ഛയ്ക്കനുകൂലമായി പ്രവർത്തിക്കുന്നതിനു വിഘാതമല്ലെന്നു ഇസിദോർ മനസ്സിലാക്കി. പരിശുദ്ധജീവിതം നയിക്കുന്നതിനു തടസ്സമായേക്കാവുന്ന സ്വത്തിനേയും പുറന്തള്ളാനും ഇസിദോറും മരിയയും ജാഗരൂകത പ്രകടിപ്പിച്ചു.

പ്രകൃതിക്ഷോഭംമൂലം വിളവു നഷ്ടപ്പെട്ട പ്പോഴും കാലാവസ്ഥയുടെ ആനുകൂല്യം നിമിത്തം അവ ഫലസമൃദ്ധമായപ്പോഴും ഇസിദോർ ഈശ്വരേച്ഛ അതാണെന്നു നിശ്ചയിച്ചു. മണ്ണിനോടുള്ള ഇഷ്ടം അദ്ദേഹത്തിന്റെ ദൈവസ്നേഹത്തെ തടസ്സപ്പെടുത്തിയില്ല. കൃഷികവൃത്തിയോടുള്ള അദ്ദേഹത്തിന്റെ വിശ്വസ്തത അന്യാദൃശമായ് ഒന്നായിരുന്നു. ജോലികൾ യഥാസമയം തീർക്കുക, തക്കസമയത്തു വളം ചെയ്യുക, വിളവെടുക്കുക തുടങ്ങിയ കാര്യങ്ങളിൽ ഇസിദോർ ശ്രദ്ധാലുവായിരുന്നു.

പ്രതിദിനം വി. കുർബാനയിൽ ഭാഗഭാക്കാകുന്നതിനു് അദ്ദേഹം നിഷ്കർഷിച്ചു. ഞായറാഴ്ചത്തെ എല്ലാ തിരുക്കർമ്മങ്ങളിലും അദ്ദേഹം പങ്കെടുത്തിരുന്നതായി വിശുദ്ധന്റെ ചരിത്രകാരന്മാർ പ്രസ്താവിക്കുന്നു.

കൃഷികവൃത്തിയുടെ മഹനീയ സന്ദേശവുമായി ഉത്തരകേരളത്തിലെത്തിയിട്ടുള്ള വക്കു് വി. ഇസിദോറിന്റെ ജീവിതമാതൃക അനുകരണീയമാണു്, പാവപ്പെട്ട കൃഷകത്തൊഴിലാളികൾക്കും വിശുദ്ധജീവിതം നയിക്കാൻ സാധിക്കുമെന്നുള്ള ജീവിതസന്ദേശമാണു് ആ വിശുദ്ധൻ നമുക്കു നല്കുന്നതു്. മണ്ണിനെ മക്കൾ കൃഷകത്തൊഴിലാളികളുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനായ വി. ഇസിദോറിന്റെ മാർഗ്ഗദർശനം സ്വീകരിക്കുന്നതു ഫലപ്രദമായിരിക്കും.

ഇന്നത്തെ സ്വർണ്ണ നിയന്ത്രണം
പാവപ്പെട്ട കർഷകരെ വെള്ളത്തിലാക്കുമോ?

ഏതായാലും വിളവിറക്കുന്നകാലത്തും കർക്കടകമാസത്തിലും കിട്ടാവുന്നിടത്തുനിന്നെല്ലാം കടംവാങ്ങിയിട്ട്, വിളവെടുപ്പുകാലത്ത്, മുഴുവൻ അദ്ധ്വാനഫലവും നുള്ളിപ്പെറുക്കി തന്ത്രശാലികളായ കച്ചവടക്കാക്കും ജന്മിമാക്കും കൊടുത്തു സ്വയം നശിക്കുന്ന ഏർപ്പാട് ഇനി ആവർത്തിക്കരുതു്.

എൻ. ജേക്കബ്ബ് മലബാർ

പാലാ സെൻട്രൽബാങ്കു് പൊട്ടിയപ്പോൾ കേരളത്തിലെ ജനങ്ങൾ, വിശിഷ്യ, ക്രിസ്ത്യാനികൾ വളരെ വിഷമിച്ചു. എന്നാൽ അതു എല്ലാവരേയും ബാധിച്ചില്ല. കാരണം ബാങ്കുനിക്ഷേപമുള്ളവർ കുറവാണല്ലൊ. പക്ഷേ, സ്വർണ്ണവില പൊട്ടിയതുമൂലം സാധാരണക്കാർ ആകെ കഷ്ടപ്പെടാൻ പോകയാണു്. എന്തുകൊണ്ടെന്നാൽ സാധാരണക്കാരന്റെ നിക്ഷേപം സ്വർണ്ണ ഉരുപ്പിടികളിലാകുന്നു.

ഗവണ്മെൻറിനെ കുറ്റം പറയണ്ട

ഇന്ത്യാഗവണ്മെന്റിന്റെ സ്വർണ്ണനിയന്ത്രണം തെറ്റാണെന്നു വിധിക്കുവാൻ പാടില്ല. ഇന്നത്തെ അടിയന്തിരാവസ്ഥയിൽ രാജ്യത്തിന്റെ ഭദ്രതയ്ക്കു അതാവശ്യമായിത്തീർന്നു. യുദ്ധോപകരണങ്ങളും മറ്റു സാധനങ്ങളും വാങ്ങിക്കുന്നതിനു് ഗവണ്മെൻറിനു് എപ്പോഴും കറൻസിനോട്ടുകളുണ്ടെങ്കിലും അതുകൊണ്ടൊന്നുമെച്ചുമില്ല. സ്വർണ്ണം എപ്പോഴും ഗവണ്മെൻറിന്റെ കൈയിലുണ്ടോ അപ്പോഴാണു് ഇൻഡ്യയുടെ ക്രയശക്തി പുറരാജ്യങ്ങളിൽ വർദ്ധിക്കുകയുള്ളൂ. എന്നാൽ നമ്മുടെ നാട്ടിൽ സ്വർണ്ണത്തിന്റെ വിലയും കൊതിയും അധികമാകയാൽ ഗവണ്മെൻറിനു സ്വർണ്ണം കൂടുതൽ കരസ്ഥമാക്കുവാൻ സാധിക്കുകയില്ല. അതിനാൽ ഇന്ത്യയിൽ സ്വർണ്ണവില കുറയുക അവശ്യാവശ്യകമായിത്തീർന്നു. വില കുറയണമെങ്കിൽ ജനങ്ങളുടെ ആഭരണഭ്രാന്തു കുറയണം. സ്വർണ്ണം ഗവണ്മെൻറിനെ ഏല്പിച്ചാൽ ആദായകരമായ സ്വർണ്ണബോണ്ടുകൾ പകരം നല്കാമെന്നപോലും ഗവണ്മെൻറു നിശ്ചയിച്ചു. പക്ഷേ നമ്മുടെ സ്വർണ്ണക്കൊതിയന്മാർ വകവച്ചില്ല. അതിനാലാണു് അവസാനം ഗവണ്മെൻറ് സ്വർണ്ണനിയന്ത്രണം ഏർപ്പാടു ചെയ്തതു്. രാജ്യം രക്ഷപ്പെട്ടില്ലെങ്കിൽ നമ്മുടെ വ്യക്തിപരമായ ഭദ്രതയും അപകടത്തിലാകുമല്ലൊ. അതിനാൽ ഏതു ത്യാഗത്തിനും നാം സന്നദ്ധമാകുകതന്നെ.

പക്ഷേ അതോടൊപ്പം ബുദ്ധിപൂർവമായി മുന്നോട്ടുപോകാനും തയാറാവണം. സ്വർണ്ണനിയന്ത്രണംമൂലം പൊട്ടുന്നനവെ അനുഭവപ്പെടുന്ന പല വൈഷമ്യങ്ങളുമുണ്ടു്. അവ കണക്കിലെടുത്തുകൊണ്ടുവേണം നമ്മുടെ ജനങ്ങൾ പ്രവർത്തിക്കുക.

പണക്കാരനു് സാരമില്ല

ഗവണ്മെൻറിന്റെ ഉദ്ദേശ്യം പണക്കാരെ അമർത്തി സ്വർണ്ണം പുറത്തുകൊണ്ടുവരാനാണെങ്കിലും അതുകൊണ്ടു് അവർക്കു് വലിയ വീഴ്ച വരില്ല. ചിലരുടെ കള്ളക്കടത്തും കച്ചവടവും കൊള്ളലാഭവും തട്ടിപ്പും കുറെ കുറയുമെന്നേയുള്ളൂ. തുലാക്കണക്കിനു സ്വർണ്ണക്കട്ടികൾ കുഴിച്ചിട്ടിരിക്കുന്നവരും റാത്തൽപടി സ്വർണ്ണാഭരണങ്ങൾ ധരിക്കുന്നവരും പുതിയ നിയന്ത്രണം കണ്ടപ്പോൾ ഒന്നു കൂലുങ്ങിയിട്ടുണ്ടു്. ഒട്ടും അരക്കേടില്ല! എന്നാൽ അവർക്കു് ആ കൂലുക്കംകൊണ്ടു് കാര്യമായ ഒരു നഷ്ടവും ഉണ്ടാവില്ല. ബാങ്കിലും എസ്റ്റേറ്റുകളിലും വ്യവസായശാലകളിലും അവർക്കു് അവൽപോലെ പണമുണ്ടു്. തന്നെയല്ല വസ്തുനിഷ്ഠമായി കണക്കു കൂട്ടിയാൽ പുതിയ നിയമംമൂലം ചില മുതലാളിമാർ കൂടുതൽ ധനവാന്മാരാകുകയുംചെയ്യും. ചൂഷണവും അന്യായപ്പലിശയും വഴി അവർക്കു കൊള്ളയടിക്കാം. നേരേമറിച്ചു് പാവപ്പെട്ടവർ ബുദ്ധിപൂർവ്വം നിന്നില്ലെങ്കിൽ കൂടുതൽ തളരുകയുംചെയ്യും.

"ഇരിപ്പുമുതൽ"

നമ്മുടെ നാട്ടിൽ സാധാരണക്കാർ പൊതുവെ ബാങ്കിൽ പണം നിക്ഷേപിക്കുന്ന സ്വഭാവക്കാരല്ല. ഇരുപതു രൂപാ മിച്ചം കിട്ടിയാൽ അതിന്റെകൂടെ എങ്ങനെയെങ്കിലും അല്പംകൂടി ഉണ്ടാക്കി ഒരു അരപ്പവന്റെ ആഭരണം വാങ്ങും. അതവന്റെ കറൻറ് നിക്ഷേപമാണു്. ഏതുനേരത്തും പത്തു രൂപാക്കു് ബുദ്ധിമുട്ടുണ്ടാവാതെ ആ ആഭരണം സഹായിക്കും. വിവാഹസമയത്തുള്ള സ്ത്രീധനമൊന്നും കൊടുത്തില്ലെങ്കിലും നാലോ അഞ്ചോ പവന്റെ ആഭരണം കൊടുക്കുന്നതാണു് ഇഷ്ടം. കാരണം അതൊരു നിത്യനിക്ഷേപമാ (Fixed deposit) യിരിക്കും. "രൂപാ കൊടുത്താൽ ചെലവായിപ്പോകും. പൊന്നാണെങ്കിൽ ഒരു മുതലായിരുന്നുകൊള്ളും." ഇങ്ങനെ മിക്കവാറും എല്ലാ വീടുകളിലും കമ്മലായും മാലയായും മോതിരമായും കുറെക്കം പണംതരുന്ന കുറെ സമ്പാദ്യം കാണാം. സാധാരണഗതിയിലുള്ള ഏതൊരു അത്യാവശ്യത്തിനും രണ്ടു മുന്നുപവന്റെ ആഭരണം ഉണ്ടെങ്കിൽ അതു പണയംവച്ചു കാര്യം നടത്താം. വലിയൊരാശ്വാസമായിരുന്നു അതു്. വായ്പ വാങ്ങാൻ സ്വർണ്ണത്തെപ്പോലെ എളുപ്പവും ഉറപ്പുമുള്ള വസ്തു ഇല്ല. പുതിയ നിയന്ത്രണം

വനകോളുകൂടി ആ നില മാറുകയാണ്. ഒരുപവന്റെ മാലയുമായി ബാങ്കിൽ ചെന്നാൽ 25 രൂപായിൽ കൂടുതൽ കിട്ടുകയില്ലെന്നായി. അതുതന്നെ എത്രയെല്ലാം മെല്ലിവും അടയാളവും കൊടുത്താണ കിട്ടുക! മാറുകുറഞ്ഞ സ്വർണ്ണം എല്ലാവർക്കും മടുപ്പാണതാനും!

പണ്ടേ ദുർബല

കേരളത്തിൽ, മലബാറിലെ കുടിയേറ്റക്കാരെയാണ് ഈ നിയന്ത്രണം കൂടുതൽ ബാധിക്കുക. മുമ്പേതന്നെ ഇവിടെ കഷ്ടപ്പെട്ടുകഴിയുന്ന വമ്പിച്ചകർഷകരുടെ പ്രധാനപങ്കും അനുഭവിക്കുന്നത് അയൽപക്കത്തെ കൗശലക്കാരനായ പണക്കാരനും സൂത്രശാലിയായ കച്ചവടക്കാരനുമാണ്. കർഷകരാസത്തിലും കൃഷിയിറക്കുന്ന കാലത്തും മറ്റു എല്ലാ കാര്യത്തിനും വിളവിന്റെ ജാമ്യത്തിന്മേൽ മണ്ണും മുന്നും ഈടാക്കി പലിശയ്ക്ക് പണം പറ്റും. തനിക്കു വിശ്വാസമുള്ള പറ്റുന്ന നിസ്സാരവിലക്ക്, കൊയ്ത്തുകാലത്ത് നല്ല സംഖ്യയായി വരുമ്പോൾ മിക്കവാറും കൊടുക്കുന്ന ആളുടെ തന്നെ ചില പ്രത്യേകം കണക്കിൽ വച്ചുതന്നെ തനിക്കു മുഴുവൻ ഏറ്റം നിസ്സാരവിലവച്ച് കടക്കാരൻ കൊണ്ടുപോകും. ഉടമസ്ഥന് കഷ്ടിച്ച് രണ്ടോരണ്ടു മാസത്തെ ചെലവിനു കിട്ടിയാലായി. രണ്ടുമാസം കഴിയുമ്പോൾ താലിരട്ടി വിലകൊടുത്ത് അതേ നെല്ലുതന്നെ, അതേ കടക്കാരനോടുതന്നെ, അതേ കൃഷിക്കാരൻതന്നെ കടമായി വാങ്ങുന്നു! വീണ്ടും കടം! അങ്ങനെ കടത്തിന്റെ നീണ്ട ചങ്ങലയിൽ തൂങ്ങിയാണ് ഇവിടത്തെ അനേകായിരം കർഷകരും കഴിയുന്നത്. ചില പ്രദേശങ്ങളിലെ ജനങ്ങൾ ഇന്നും ഉയരാതെ കിടക്കുന്നത് അധ്വാനിക്കാഞ്ഞിട്ടും ഫലം ഉണ്ടാകാഞ്ഞിട്ടും അല്ല, ഈ മുടിഞ്ഞ കടവാങ്ങൽസ്ഥാനം മൂലമാണ്. എന്നാൽ അല്പം സ്വർണ്ണം കൈമുതലായി ഉള്ളവർ അതു തിരിച്ചും മറിച്ചും കരപറ്റിക്കൊണ്ടിരുന്നു. ഇന്നിതാ അതിന്റെ വില കുറഞ്ഞു. ഇനി വാങ്ങു കിട്ടണമെങ്കിൽ അവരും വസ്തുവും കൃഷിയും കൊള്ളപ്പലിശയ്ക്കു പണയം വയ്ക്കണം! സാധാരണക്കാരന് ബാങ്കിൽ നിന്നോ ഗവണ്മെന്റിൽനിന്നോ വായ്പ കിട്ടുക എളുപ്പവുമല്ല! ആ വായ്പകൾ നേടാനും പണക്കാരനാണ് സൗകര്യം! ഒരുകണക്കിന് പുതിയ സ്വർണ്ണനിയന്ത്രണം ഇല്ലാത്തവന്റെ ഉള്ളതുകൂടി ഇല്ലാതാക്കിയിരിക്കയാണ്!

അപ്പവും മീനും

ഈ വിപത്സന്ധിയിൽനിന്ന് പാവപ്പെട്ട കൃഷിക്കാരെ രക്ഷപ്പെടുത്തുവാൻ ഗവണ്മെന്റും സമുദായനേതൃത്വവും മുന്നിട്ടിറങ്ങി പ്രവർത്തിക്കണം. അറിവുകുറഞ്ഞ നമ്മുടെ കർഷകരെ യുക്തിപൂർവം കാര്യങ്ങൾ മനസ്സിലാക്കി ഉയർത്തണം. അങ്ങളുടെ വിയർപ്പിന്റെ വില അന്യായമായി കയ്യടക്കുന്ന മധ്യവർത്തികളിൽനിന്ന് അവരെ രക്ഷിക്കണം. ആനുകാലിക ജീവൽപ്രശ്നങ്ങളും അവയുടെ നിവാരണമാർഗ്ഗങ്ങളും കാണിച്ചുകൊടുക്കണം. ക്രിസ്ത്യാനികളെ സംബന്ധിച്ചു പറയുകയാണെങ്കിൽ പൊളുവു, ഞായറാഴ്ചയാണ് നമ്മുടെ ജനങ്ങൾ ഒരു സ്ഥലത്തു ഒന്നിച്ചുകൂടുക അന്ന് എല്ലാ ഗ്രാമത്തും പള്ളിയിൽ വരും. കുടിയേറ്റക്കോളനികളിലെ പള്ളികളിൽ, ഒരു മാസത്തിൽ ഒരു ഞായറാഴ്ചത്തെ പ്രസംഗത്തിലെങ്കിലും, പാവപ്പെട്ട നമ്മുടെ കർഷകത്തൊഴിലാളികളെ സംഘടിപ്പിച്ച് ആവശ്യമായ ക്രിയാത്മകമാർഗ്ഗങ്ങൾ ചൂണ്ടിക്കാണിക്കുന്നതു നന്നായിരിക്കുമെന്നു ഈ ലേഖകനു തോന്നുന്നു. സാമ്പത്തികമായി ജനങ്ങൾ തകർന്നുപോയാൽ അതു പല വിപത്തുകൾക്കും കാരണമാകും. ക്രിസ്തുനാഥൻതന്നെ സുവിശേഷപ്രസംഗങ്ങളുടെ ഇടയ്ക്ക് അപ്പവും മീനും വർദ്ധിപ്പിക്കാനും മിച്ചം വന്നതു സൂക്ഷിക്കാനും മനസ്സുവച്ചല്ലോ. അവിടത്തെ പല പ്രസംഗകളിലും കൃഷിക്കാരനും വയലും അരപ്പുരയും ചർച്ചാവിഷയമായിരുന്നല്ലൊ. അധ്വാനിക്കുന്നവരെയും ഭാരം വഹിക്കുന്നവരേയും അവിടുന്നു എപ്പോഴും ആശ്വസിപ്പിക്കുന്നുണ്ടല്ലൊ!

കൂലിപ്പണിക്കാരനും കാറ്!

യൂറോപ്യൻരാജ്യങ്ങളിലും അമേരിക്കൻനാടുകളിലും സമ്പൽസമൃദ്ധി നിലനില്ക്കുന്നത് അവിടങ്ങളിലെ വലിയവരും ചെറിയവരും സമ്പന്നരാണെന്നുള്ളതുകൊണ്ടല്ല. നമ്മുടെ നാട്ടിലെ സ്ത്രീകളുടെ ആഭരണഭ്രമവും 'നടപടിയും' കണ്ട് പാശ്ചാത്യർ പുച്ഛിച്ചു ചിരിക്കാറുണ്ട്. അവർക്ക് നമ്മുടെ സമ്പാദ്യശക്തി ഇല്ല. അവിടെ ഏറ്റം നല്ലിയ പണക്കാരനും പോലുമുള്ള ഏക ആഭരണം തന്റെ വിവാഹമോതിരമായിരിക്കും. പിന്നെ എങ്ങനെ ആ നാടുകളിലെ സാധാരണക്കാർ സമൃദ്ധമായി ജീവിക്കുന്നു, അമേരിക്കയിലെ ഓരോ കൂലിപ്പണിക്കാരനുപോലും സ്വന്തം കാറും റേഡിയോയും ടെലിവിഷൻസെറ്റും ഉണ്ട്. അപ്പവന്റെ ആഭരണംപോലും ഒരുപക്ഷേ അവന്റെ വീട്ടിൽ കാണുകയുമില്ല. കടംകേറി അവൻ മുടിയുന്നുമില്ല! ഇതെങ്ങനെ സംഭവിക്കുന്നു? അവിടെ കടവും വായ്പയും തിരിവുമറിവുകളും ഇല്ലേ, ഉണ്ട്. അതിനെല്ലാം ആ നാടുകളിൽ വ്യക്തവും സുനിശ്ചിതവുമായ മാർഗ്ഗങ്ങളുണ്ട്. ഉറപ്പേറിയ സഹകരണസംഘങ്ങളും ജനകീയപ്രസ്ഥാനങ്ങളും പ്രാദേശിക ഗിൽഡുകളും വിവിധതരത്തിലുള്ള ഇൻഷ്വറൻസുകളും ജനങ്ങൾക്കുവേണ്ടി വിശ്വസ്തതയോടെ പ്രവർത്തിക്കുന്നു. ഏതു പാവപ്പെട്ടവനും ആ സ്ഥാപനങ്ങളിൽ ഉൾപ്പെടാനും അവയിൽനിന്നു ഉപകാരം ലഭിക്കാനും നിഷ്പ്രയാസം സാധിക്കും. അങ്ങനെ സ്വർണ്ണാഭരണങ്ങളുടെ അകമ്പടി കൂടാതെ സാധാരണ ജനങ്ങൾക്ക് സുഭിക്ഷമായി ജീവിക്കാൻ സാധിക്കുന്നു.

മിച്ചനിക്ഷേപപദ്ധതിയും

ആ മാതിരി ക്രമീകരണങ്ങൾ നമ്മുടെ നാട്ടിലും നടപ്പാക്കണം. അതെല്ലാം സാധാരണക്കാരെ ഗുണകരമായി ഗവണ്മെന്റിന്റെ ലവലിൽ പാസ്സായിവരുമ്പോൾ ഒരു തലമുറ കഴിയും. അപ്പോഴേക്കും ഇന്ന് അനുദിന പ്രശ്നങ്ങളിൽ കിടന്നുഴലുന്ന മലയോരകർഷകരും മറ്റും കടത്തിൽ കടംകേറി വാസ്തുക്കളിലെ വായ്പയായി തകരും. അതിനാൽ സേവനതല്പരരായ ജനങ്ങൾതന്നെ മുന്നോട്ടിറങ്ങി ഓരോ പ്രദേശത്തിന്റേയും ഇടവകയുടേയും അടിസ്ഥാനത്തിൽ പ്രായോഗികമായ പ്രസ്ഥാനങ്ങൾആരംഭിച്ച് സൃഷ്ടിപരമായി പ്രവർത്തിക്കണം. മിക്കവാറും പലയിടത്തും ഇന്നു സഹകരണബാങ്കുണ്ട്. ആബാങ്കിൽ ഓഹരിക്കാരാകാനും അല്പവഴികിട്ടേണ്ട ആനുകൂല്യങ്ങൾ വാങ്ങി അങ്ങേയറ്റം മിതപ്രദമാക്കാനും ജനങ്ങളെ പ്രേരിപ്പിക്കുക. N.E.S. ബ്ലോക്കുകളിൽ നിന്നും മറ്റും ലഭിക്കാവുന്ന ആനുകൂല്യങ്ങൾ കഴിയുന്നത്ര നമ്മുടെ സാധാരണക്കാർക്കു നേടിക്കൊടുക്കുവാൻ എല്ലാവർക്കും ഉത്സാഹിക്കുക. ഇതിനെല്ലാം

നെഹ്റു

പുതിയൊരു സാമൂഹ്യ സംവിധാനത്തിനുവേണ്ടി അത്യധ്വാനംചെയ്യുന്ന അനുപമജനാധിപത്യവാദി.

വിഷ്ണുമായ

ജവഹർലാൽ നെഹ്റു ഇന്ന ആധുനിക ഇന്ത്യയുടെ പ്രതീകമാണ്—നേരെമറിച്ചും.

ഇന്ത്യയുടെ നവീനതത്ത്വത്തിന്റെ മുഖ്യാധാരമാണദ്ദേഹം. ഇതു പല രൂപഭാവങ്ങളിൽ ആവിഷ്കരിക്കപ്പെട്ടന്ന.



സ്വാതന്ത്ര്യസമ്പാദനത്തിനു ശേഷം ഇന്ത്യാചരിത്രത്തിൽ മുദ്രിതമായിട്ടുള്ള ആകർഷണീയമായ സംഭവങ്ങൾ നിരവധിയാണ്. സാമ്പത്തികാഭിവൃദ്ധിയുടെ അതിർവരമ്പുകൾ വിപുലീകരിക്കപ്പെട്ട. ഭക്രാ, ഹിരാക്കുഡ് നാഗാർജ്ജുന സാഗർ, കൊയ്ന...നെഹ്റു വിഭാവനം ചെയ്യുന്ന സമൂഹത്തിന്റെ സവിശേഷതകളിൽ ചിലതുമാത്രമാണിതു്. ഇന്ത്യയുടെ "പുതിയ ക്ഷേത്രങ്ങൾ" എന്നാണദ്ദേഹമിതിനെ വിശേഷിപ്പിക്കുന്നതു്. വെറും ചന്തമിയന്ന ശൈലിയല്ലിതു്. മറ്റു പലതിനേയും അതുൾക്കൊള്ളുന്നു.... മഹാന്മാരാകാൻ ജനിച്ച മറ്റു പലരേയുംപോലെ നെഹ്റുവും ചരിത്രശക്തികളുടെ സന്തതിയാണു്. മോട്ടിലാൽ നെഹ്റുവിന്റെ പുത്രനാണെന്നതോ മഹാത്മജിയുടെ പിൻഗാമിയെന്ന പരക്കെ അംഗീകരിക്കപ്പെട്ടതോ അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവത്തിന്റെ വികാസത്തെ സംബന്ധിച്ചിടത്തോളം പ്രസക്തമല്ല.

പരാജയത്തോട് അസഹിഷ്ണുത

നെഹ്റു തന്നെപ്പറ്റി സംസാരിക്കുന്ന അവസരങ്ങൾ തുലോം ചുരുക്കമാണു്. ആ ചുരുക്കം ചില സന്ദർഭങ്ങൾപോലും അദ്ദേഹത്തിന്റെ വിനയത്തെപ്പറ്റി ബഹുമാനം വർദ്ധിപ്പിക്കാൻ പര്യാപ്തമാണു്. തന്റെ പാരമ്പര്യത്തെക്കുറിച്ചോ ഹാരോയിലും കേംബ്രിഡ്ജിലും ചെലവഴിച്ച കാലഘട്ടത്തെക്കുറിച്ചോ അദ്ദേഹം പറഞ്ഞുകേൾക്കാറില്ല. ഉന്നത ശിഷ്യന്മാരുടെ ഇടയിൽ കാണാറുള്ള വഷളായ ആ പൊങ്ങച്ചമുണ്ടല്ലൊ അതവിടെ തൊട്ടുതെറിച്ചിട്ടില്ല.

ഇന്ത്യയിൽ മടങ്ങിയെത്തിയശേഷം സ്വാതന്ത്ര്യത്തിനുവേണ്ടി ജീവിക്കുകയും സമരം നടത്തുകയും ചെയ്യുന്ന മുന്നണിപ്പടയാളികളിൽ അദ്ദേഹം സജീവതാൽപര്യം പ്രദർശിപ്പിച്ചു. അദ്ദേഹവും സമരനിരയിലേക്കു നിങ്ങിയതു ഒരത്ഭുതമല്ലല്ലൊ.

രക്തരഹിതമാണെങ്കിലും ഒരു രാഷ്ട്രീയ വിപ്ലവത്തിലൂടെ ജീവിക്കയെന്നതു വിഷമം കുറഞ്ഞ ഒന്നല്ല. തന്റെ നാട്ടുകാർക്ക് തങ്ങളുടെ പൈതൃകത്തെക്കുറിച്ചുപോലും ബോധമില്ലെന്നു മനസ്സിലായപ്പോൾ ചരിത്രത്തിന്റെ അവിച്ഛിന്നതയെക്കുറിച്ചു് അദ്ദേഹത്തിന്റെ ബഹുമാനം കുറഞ്ഞിട്ടുണ്ടാവണം. പരാജയത്തോട് അദ്ദേഹം അസഹിഷ്ണുവാണു്; കുറെയൊക്കെ പുരോഗതിയുടെ വേഗത്തെ സംബന്ധിച്ചും.

ഉപരിയായി ഇവേകാടിസ്ഥാനത്തിൽ ഉത്തരവാദിത്വപൂർവം തെരഞ്ഞെടുപ്പിച്ചനിക്ഷേപപദ്ധതി ആരംഭിക്കുന്നതു നന്നായിരിക്കും. ഓരോ ന്യായാധിപനും അതതു ആസ്ഥാനത്തിലെ ചരിത്രത്തിലെ ഒരു സംഭവം ഈ നിക്ഷേപപദ്ധതിയിൽ നിർബന്ധപൂർവം തന്നെ എല്ലാവരും നിക്ഷേപിക്കട്ടെ. വിളവെടുപ്പുകാലത്തും കൂടുതൽ വരുമാനമുണ്ടാകുമ്പോഴും, തിന്നും കുടിച്ചും ഉപരനാൾ കൂടിയും ധൂർത്തടിക്കാതെ കുടുംബത്തിന്റെ സുരക്ഷിതത്വത്തിനു നിശ്ചിതം വച്ചു് അതു് നിക്ഷേപിക്കുക. സമ്പത്തുകാലത്തു പത്തു തലമുറയ്ക്കു വച്ചാൽ ആപത്തുകാലത്തു പത്തുതലമുറയ്ക്കുവിഷമിക്കേണ്ടി വരുമെന്നു സാമ്പത്തികരംഗത്തു് തെളിയിക്കുന്നതിനു പുതിയ വഴിയിറങ്ങുന്നവർ പഴയ ആചാരരീതികൾ മാറ്റുവാൻ ജനങ്ങളെ പരിശീലിപ്പിക്കണം. വിളവിറക്കുന്ന കാലത്തും കൊയ്ത്തുകാലത്തും കിട്ടുന്നതിലധികമൊന്നുമില്ലാതെ കടം വാങ്ങിയിട്ടു് വിളവെടുപ്പുകാലത്തു്, മുഴുവൻ അധ്വാനഫലവും നഷ്ടപ്പെടുത്തി തന്ത്രശാലികളായ കുബേരന്മാർക്കും മുതലാളിമാർക്കുംകൊടുത്തു ന്യായം സൃഷ്ടിക്കുന്ന ഏർപ്പാടു് ഇനി ആവർത്തിക്കരുതു്. മൂന്നാളുകൾ തീരെ ബുദ്ധിമുട്ടുകയാൽ ഭാര്യയുടെ കണ്ണീരും കയ്യും പറിച്ചു പണയംവച്ചു അത്താഴത്തിനുള്ള അരി വാങ്ങിക്കുമായിരുന്ന ഇനി അതൊക്കെയില്ലെന്നാക്കിത്തീർക്കണം. കാലത്തിനൊത്തു പരിഷ്കാരങ്ങളുടെ ഗതികളും സഹകരണമനോഭാവവും കൈകാണിച്ചില്ലെങ്കിൽ ഇനിയുള്ളകാലം ഗതിയില്ല. പ്രത്യേകിച്ചു് മലബാർ മലകളിൽ.

ക്രൈസ്തവ മനഃസാക്ഷി

സമകാലിക ഇന്ത്യൻസമുദായത്തിലെ പല കാര്യങ്ങളും അദ്ദേഹത്തിന്റെ, മിക്കവാറും ക്രൈസ്തവമായ മനഃസാക്ഷിയെ നടുക്കിയിട്ടുണ്ടാവും

അദ്ദേഹം പലവിധത്തിലും ഒരു ക്രാന്തദർശിയാണു്; ആ വാക്കിന്റെ നല്ല അർത്ഥത്തിൽ. ആദർശവാദത്തിന്റെ പരിമിതികളെക്കുറിച്ചു ബോധവാനായ നെഹ്റുവിൽ യാഥാർത്ഥ്യത്തിന്റെ നേർക്കുള്ള നീക്കം പ്രകടമാണു്. യാഥാർത്ഥ്യത്തേയും ഭാവനയേയും തമ്മിൽ ഒന്നിപ്പിക്കാൻ വേണ്ടി അദ്ദേഹം നടത്തുന്ന അന്വേഷണം പ്രധാനമായും അന്തർമുഖമാണു്. ഇതാതികച്ചും ആധുനികവും യഥാർത്ഥവുമായ തത്വജ്ഞാനത്തോടുകൂടിയ "പഴയനിയമത്തിലെ പ്രവാചകൻ."

നെഹ്റുവിനു് അദ്ദേഹത്തിന്റെ രക്തത്തിൽതന്നെ ചരിത്രാവബോധമുണ്ടു്. ഭൂതവർത്തമാന ഭാവികാലങ്ങളെ തമ്മിൽ കൂട്ടിയിണക്കുന്ന ഈ ചരിത്രാവബോധമാണു് അദ്ദേഹത്തിന്റെ ദർശനത്തിന്റെ അന്തസ്സത്ത.

ചെറിയ, നിസ്സാരമായ പരിവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കാൻ അദ്ദേഹത്തിനു സമയമുണ്ടായിട്ടില്ല. കാരണം അദ്ദേഹത്തിന്റെ മനസ്സു് എപ്പോഴും ഭാവിയിലാണു്. ഒരു അതിഭക്തന്റെ കുരിശു യുദ്ധമനോഭാവമുള്ള നെഹ്റുവിനു മടിയന്മാരോടു് അവജ്ഞയാണുള്ളതു്.

സോഷ്യലിസം—ഒരു ജീവിതക്രമം

രാജ്യതന്ത്രജ്ഞന്റെയും ധർമ്മജ്ഞന്റെയും പ്രവർത്തനമണ്ഡലങ്ങളെ അരിസ്സോട്ടൽ വേർതിരിച്ചുകാട്ടിയിട്ടില്ല. സേവനത്തെയും ത്യാഗത്തെയും മുറുകെപ്പിടിച്ചുകൊണ്ടും നീതിബോധത്തെ മാർഗ്ഗദർശകദീപമാക്കിക്കൊണ്ടും ഗാന്ധിജി ജനാധിപത്യത്തെ ആത്മജ്ഞാനാശയമാക്കിത്തീർത്തു. നെഹ്റു ജനാധിപത്യത്തെ അതിന്റെ ചരിത്രപരമായ പുരോഗതിയിൽ കൈക്കൊള്ളുകയും അതിനു മനുഷ്യസ്നേഹത്തിന്റെ ചൈതന്യം നല്കുകയുംചെയ്തു.

ഇല്ലായ്മയുടെയും ദാരിദ്ര്യത്തിന്റെയും സർവ്വോപരി അസമത്വത്തിന്റെയും മദ്ധ്യത്തിൽ യാതൊരു ജനാധിപത്യത്തിനും ദീർഘകാലം നിലനില്ക്കുക സാധ്യമല്ലെന്നു നെഹ്റു പറഞ്ഞിട്ടുണ്ടു്.

ലോകത്തിന്റെയെന്നപോലെ ഇന്ത്യയുടെയും പ്രശ്നപരിഹാരം സോഷ്യലിസത്തിലാണടങ്ങിയിരിക്കുന്നതെന്നു് അദ്ദേഹത്തിനു് ബോധ്യമുണ്ടു്. വെറുമൊരു രാഷ്ട്രീയസിദ്ധാന്തത്തെയല്ല അദ്ദേഹമിതുകൊണ്ടു് ഉദ്ദേശിക്കുന്നതു്. ജീവിതത്തിന്റെ ഒരു തത്വശാസ്ത്രത്തെ പ്രതിഫലിപ്പിക്കുന്ന വിധത്തിൽ ശാസ്ത്രീയവും സാന്മാർത്തികവുമായ അർത്ഥത്തിലാണദ്ദേഹം ആ വാക്കു പ്രയോഗിക്കുന്നതു്.

ഇന്ത്യയുടെ കുരിശു്

ഇന്ത്യയുടെ 'കുരിശു്' ആയിരുന്നിട്ടുള്ള ദാരിദ്ര്യം നെഹ്റുവിനെ എക്കാലത്തും സ്പർശിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ സോഷ്യലിസ്റ്റു് ചിന്താഗതിയുടെ വ്യാപ്തി വളരെ വലുതാണു്. യഥാർത്ഥ സാർവദേശീയ വാദിയായ നെഹ്റു ഈ സോഷ്യലിസ്റ്റു് ചിന്താഗതിക്കു് അതിർവരമ്പുകൾ സൃഷ്ടിച്ചിട്ടില്ല. വ്യക്തിയുടെ സ്വാതന്ത്ര്യത്തിനു പരമപ്രാധാന്യം കല്പിക്കുന്ന, അസമത്വങ്ങളില്ലാത്ത ഒരു പുതിയ സമുദായത്തിനു വേണ്ടിയാണദ്ദേഹം നിലകൊള്ളുന്നതു്. ഈ കുരിശുയുദ്ധത്തിൽ "എങ്കിൽ" "പക്ഷെ" എന്നീ വാക്കുകൾ അദ്ദേഹം സ്വീകരിച്ചിട്ടില്ല.

"ചൂഷിതരെ വിമോചിപ്പിച്ച പുതിയൊരു സാമൂഹ്യചക്രം സ്ഥാപിക്കുന്നതിനുള്ള ലോകസമരത്തിന്റെ ഭാഗമാണു് ഇന്ത്യൻ സ്വാതന്ത്ര്യസമര"മെന്നു നെഹ്റു നേരത്തെ പറഞ്ഞിട്ടുണ്ടു്. സങ്കുചിതമായ ദേശീയതയെ അദ്ദേഹം വെറുക്കുന്നു.

"നിങ്ങൾ ഒന്നുകിൽ ഞങ്ങളോടുകൂടെയാണു്. അല്ലെങ്കിൽ ഞങ്ങൾക്കെതിരാണു്," എന്ന സമീപനം തീരെ സങ്കുചിതമാണെന്നു് അന്താരാഷ്ട്രീയ സഹകരണത്തിന്റെ വക്താവായ നെഹ്റു വിശ്വസിക്കുന്നു. അന്താരാഷ്ട്ര സാഹോദര്യത്തിലാണു മനുഷ്യരാശിയുടെ ഭാവി സ്ഥിതിചെയ്യുന്നതെന്നു് അദ്ദേഹത്തിനറിയാം.

സിദ്ധാന്തപരമല്ല

വെറും സിദ്ധാന്തപരമായ സാർവദേശീയതയല്ല അദ്ദേഹത്തിന്റേതു്. ഓരോ രാജ്യത്തിനും സ്വന്ത ഭാഗധേയം നിർണ്ണയിക്കാനുള്ള അവകാശം പ്രഖ്യാപനം ചെയ്യുന്ന പഞ്ചശീലങ്ങളാദ്യം ജന്മംകൊണ്ടതു്. പിന്നീടു് ബന്ധുഭൂതർക്കങ്ങൾ സമാധാനപരമായി പരിഹരിക്കുക, അന്യരുടെ കാര്യത്തിൽ കൈകടത്താതിരി

കവിത



ബാല്യകാലം

സോമൻ മുട്ടാർ

കവിക്കു കുറിക്കുവാൻ പാറിയില്ലീ
ബാല്യത്തിന്റെ
പവിഴക്കൂടത്തിലെ പഞ്ചാരയനുഭൂതി
ചിത്രകാരനു ചായം കൊടുക്കുവാൻ കഴിയില്ലീ-
ചിത്രത്തിൽ മിന്നിച്ചിന്നു മോമനനിറംപോലും
പാട്ടുകാരനു പാടി ഫലിപ്പിക്കുവാൻ മേലാ
ബാല്യത്തിൻ സ്വരരാഗ സുധയെയൊരിക്കലും
അഴകിൻ പഴം നുറുക്കൊത്തിരിയതാ നീളെ
മിഴിവിൻ മലർതോറും മന്ദഹാസങ്ങൾ തൂവി
നീലിമ യൂറയുമാക്കൊച്ചുകണ്ണുകൾക്കുള്ളിൽ
ചാലിച്ചുകൂട്ടുന്നുണ്ടു നിഷ്കളങ്കത നീളെ
മാരിവിൽച്ചാറിനുള്ളിൽ കഴുകും മുഖത്തിലെ
ചാരുത ചന്ദ്രൻ തന്നെ ചായമിട്ടതുപോലെ
നിയതി പടിഞ്ഞാറെ ചക്രവാളത്തിൽനിന്നും
കുങ്കുമസുമങ്ങൾ നിൻ ചുണ്ടിലേയ്ക്കൊട്ടിച്ചില്ലേ
കാലത്തിൻ കൈലേസിലെ മന്ദാരപുഷ്പം—
പോലെ-
യാലോലം വിളങ്ങുന്ന ബാല്യമേ! നമസ്കാരം
കാപട്യക്കരിങ്കാറു നീണ്ടുമീ ലോകത്തിൽ നീ
ശുദ്ധിതൻ മണിപ്രാ വായ് ചിറകിട്ടടിക്കുന്നു.
പുഞ്ചിരി യല്പക്കിട്ട ബാല്യമേ ലോകത്തിന്റെ
പഞ്ജരം പണിയുവാൻ നീ നാളെ-
വളരുമ്പോൾ
മാഞ്ഞുപോവുന്നു നിന്റെ മുഖഛായകൾ-
തീർത്തും
മഞ്ഞുതുള്ളികൾ വറ്റിക്കരിയും പൂച്ചെണ്ടു-
പോൽ
മണ്ണിലെ സ്വർഗ്ഗം തീക്കും ബാല്യമേ നീനക്കു-
ഞാൻ
എണ്ണാതെ നല്കട്ടെന്റെ കുപ്പുകൈപ്പൂമൊട്ടുകൾ.

ക്കുക. പുതിയ ഈ രാഷ്ട്രീയ പ്രത്യയത്തിന്റെ രത്നച്ചുരുക്കമിതാണ്. സാർവദേശീയതയിലുള്ള ഒരു അനുബന്ധമാണ് അദ്ദേഹത്തിന്റെ ചേരിചേരാനയം. അതു നിഷേധാത്മകമല്ല, രചനാത്മകമാണ്. കിടമത്സരങ്ങളിൽനിന്ന് അകന്നുനില്ക്കാനിതു പ്രേരിപ്പിക്കുന്നു. പക്ഷേ എല്ലാ രാജ്യങ്ങളോടുമുള്ള സൗഹാർദ്ദമാണിതിന്റെ അടയാളരേഖ.

വിമർശകർ അപകടസൂചനകൾ മുഴക്കിയെന്നിരിക്കിലും നെഹ്റുവിന്റെ ചേരിചേരാനയം ചൈനീസാക്രമണത്തെ തടുത്തുനിറുത്തുന്നതിൽ ഇന്ത്യയെ സഹായിച്ചിട്ടുണ്ട്. ചേരിചേരാരാഷ്ട്രമാണെങ്കിലും പാശ്ചാത്യചേരിയിൽനിന്നും പൗരസ്ത്യചേരിയിൽനിന്നും നമുക്കു സഹായം ലഭിച്ചു. ഇരുചേരികൾക്കും അക്കാര്യത്തിൽ യാതൊരാശങ്കയുമില്ലായിരുന്നു. ചൈനയുടെ വികസനമോഹത്തിനെതിരായുള്ള സമരത്തിൽ യു. എൻ—ൽ പ്രാതിനിദ്ധ്യമുള്ള 110 രാജ്യങ്ങളിൽ 70 ഉം നമുക്കു പിന്തുണയും അനുഭാവവും നല്കിയിട്ടുണ്ട്. ഈ ഉറപ്പ് ചേരിചേരാതിരിക്കലിനും ജനാധിപത്യത്തിനും അനുകൂലമായുള്ള ഒരു ആഗോളവോട്ടാണ്.

നിഷ്പക്ഷത കാഴ്ചവസ്തുവല്ല

നെഹ്റുവിന്റെ പ്രധാന താല്പര്യം സമാധാനമാണ്—ലോകസമാധാനം. സമാധാനമില്ലെങ്കിൽ പുരോഗതിയില്ലെന്നു് അദ്ദേഹത്തിനറിയാം. "നിങ്ങൾ സമാധാനമാഗ്രഹിക്കുന്നോ? എങ്കിൽ അതിനുവേണ്ടി സമാധാനപരമായി പ്രവർത്തിക്കൂ" എന്നദ്ദേഹം പറയുന്നു. സംഘർഷം കുറയ്ക്കാനും സമാധാനം സ്ഥാപിക്കാനും വേണ്ടിയുള്ള വ്യക്തമായ ഒരു സമീപനമാണദ്ദേഹത്തിന്റേതു്. പക്ഷേ അനിശ്ചിതമായ ഒരു "ഇന്നിനു"വേണ്ടി നാളയെ അദ്ദേഹം വഞ്ചിക്കില്ല—ഇല്ല, നെഹ്റുവിനെ ആ കൂട്ടത്തിൽ കിട്ടുകയില്ല.

"സ്വാതന്ത്ര്യം ദ്രോഹിക്കപ്പെടുമ്പോൾ, നീതി ഭീഷണിക്കു വിധേയമാവുമ്പോൾ, ആക്രമണമുണ്ടാവുമ്പോൾ, നാം നിഷ്പക്ഷരാവുക സാധ്യമല്ല; നിഷ്പക്ഷരാവുകയുമില്ല." —നെഹ്റുവിന്റെ ഗാംഭീര്യമുള്ള സ്വരമാണിതു്. യുദ്ധം ഒഴിവാക്കണം, തടയണം. പക്ഷേ ആക്രമണത്തിനു തല കുനിക്കുകയില്ല.

ഈ മനോഭാവത്തോടെയാണ് അദ്ദേഹമിന്നു് ഇന്ത്യയുടെ ഭാഗധേയങ്ങളെ നിയന്ത്രിക്കുന്നതു്. ഭീഷണിയെ നേരിടാൻ സഹായം ഉണ്ടെങ്കിലും ഇല്ലെങ്കിലും ഉറച്ചുനില്ക്കാൻ അദ്ദേഹം ജനങ്ങളെ ആഹ്വാനംചെയ്യുന്നു.

ചൈനീസാക്രമണത്തിനു ശേഷമുള്ള പ്രസ്താവനകൾ അദ്ദേഹത്തിന്റെ അടിസ്ഥാനപരമായവിശ്വാസങ്ങളെ പ്രതിഫലിപ്പിക്കുന്നു.

കുടിയേറ്റ

തളിപ്പറമ്പ് താലൂക്കിന്റെ ഇന്ത്യാദേശം വക കിഴക്കൻ മലയോരങ്ങളിൽ കടകിനും വൈതരൻ മല കൾക്കും ഏറെ വിദൂരമല്ലാതെ കുടിയേറ്റക്കാർക്കും സ ഞ്ചാരികൾക്കും ഒന്നുപോലെ ആശയും ആവേശവും പ കരുന്ന ദീപശിഖയായ് ഉയർന്നുവന്നിട്ടുള്ള ഒരു പുതിയ ജനപദമാണ് ആലക്കോട്ട്. തളിപ്പറമ്പിൽനിന്നു്, ചീങ്കല്ലുകൾ നിറഞ്ഞു ശുഷ്കങ്ങളായ സമതലപ്രദേശ ങ്ങളും കുറിക്കാട്ടകളും, ചെറുകുന്നുകളും, പിന്നിട്ട നീ ണ്ടുവളഞ്ഞുപുളഞ്ഞു പോകുന്നറോഡിൽകൂടിപതിനാ ലുമൈൽ സഞ്ചരിച്ചാൽ ആലക്കോട്ട ടൗണിലെത്താം.

അല്പം പഴയ ചരിത്രം

ഇന്നത്തെ ആലക്കോട്ട്കുടിയേറ്റം ആരംഭിക്കുന്ന തിനു വളരെ മുമ്പുതന്നെ സമീപപ്രദേശമായ വായാട്ട പറമ്പിൽ കുടിയേറ്റം ആരംഭിച്ചിരുന്നു. വായാട്ടുപ റമ്പിനു സമീപമുള്ള കരുവഞ്ഞാലയിൽ 1926ൽ ഒരു



പുതിയ പള്ളി

ഇന്ത്യയുടെ മേൽ ചൈന അടിച്ചേല്പിച്ച ഈ സമരം നെഹ്രു പറഞ്ഞതുപോലെ മെച്ച പ്പെട്ട ജീവിതത്തിനു വേണ്ടിയുള്ള ഒരു സമര മായി, വ്യക്തിയുടെ സ്വാതന്ത്ര്യം നിലനിറു ത്താനുള്ള ഒരു സമരമായി കണക്കാക്കപ്പെട ണം. അവിടം കൊണ്ടവസാനിച്ചിട്ടില്ല സമാ ധാനത്തിനെന്നപോലെ സമരത്തിനും ഒരു അ വശ്യോപാധിയാണ് ആസൂത്രിത വികസന മെന്നുദ്ദേഹം അംഗീകരിക്കുന്നു.

ഒരു സൈനികസംഘട്ടനം അവശേഷി പ്പിച്ചിട്ടുപോകുന്ന നഷ്ടാവശിഷ്ടങ്ങൾക്കപ്പുറ ത്തു സാമൂഹ്യ പുനഃനിർമ്മാണം ആസൂത്രണം ചെയ്യുവാനുള്ള കാഴ്ചപ്പാട് ലോകചരിത്രത്തിൽ അപൂർവം ചില നേതാക്കന്മാക്കെ ഉണ്ടായിട്ട ള്ള. ഇവരുടെ മുൻപന്തിയിലാണ് നെഹ്രു. വിന്റെ സ്ഥാനം.

നന്നുൽ തോമസ്, പുല്ലാട്ട ജോർജ്ജ്, തേവറോലി ക്കൽ സെബാസ്റ്റ്യൻ, മാൻകുട്ടത്തിൽ ജോസഫ് എ ന്നിവരും, വായാട്ടുപറമ്പിൽ ഇലക്കാട്ടുപറമ്പിൽ പൗ ലോസ്, പള്ളിത്തറ ലൂക്കോസ്, വാന്നുകരിതോമസ് പു തയിടത്തിൽ പാപ്പൻ, എന്നിവരും പൊറങ്ങനാൽ ഡോ ക്ടർ മാത്യുവും ജ്യേഷ്ഠൻ ജോസഫും കുടുംബസഹിതം തോ മസമാക്കി. ഇന്നാട്ടിലെ കുടിയേറ്റക്കാരുടെ മുന്നോടി കൾ ഇവരാണ്. കഠിനയാതനകളുടെ കരളുരുക്കുന്ന കഥകൾ ഇവർക്കോരോരുത്തർക്കും പറയാനുണ്ട്. മലങ്കാ ടുകളുടെ മറവുകളിൽ കാണുന്ന കരിമ്പാലക്കുടികളിലെ ചില മനുഷ്യജീവികളാണ്, അവരുടെ വേദനകൾക്കു സാക്ഷി നിന്നവർ. മലമ്പനിയുടെ മാ രകശക്തിയും, കാട്ടുമൃഗങ്ങളുടെ കരാള പീഡനങ്ങളും അത്യാവശ്യ സാധനങ്ങ ളുടെ അഭാവവും അവരെ അധീരരാക്കി പിന്തിരിപ്പിക്കാൻ ശക്തമായില്ല.

തന്റെ വത്സലസന്തതികൾ എവിടെ യായിരുന്നാലും തിരുസ്സഭാമാതാവു് അ വരെ കൈവെടിയുക പതിവില്ല. കോ ഴിക്കോട്ട രൂപതയിൽ സേവനം അനു ഷ്ഠിച്ചിരുന്ന ജസ്യൂട്ടവൈദികരിൽ പ്രമു ഖനായിരുന്ന റവ.ഫാദർ പോത്തോ അ ദ്ദേഹത്തിന്റെ സേവനരംഗമായ തളി പ്പറമ്പിൽനിന്നു് വായാട്ടുപറമ്പിൽ വ രികയും കുടിയേറ്റക്കാരിൽ ചിലരുടെ വീടുകളിൽ ദിവ്യബലിഅർപ്പിക്കുകയും ചെയ്തു. അദ്ദേഹം കൂടെക്കൂടെ അവരു ടെ സ്ഥിതിഗതികൾ അന്വേഷിച്ചുകൊ ണ്ടിരുന്നു. 1928ൽ അദ്ദേഹം വിശുദ്ധ യൗസേപ്പു പിതാവിന്റെ നാമ ത്തിൽ വായാട്ടുപറമ്പിൽ ഒരു പള്ളി സ്ഥാപിച്ചു. ഈ പള്ളിയ്ക്കുവേണ്ടി 20 ഏക്കർ സ്ഥലം പൊറങ്ങനാൽ ഡോക്ടർ പി. എ. മാത്യുവും ഇലക്കാട്ടുപറമ്പിൽ പൗ ലോസും കൂടി സംഭാവനചെയ്തു. അടുത്ത ചില വർഷ ങ്ങളിൽ വായാട്ടുപറമ്പിൽ ചില്ലറ കുടിയേറ്റങ്ങൾ ന ടന്നുകൊണ്ടിരുന്നു. ബ. പോത്തോഅച്ചനുശേഷം ത ളിപറമ്പിൽ വികാരിമാരായിരുന്ന ഫാദർ പീറർ കയ്റോണി, ഫാദർ മച്ചാദ്, ഫാദർ മാത്യു വെള്ളാ പ്പാട്ട്, ഫാദർ ആൻറണി ഡി സൂസാ, ഫാദർ ജോസ ഫ് കിഴക്കംഭാഗം, ഫാദർ കുയ്മാക്കോസ് കടക്കച്ചിറ എന്നീ വൈദികശ്രേഷ്ഠന്മാർ മാസത്തിൽ ഒരു പ്രാവ ശ്യമെങ്കിലും വായാട്ടുപറമ്പിൽ വന്നു ജനങ്ങളുടെ ആ ത്മീകാവശ്യങ്ങൾ നിർവഹിച്ചുകൊണ്ടിരുന്നു. തളി പ്പറമ്പിൽനിന്നും കാൽനടയായി സഞ്ചരിക്കേണ്ടതു കൊണ്ടു് വളരെയധികം കായക്ലേശം സഹിച്ചാണ് അവർ വായാട്ടുപറമ്പിൽ വന്നിരുന്നതു്.

ഇലക്കാട്ടുപറമ്പിൽ പൗലോസിന്റെ പിതാവു് മരണാസന്നനായിത്തീർന്നപ്പോൾ അന്ത്യകൂദാശകൾ കൊടുക്കുന്നതിനു് ഒരു വൈദികനെ അന്വേഷിച്ചുപോ യ ആൾ 35 മൈൽ ദൂരെയുള്ള വാട്ടർ ചെന്നാണ് ബ. കയ്റോണി അച്ചനെ കണ്ടതു്. വിവരംകേട്ട ഉടനെ

ചരിത്രം

അദ്ദേഹം യാത്രതിരിച്ചു. ചെരിപ്പുപോലും ധരിക്കാതെ കുന്നുമുഴുവൻ ചീങ്കൽപാറ വഴി നടന്ന് നാട്ടുകാണിയിൽ എത്തിയപ്പോൾ നേരം അർദ്ധരാത്രിയായി. ആ പാറപ്പുറത്തു കിടന്നു കുറച്ചു വിശ്രമിച്ചശേഷം വീണ്ടും യാത്രതുടർന്ന് വായാട്ടുപറമ്പിൽ എത്തി അന്ത്യകൂദാശകൾ കൊടുത്തു. ഈ സംഭവം വിവരിക്കുമ്പോൾ പൗലോസിന്റെ കണ്ണുകളിൽ ഇന്നും കണ്ണുനീർ പൊഴിയുന്നതു് കണ്ടിട്ടുണ്ടു്. മാൻകൂട്ടത്തിൽ ഏലി മരിച്ചപ്പോൾ കരുവഞ്ഞാലപ്പുഴ നിറഞ്ഞുകവിഞ്ഞു വെള്ളപ്പൊക്കമായിരുന്നതുകൊണ്ടു് സ്വന്തം സ്ഥലത്തുതന്നെ ശവസംസ്കാരം നടത്തേണ്ട ഗതികേടാണു് കുട്ടംബാംഗങ്ങൾക്കു സംഭവിച്ചതു്. ഈ അനുഭവം മറ്റു പലർക്കും സംഭവിച്ചിട്ടുണ്ടു്. അന്നത്തെ ലത്തീൻമിഷനറിമാരുടെ ത്യാഗസുരഭിലമായ സേവനങ്ങളെ ആദിമകുടിയേറ്റക്കാർ ഇന്നും കൃതജ്ഞതാപൂർണ്ണരായി സ്മരിക്കുന്നുണ്ടു്.

ആലക്കോട്ടുപള്ളിയുടെ ആരംഭം

1951ൽ വായാട്ടുപറമ്പുപള്ളിക്കു സ്വന്തമായി ഒരു വികാരിയെ കോഴിക്കോട്ടുരൂപതയിൽനിന്നു അനുവദിച്ചു. അദ്ദേഹമാണു് ബ. നസറത്തു് ജയിംസച്ചൻ. ആലക്കര് സ്ഥലത്തു് ഒരു വലിയ ഷെഡ്ഡുണ്ടാക്കി. ആ ഷെഡ്ഡാണു് ഇന്നും പള്ളിയായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നതു്. 1955 നവംബർ 8-ാംനു തലശ്ശേരിരൂപതയുടെ വികാരി ജനറാൾ പുതിയ പള്ളി വെഞ്ചരിച്ചു് വി. കർബാന അർപ്പിച്ചു. കളപ്പുരയിൽ മാത്തൻ പള്ളിക്കു് 6 ഏക്കർ ഭൂമിയും ഡോക്ടർ പി. എ. മാത്യു 2 ഏക്കർ ഭൂമിയും സംഭാവന ചെയ്തു.

ബ. നെട്ടംപിള്ളിൽ ജയിക്കബ്ബച്ചൻ

ആലക്കോട്ടുപള്ളിയുടെ പ്രഥമവികാരി നെട്ടംപിള്ളിൽ ബ. ജയിക്കബ്ബച്ചനാണു്. ശൈശവദശയിലുള്ള പള്ളിയെ ബാലാരിഷ്ടതകളിൽനിന്നും വിമുക്തമാക്കാൻ ബ. അച്ചൻ വളരെയധികം ക്ലേശിച്ചിട്ടുണ്ടു്. അന്നന്നദിന ആവശ്യങ്ങൾതന്നെ വളരെ ഞെരുങ്ങിയാണു് നടന്നിരുന്നതു്. ഇക്കാലങ്ങളിൽ ആലക്കോട്ടു പുഞ്ചാർ രാമവർമ്മരാജയുടെ ഭൂമികളിലും, വെള്ളാട്ടു് ദേവസ്വം വക സ്ഥലത്തും, അരങ്ങം ദേവസ്വം വക ഭൂമികളിലും കുടിയേറ്റങ്ങൾ വമ്പിച്ച തോതിൽ നടന്നിരുന്നു. പള്ളിയും അച്ചനും, വളക്കൂറുള്ള മണ്ണും, ഗതാഗതയോഗ്യമായ റോഡും കൂടുതൽ കുടിയേറ്റങ്ങൾക്കു കളമൊരുക്കി.

കുന്നേൽ ബ. ജോസഫച്ചൻ

1957-ൽ കുന്നേൽ ബ. ജോസഫച്ചൻ ആലക്കോട്ടു വികാരിയായി ചാർജ്ജെടുത്തു. ഇടവകയുടെ ഇന്നത്തെ

VIII

മലബാറിലൊരു പുതുമുഖം ആലക്കോട്ട്

ജെ. പി.

കോട്ടു് 1953ലും '54-ലും ഡോക്ടർ പി. ജെ. തോമസിന്റെ വക സ്ഥലം വാങ്ങി മറ്റക്കര, മുഴൂർ, ആനിക്കാട്ടു്, കുടയത്തൂർ, കൊഴുവനാൽ മുതലായ ഇടവകകളിൽനിന്നു് ധാരാളം കുടിയേറ്റങ്ങൾ നടന്നു. പുതിയതായി രൂപം കൊണ്ട തലശ്ശേരി രൂപതയുടെ അഡ്മിനിസ്ട്രേറ്ററായിരുന്ന വളരെപ്പിള്ളി തിരുമേനി 1954ൽ വായാട്ടുപറമ്പിൽ വന്ന സജ്ജനങ്ങളെ സന്ദർശിച്ചു. വർദ്ധിച്ചുവരുന്ന അജഗണങ്ങളുടെ ആത്മീയാവശ്യങ്ങൾ നിർവഹിക്കുവാൻ നസ്രത്തു് ബ. ജയിംസച്ചനെ തന്നെ അദ്ദേഹം ഭരമേല്പിച്ചു. ജയിംസച്ചൻ അതു സസന്തോഷം സ്വാഗതംചെയ്തു.

ഡോക്ടർ തോമസിനോടു് ചാള്ളു വാങ്ങിയ 40 വീട്ടുകാർ വായാട്ടുപറമ്പു പള്ളിയിലാണു് വന്നുകൊണ്ടിരുന്നതു്. ആലക്കോട്ടു് സ്വന്തമായി ഒരുപള്ളിയുണ്ടാക്കണമെന്നു് അവർ യോഗംചേർന്നു തീരുമാനിച്ചു. തേവറോലിക്കൽ ഔസപ്പാസ്സ്യൻ സംഭാവനചെയ്ത 7 ഏക്കർ



ഇപ്പോഴത്തെപള്ളി



തിരുഹൃദയമഠം

മായ മൂദ്ധ്മാതാവിന്റെ ഗ്രോട്ടോ ഭക്തജനങ്ങളുടെ അഭയകേന്ദ്രമായി നിലകൊള്ളുന്നു. ആത്മീകമണ്ഡലങ്ങളിലും ആലക്കോടിന്റെ ഇന്നത്തെ പുരോഗതി അസൂയാവഹമാണ്. ആലക്കോട് ഇടവകയിൽ 500 കുടുംബങ്ങളിലായ് മുവ്വായിരത്തിൽ താഴെ കത്തോലിക്കരുണ്ട്. ബ്രഹ്മാണ്ഡമായ പുതിയ ദേവാലയം പൂർത്തിയാകുന്നതിന് ഒന്നര ലക്ഷത്തോളം രൂപാ ചില വഴിക്കേണ്ടിവരും.

തിരുഹൃദയമഠം

കുന്നേൽ ബ. ജോസഫച്ചന്റെ കാലത്ത് പേരാവൂർ തിരുഹൃദയമഠം കാരുടെ വക ഒരു സ്റ്റേഷൻ ആലക്കോട്ട സ്ഥാപിച്ചു. വളരെ ദാരിദ്ര്യമായ ചുറുപാടുകളിലാണ് മഠം ആരംഭിച്ചതെങ്കിലും ഇന്നവളരെ ഉറച്ച സ്ഥിതിയിലെത്തിയിട്ടുണ്ട്. കന്യകാമന്ദിരത്തിനുവേണ്ടി 5 ഏക്കർ സ്ഥലം തേവരോലിക്കൽ സെബാസ്റ്റ്യൻ സംഭാവന ചെയ്തു. പ്ലാത്തോട്ടത്തിൽ ബ. ജോസഫച്ചന്റെ നിസ്തന്ദ്രമായ പരിശ്രമത്തിൽ പണിതീർത്തിരിക്കുന്ന ബൃഹത്തായ പുതിയ കെട്ടിടത്തിന്റെ ഉൽഘാടനം 1961 ഫെബ്രുവരിമാസത്തിൽ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമേനി നിർവഹിച്ചു. ഇടവകയിലെ 300-ൽ പരം പിഞ്ചുകുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസവും 1000-ൽ പരം കുട്ടികളുടെ മതാദ്ധ്യായനവും ബ. കന്യാസ്ത്രീകൾ നിർവഹിച്ചുവരുന്നു.

തിരുഹൃദയമഠം

ത്തെ പുരോഗതികൾക്കു് അസ്ഥിവാരമിട്ടതു് ബ. ജോസഫച്ചനാണു്. കുടിയേറ്റങ്ങൾ വർദ്ധിച്ചതുകൊണ്ടു് ആലക്കോടിന്റെ സമീപപ്രദേശങ്ങളായ വെള്ളാട്ടു്, പാത്തൻപാറ, പാട്ടപ്പാറ, തിമിരി, പെരുമ്പടവു് എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി ജോസഫച്ചൻ പള്ളികൾ സ്ഥാപിച്ചു. മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും അദ്ദേഹം ഓരോ പള്ളിയും സന്ദർശിച്ചു വി. കുർബാന അർപ്പിച്ചുവന്നു.

പ്ലാത്തോട്ടത്തിൽ ബ. ജോസഫച്ചൻ

1959-ൽ പ്ലാത്തോട്ടത്തിൽ ബ. ജോസഫച്ചൻ ആലക്കോട്ട വികാരിയായി. ഇന്നും അദ്ദേഹത്തിന്റെ ഭരണം തുടർന്നുവരികയാണു്. കമ്മ്യൂണിസ്റ്റു ഗവണ്മെന്റിനെതിരായി നടന്ന ചരിത്രപ്രസിദ്ധമായ വിമോചനസമരത്തിൽ യുവജനങ്ങളുടെ സമരവീര്യത്തെ ഉത്തേജിപ്പിച്ചു അവരെ സമരരംഗത്തിറക്കി ആലക്കോടിന്റെ അഭിമാനം കാത്തുപുരക്ഷിച്ചതിൽ ബ. അച്ചൻ നിസ്തുലമായ ഒരു പങ്കു വഹിച്ചു. ഇന്നുള്ള പള്ളി ഷെഡ്ഡിന്റെ അപര്യാപ്തത മനസ്സിലാക്കി ഒരു പുതിയപള്ളി പണിയുന്നതിൽ അദ്ദേഹം ശ്രമമാരംഭിച്ചു. 1960 സെപ്റ്റംബർ 8-ാംനു തലശ്ശേരി ശ്രേഷ്ഠാദ്ധ്യക്ഷൻ തിരുമേനി പുതിയ പള്ളിയുടെ ശിലാസ്ഥാപനം നിർവഹിച്ചു. ജനങ്ങളുടെ സാമ്പത്തികമായ ഉയർച്ചയും സഹകരണമനോഭാവവും ബ. ജോസഫച്ചന്റെ നിഷ്പക്ഷ നയനിപുണതയും പള്ളിനിർമ്മാണം ശീഘ്രതരമാക്കുന്നുണ്ട്. കുറഞ്ഞതായി 6 ഏക്രസ്ഥലത്തോളം പള്ളിക്കവേണ്ടി വാങ്ങി. പണി പൂർത്തിയായ മനോഹര

വൈദികമന്ദിരം

കുന്നേൽ ബ. ജോസഫച്ചന്റെ കാലത്തു നിർമ്മിച്ച വൈദികമന്ദിരം ഇടവകയുടെ പുരോഗതിക്കുന്ന



വൈദികമന്ദിരം

ഷൻലീഗ്, സൊഡാലിറ്റി തുടങ്ങിയ ഭക്തസംഘടനകൾ സ്തുത്യർഹമായ സേവനങ്ങൾ അനുഷ്ഠിച്ചുവരുന്നുണ്ട്. ബ. വികാരിമാരുടെ പ്രോത്സാഹനങ്ങൾ അവയുടെ വളർച്ചയ്ക്കു പ്രചോദനമരുളുന്നു.

പുതിയ ഇടവകകൾ

തടിക്കടവ്, നടുവിൽ എന്നീ അംശങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ആലക്കോട്ട ഇടവകയിൽനിന്നു പിരിഞ്ഞുപോയ വെള്ളാട്ട്, തിമിരി, പാട്ടപ്പാറ, പറത്തൻപാറ എന്നീ ഇടവകകൾക്കു പുറമെ അവയുടെ സബ് സ്റ്റേഷനുകളായി തടിക്കടവ്, പെരുമ്പടവ്, മണക്കടവ്, വിമലഗിരി, എടക്കോം എന്നീ കേന്ദ്രങ്ങൾ ആസ്ഥാനമാക്കി പുതിയ പള്ളികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പായാട്ടപറമ്പ് ലൂർദ്മാതാപള്ളി, പുറിയാനി കത്തോലിക്കർ കോഴിക്കോട്ട രൂപതയിൽനിന്നും വാങ്ങിയിട്ടുണ്ട്. വെള്ളാട്ട്, തിമിരി, പാട്ടപ്പാറ എന്നീ പള്ളികളിൽ ഇപ്പോൾ വികാരിമാരായി ബ. വൈദികരുണ്ട്.

വെള്ളാട്ടുള്ള സെൻറ് ജോസഫ്സ് മിഷൻ ഹോസ്പിറ്റൽ ചുരുങ്ങിയ കാലയളവിൽ പ്രശസ്തിയിലെത്തിയിട്ടുണ്ട്. ചികിത്സാലയങ്ങൾക്ക് അഭാവമുള്ള ഈ നാടിൻറെ ആശാകേന്ദ്രമായി ഈ ഹോസ്പിറ്റൽ പരിണമിച്ചിരിക്കുന്നു. റിട്ട. ഡി. എം. ഓ. ഡോ. പി. എ. മാത്യുവിൻറെ സൗജന്യപൂർണ്ണമായ സേവനങ്ങൾ ഇന്നാട്ടുകാർ കൃതജ്ഞതയോടെ സ്മരിക്കുന്നു. ആശുപത്രിയുടെ ഡയറക്ടറും വെള്ളാട്ടുവികാരിയുമായ ബ. മുറിഞ്ഞകല്ലിൽ ബ. മത്തായിഅച്ചൻ ആ



ഗ്രോട്ടോ

സ്തുതമായി കൂട്ടുതൽ വൈദികർക്ക് താമസസൗകര്യമുള്ള മനോഹരമായ ഒരു കെട്ടിടമാണ്. ചെറുനിലത്ത് ബ. മത്തായിഅച്ചൻ ഈ കെട്ടിടനിർമ്മാണത്തിനു 1000കയും പള്ളിക്കുവേണ്ടി തിരുവസ്ത്രങ്ങളും തിരുപ്പാത്രങ്ങളും സംഭാവനചെയ്തുകയുംചെയ്തു.

സാമൂഹ്യവിനോദകേന്ദ്രം

ഗ്രാമസേവാസംഘം മുഖേന ചെയ്ത വികസനപ്രവർത്തനങ്ങളിൽ ഗവണ്മെൻറിൽനിന്നു പ്രഥമസമ്മാനത്തിനർഹമായി ലഭിച്ച 1000ക.യും ആലക്കോട്ടെ യുവജനങ്ങളുടെ സംഘടനയുടെ ശ്രമദാനവും ബ. കുന്നേലച്ചൻറെ നിരന്തര പരിശ്രമവും മൂലം നിർമ്മിച്ച സാമൂഹ്യവിനോദകേന്ദ്രവും, വായനശാലയും ഇന്നാടിൻറെ സാംസ്കാരിക മണിദീപങ്ങളാണ്.

കലാസമിതി

ആലക്കോട്ടുള്ള കലാപാടവമുള്ള ചെറുപ്പക്കാരടങ്ങിയ 'വിജയ ആർട്ട്സ് ക്ലബ്' എന്ന നാടകസമിതി കലാരംഗത്തു ഒരു മുതൽക്കൂട്ടാണ്. ആണ്ടിതോറും ഈസമിതി നാലും അഞ്ചും നാടകങ്ങൾ പഠിച്ചു സ്ഥലത്തും ഇതരകേന്ദ്രങ്ങളിലും അവതരിപ്പിച്ചു ബഹുജനശ്രദ്ധയും പ്രശംസയും നേടിവരുന്നു.

ഭക്തസംഘടനകൾ

ഒരിടവകയുടെ പുരോഗതിയുടെ മാനദണ്ഡം അച്ചടക്കവും ആത്മീകചൈതന്യവുമുള്ള ബാലികാബാലന്മാരും യുവജനങ്ങളുമാണല്ലോ. വളരെ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്ന മി



സാമൂഹ്യവിനോദകേന്ദ്രം

ക്ഷേപത്രിയുടെ വികസനത്തിൽ അക്ഷീണയത്നം തുടർന്നു വരികയാണ്. വായാട്ടുപറമ്പിൽ ഉടമ്പൻചിറയിലുള്ള സെൻറ് ജോസഫ്സ് യു. പി. സ്കൂൾ ആണ്ടുതോറും വർദ്ധിച്ചുവരുന്ന വിദ്യാർത്ഥികളുടെ ആവശ്യത്തെ നേരിടാൻ പര്യാപ്തമല്ല.

തിമിരി (മേരിഗിരി) പള്ളി വികാരിയായ കവളക്കാട്ട ബ. ഏബ്രാഹം അച്ചനും പാട്ടപ്പാറ വികാരിയായ കട്ടയ്ക്കൽ ബ. സക്കറിയാസച്ചനും തങ്ങളുടെ ഇടവകകളുടെ അഭിവൃദ്ധിയിൽ ശ്രദ്ധാലുക്കളായി നിരന്തര പരിശ്രമങ്ങൾ നടത്തിവരികയാണ്. വർദ്ധിച്ചുവരുന്ന ജനസംഖ്യയുടെ ആനുപാതികമായി വിദ്യാലയങ്ങൾ ഇനിയും കൂടുതൽ ഉണ്ടാകേണ്ടിയിരിക്കുന്നു. തിരുക്കു, പുൽതൈലം, നേന്ത്രക്കായ് തുടങ്ങിയവ ഇവിടത്തെ പ്രധാന വാണിജ്യവിളകളാണ്. റബർ ഉല്പാദനം ആരംഭിച്ചുകഴിഞ്ഞു. കമുകുകൃഷിയും നെൽകൃഷിയും വിരളമല്ല. വാണിജ്യ വ്യവസായങ്ങളിലും ഈ നാടിനു ശോഭനമായ നിലയാണുള്ളതു്. ഫ്ളവർമിൽ, സോമിൽ, ചൂരൽ വ്യവസായശാല തുടങ്ങിയ സ്ഥാപനങ്ങൾ നാടിൻറെ പുരോഗതിക്കു മാറ്റുകൂട്ടുന്നു.

തളിപ്പറമ്പുകുടി കുടകിലേയ്ക്കു പോകുന്ന റോഡ് ആലക്കോട്ടുവഴി കടന്നുപോകുന്നു. ആലക്കോട്ടുനിന്നു എല്ലാ കുടിയേറ്റകേന്ദ്രങ്ങളിലേയ്ക്കും ചിലന്തിവലപോലെ റോഡുകൾ കാണാം. വർഷകാലത്തുള്ള ഗതാഗതത്തിനു തടസ്സമായിരുന്ന കരുവഞ്ചാൽ, ആലക്കോട് എന്നീ പുഴകൾക്കു പാലങ്ങൾ പുത്തിയായിവരുന്നുണ്ട്. ആലക്കോട്ടുനിന്നു നാലു മൈൽ സമീപം വരെ ബസ്സ് സർവീസ് ആരംഭിച്ചുകഴിഞ്ഞു. പാലങ്ങളുടെ പണി പൂർത്തിയാകുന്നതോടുകൂടി 6 മാസത്തിനകം ആലക്കോട്ടുവരെ ബസ്സ് സർവീസുണ്ടാകും. തളിപ്പറമ്പിൽനിന്നു ആലക്കോട്ടേയ്ക്കു അനേകം വാനുകൾ ഇപ്പോൾ സർവീസ് നടത്തുന്നുണ്ട്. അനേകം കച്ചവടസ്ഥാപനങ്ങളും പൊതുസ്ഥാപനങ്ങളുംകൊണ്ട് പരിപുഷ്ടമായ ആലക്കോട് ഒരു പട്ടണത്തിൻറെ പ്രതീതി നമ്മിൽ ഉളവാക്കാതിരിക്കയില്ല. ടെലഫോൺ സൗകര്യമുള്ള ഇവിടത്തെ ബ്രാഞ്ച് പോസ്റ്റാഫീസ് അടു



വിജയാ ആർട്ട്സ് ക്ലബ്ബ്

മിരിയിലും, പാത്തൻപാറയിലും പാട്ടപ്പാറയുള്ള അനേകശതം കുട്ടികൾക്കു ഗവണ്മെൻറു യാതൊരു വിദ്യാഭ്യാസസൗകര്യവും ചെയ്തിട്ടില്ലെങ്കിലും പള്ളിച്ചിലവിൽ പഠിപ്പിക്കുന്നതിനുവേണ്ട സൗകര്യം ബ. വികാരിമാർ ചെയ്തിട്ടുണ്ട്.

പുരോഗതിയുടെ നട്ടപ്പാതയിൽ

ഇവിടത്തെ ഫലപുഷ്ടിയുള്ള മണ്ണു വളരെയധികം കർഷകരെ ഇങ്ങോട്ടാകർഷിച്ചിട്ടുണ്ട്. പ്രധാനതൊഴിൽ കൃഷിതന്നെ. കച്ചവടക്കാരും കുറവല്ല. കുരുമുളകു വള്ളിയും റബറും ഇവിടെ തഴച്ചുവളരുന്നു, വലിയ റബ്ബർതോട്ടങ്ങൾ ഇവിടെയുണ്ട്. കുരുമുളകു്,

ഇതുതന്നെ സബ് ആഫീസാക്കി ഉയർത്തുമ്പോൾ ടെലഗ്രാം സൗകര്യവും ഏർപ്പെടുത്തുമെന്നറിയുന്നു. വിദ്യുച്ഛക്തിവിതരണത്തിനുള്ള പണികൾ പൂർത്തിയായി വരികയാണു്. ഇവിടത്തെ പോലീസ് ഔട്ട് പോസ്റ്റ് അടുത്തുതന്നെ ചാർജ്ജിംഗ് സ്റ്റേഷനാക്കി ഉയർത്തുന്നതാണു്. സ്വകാര്യവ്യക്തികളുടെ അനേകം ചികിത്സാലയങ്ങൾക്കു പുറമെ ഒരു ഗവണ്മെൻറായുർവേദ ആശുപത്രിയും ഇവിടെയുണ്ടു്. പൂഞ്ഞാർ രാമവർമ്മ രാജയുടെ മാനേജ്മെൻറിലുള്ള ആലക്കോട്ടു് സെക്കണ്ടറിസ്കൂളിൽ 34 ഡിവിഷനിലായി 1500-ൽ പരം വിദ്യാർത്ഥികൾ പഠിച്ചുവരുന്നു. കണ്ണൂർജില്ലയിൽ യാതൊരു കേന്ദ്രത്തിലുമില്ലാത്ത വാട്ടർ സപ്ലൈ സജ്ജീകരണങ്ങളും ആലക്കോട്ടു ടൗണിലുണ്ടു്. ആലക്കോട്ടുനിന്നും ഏറെ വിദൂരമല്ലാത്ത വൈതൽമലയിലെ കുരിശുസ്ഥാപനം മൂലം 1952 മുതൽ അതു് ഒരു തീർത്ഥാടനകേന്ദ്രമായി വളർന്നുവരികയാണു്. വൈതൽ ഒരു ടൂറിസ്റ്റുകേന്ദ്രമാക്കുന്നതിനുള്ള ശ്രമങ്ങളും പുരോഗമിക്കുന്നുണ്ടു്. വില്ലേജ് ആഫീസു്, പഞ്ചായത്താഫീസു്, ഐക്യനാണയസംഘം, മഹിളാസമാജം, ബാലവാടി പബ്ളിക്ക് മാർക്കറ്റ്, ലൈബ്രറി തുടങ്ങിയ സ്ഥാപനങ്ങൾ ആലക്കോടിൻെറ അനുദിനമുള്ള വളർച്ചയുടെ നാഴികക്കല്ലുകളാണു്.



ടൌണിൻെറ ഒരുഭാഗം

ഒറ്റനോട്ടത്തിൽ

പത്തുപന്ത്രണ്ടു വർഷങ്ങൾക്കുള്ളിൽ ആലക്കോട്ടുകാർ നേടിയ പുരോഗതിയുടെ ഒരു സംക്ഷിപ്തചരിത്രമാണു് മുകളിലുദ്ധരിച്ചതു്. മലമ്പനിയും ഹിംസ്രജന്തുക്കളും നഗ്നതാണ്ഡവം നടത്തിയിരുന്ന മലങ്കാട്ടുകളുടെ മുഖച്ഛായതന്നെ മാറിമറഞ്ഞിരിക്കയാണു്.

തിരുവിതാംകൂറിൽനിന്നും ധാരാളം ഹൈന്ദവരും ഇവിടെ കുടിയേറിപ്പാർത്തിട്ടുണ്ടു്. അവരും ക്രിസ്ത്യാനികളൊപ്പം ഈ നാടിൻെറ പുരോഗതിയിൽ ഉത്സുകരാണു്. അനുകരണീയമായ സമുദായസൗഹാർദ്ദം ഇവിടെ നിലനിന്നുവരുന്നു. ആലക്കോട്ടും പരിസരങ്ങളിലുമായി പതിനെട്ടായിരത്തിലധികം കത്തോലിക്കരുണ്ടു്. ഇതര കുടിയേറ്റകേന്ദ്രങ്ങളിൽ കൈവരാത്ത ജീവിതസൗകര്യങ്ങളും, പൊതുസ്ഥാപനങ്ങളും, വികസനപരിപാടികളും ഇന്നാടിൻെറ ഒരു പ്രത്യേകതയാണു്. ഇവിടത്തെ ഒരു വലിയ ഭൂഉടമയായ പൂഞ്ഞാർ കോയിക്കൽ ശ്രീ. രാമവർമ്മ രാജായുടെ ഗണ്യമായ പരിശ്രമങ്ങൾ ഈ നാടിൻെറ പുരോഗതിക്കു് മഹത്തായ ഒരു പങ്കു വഹിച്ചിട്ടുണ്ടു്. ജീർണ്ണോദ്ധാരണം കഴിഞ്ഞ അരങ്ങം ശിവക്ഷേത്രം വടക്കേമലബാറിൽ ഒരു പ്രധാന ആരാധനകേന്ദ്രമായി തീർന്നിട്ടുണ്ടു്. വികസനാനുകൂലമായ സാഹചര്യങ്ങളുടെ സമ്പർക്കഫലമായി അനതിവിദൂരഭാവിയിൽ ആലക്കോട്ടു് മലബാറിലെ കുടിയേറ്റകേന്ദ്രങ്ങളുടെ കൊടാവിളക്കായി പരിലസിക്കുമെന്നുള്ളതിൽ രണ്ടുപക്ഷമില്ല.

അടുത്തതിൽ:

സുപ്രസിദ്ധമായ

കോടഞ്ചേരി

ജാഗരൂകരായിരിക്കുക

ഇന്ത്യയുടെ തയ്യാറെടുപ്പിൽ

പങ്കെടുക്കുക

തൃപത്രാവാർത്തകൾ

— ചുരുക്കത്തിൽ —



പത്രോസിന്റെ കാശുപിരിവ് 1962

(തുടർച്ച)

No.		Rs.	nP.	No.		Rs.	nP.	No.		Rs.	nP.
33	മാനന്തവാടി	53	70	55.	പുലിക്കരുമ്പ	33	82	79.	കടമുണ്ടി	4	90
34.	മണിക്കടവ്	5	00	56.	പുളിങ്ങോം	20	89	77.	ചരൽ	1	59
35.	മണിമൂളി	35	00	57.	പുല്ലരാമ്പാറ	47	50	78.	തോട്ടുമുക്ക്	26	51
36.	മരക്കാവ്	27	00	58.	പുൽപ്പള്ളി	80	00	79.	തുവ്വൂർ	25	07
37.	മരിയാപുരം	9	54	59.	പുറവയൽ	55	00	80.	ഗണ്ടിബാഗ്	12	90
38.	മേരിഗിരി	60	00	60.	ഷീരാടി	17	00	81.	നെല്ലിക്കറി	21	37
39.	മരുതോങ്കര	26	00	61.	സുൽത്താൻസ് ബത്തേരി	35	00	82.	ചൂണ്ടപ്പറമ്പ്	14	13
40.	നടവയൽ	34	90					83.	നെടുംപുറച്ചാൽ	47	41
41.	നരസിംഹരാജപുരം	13	30	62.	തവിഞ്ഞാൽ	16	59	84.	മാടത്തിൽ	12	50
42.	നസ്രത്തുകുന്ന്	56	09	63.	തെനേരി	30	00	85.	കുട്ടപ്പാടി	4	00
43.	നെല്ലിക്കാമ്പൊയിൽ	64	45	64.	തിരുവമ്പാടി	125	00	86.	വിളക്കന്നൂർ	10	00
44.	നെന്മേനി	20	00	65.	തോമ്മാപുരം	32	00	87.	പെരുമ്പടവ്	10	00
45.	പടത്തുകടവ്	33	53	66.	തോട്ടന്താടി	10	00	88.	പെരുമണ്ണമൂഴി	38	42
46.	പൈസക്കരി	15	12	67.	ഉദയഗിരി	12	00	89.	കാറുള്ളമല	7	00
47.	പാലാവയൽ	25	39	68.	വാഴവറ	14	50	90.	കട്ടമേനി	13	18
48.	പയ്യമ്പള്ളി	39	00	69.	വെള്ളാട്	47	00	91.	ചാത്തൻകോട്ടനട	5	00
49.	,, മിഷൻലീഗ്	5	00	70.	വേനപ്പാറ	25	00	92.	പുഴിത്തോട്	5	00
50.	പേരാവൂർ	155	07	71.	വിലങ്ങാട്	47	50	93.	തിരുമേനി	2	00
51.	,, മിഷൻലീഗ്	50	60	72.	കച്ചേരിക്കടവ്	15	67	94.	മാവൂർ	9	30
52.	പെരുമ്പന്ന	11	35	73.	നെടുവാളൂർ	9	30	95.	ഊരകം	4	52
53.	പോരൂർ	19	37	74.	ചൂണ്ടക്കര	4	30	96.	തിരൂർ	2	63
54.	പൊറ്റശ്ശേരി	57	14	75.	അമലാപുരി	20	27	97.	വെള്ളാട്, വായാട്ടുപറമ്പ്	47	00

തയ്യാറായിരിക്കുന്ന

പുതിയ കുർബാനക്രമം (പരിഷ്കരിച്ച രണ്ടാംപതിപ്പ്)

നല്ല വെള്ളക്കടലാസ്—കൂടുതൽ പേജുകൾ—മനോഹരമായ പുറംചട്ട!

ആകർഷകമായ കമ്മീഷൻ വില 18 nP.,

പുതിയ തക്സാ പലതരത്തിൽ മനോഹരമായി ബയൻറുചെയ്തതയാറാക്കിയിട്ടുണ്ട്.

ഉടനെ സമീപിക്കുക!

മെത്രാസനമന്ദിരം
തലശ്ശേരി.

അല്ലെങ്കിൽ

സെൻറ് ജോസഫ്സ് പ്രസ്സ്
മാനന്തവാടി P. O.
വയനാട്.

Statement about ownership and other particulars about newspaper **GIRIDEEPAM** to be published in the first issue every year after last day of February.

FORM IV

(See Rule 8)

1.	Plac of Publication	St Joseph's Press Manantoddy-Kerala
2.	periodicity of its Publication	Monthly
3.	Printer's Name	Fr. J. Narikuzhy
	Notionality	Indian
	Address	Manantoddy P. O. Kerala
4.	Publisher's Name	Fr. J. Narikuzhy
	Nationality	Indian
	Address	Manantoddy P. O. Kerala
5.	Editor's Name	Fr. G. Kazhikachalil
	Nationality	Indian
	Address	Manantodd P. O. Kerala
6.	Names and address of individulas who own the newspaper and partners or shareholders holding more than one per cent of the total capital	No partners no shareholders. This publication belongs to His Excellency the Bishop of Tellicherry Disocese

I, Fr. J. Narikuzhy, hereby declare that the particulars given above are true to the best of my knowledge and belief.

Date 1-3-1963 Signature of Publisher (Sd)

Phone: 245

എൻ. സദാനന്ദ പൈ & കമ്പനി

★ HARDWARE & PAINT MERCHANTS ★

തലശ്ശേരി

ഞങ്ങളുടെവശം എട്ടപ്പ്നിഷ്മാണങ്ങൾക്കാവശ്യമുള്ള എല്ലാത്തരം ഇരുമ്പ്, ഉരുക്ക് സാമാനങ്ങളും വളരെ ആദായത്തിൽ വില്പാനുണ്ട്.

-വിജാവരി, സ്ക്രൂ, നട്ട്, ബോൾട്ട്, എല്ലാത്തരം പെയിൻറ്, വാർണിഷ് ആസ്ബെസ്റ്റോസ് പലക, പൈപ്പ്, G. I. പൈപ്പ് മുതലായവയും-പാത്രങ്ങൾ നിഷ്മിക്കുവാനുള്ള ചെമ്പുപലകയും എപ്പോഴും സ്റ്റോക്കുണ്ട്.

ഞങ്ങൾ ഗവണ്മെൻറിനാൽ ഇരുമ്പിനും ഉരുക്കിനും റജിസ്റ്റർ ചെയ്യപ്പെട്ട സ്റ്റോക്കിസ്റ്റുംമാരുംകൂടിയാകുന്നു.

THE SOUTH INDIAN BANK LTD.,

ESTD: 1929 H. O. TRICHUR

A Scheduled Bank

RATES OF INTEREST ON DEPOSITS

SAVINGS BANK A/c.

Interest @ 3½% P. A.
Withdrawals allowed by Cheques; weekly limit up to Rs. 1000/-

CURRENT A/C: 1% P. A.

FIXED DEPOSITS

for period of 3 months to 5 years
Interest rates ranging from 4% to 5% P. A.
Special rates upto 5½% P. A. allowed for bigger amounts.

SHORT NOTICE DEPOSITS ACCEPTED ON ATTRACTIVE TERMS

BRANCHES

Alleppey	Gobi	Madurai	Ponani
Alwaye	Irinjalakuda	Manjeri	Pulincunnoo
Ayyanthole	Kollengode	Mannarghat	Salem
Bangalore	Kottayam	Nilambur	Tellicherry
Bhavani	Kozhikode	Ottapalam	Tirupur
Cochin	Kunnamkulam	Palghat	Trichur
Coimbatore	Madras G. T.	N. Parur	&
Ernakulam	Madras Mt. Rd.	Pollachi	Wadakkancherry.

All Types of Banking Business Transacted

T. A. MANEY
Dy. GENERAL MANAGER

M. V. JOHN
GENERAL MANAGER

Printed and published by Fr. Narikuzhy at The St. Joseph's Press Mananloddy. P. o. Wynad: Kerala State for the Diocese of Tellicherry, Cum Permissu. Editor: Very Rev. Fr. G. Kazhikachalil